| നിരീക്ഷ്യ | - | കണ്ടിട്ട് |
| ത്വയ | - | നിന്നാൽ (ദുര്യോധനാൽ) |
| ക്രോധാൽ | - | കോപം കൊണ്ട് |

ഭീമസേനേ - ഭീമസേനനിൽ
കിം - എന്ത്
വിഹിതം - ചെയ്തത്
യൽ - യാതൊന്ന്
അസമയേ - അനവസരത്തിൽ (അസമയത്ത്)
അഭിമാനഃ - അഭിമാനം
യംസ്തഃ - അസ്തമിച്ചു (അവസാനിച്ചുവോ?)

ഞാൻ ബലാല്ക്കാരമായി വധിച്ച ഭർത്താക്കന്മാരുള്ള കൗരവാന്തഃപുരസ്ത്രീകളുടെ അഴിഞ്ഞ മുടിക്കെട്ടുകൾക്കൊണ്ട് പാഞ്ചാലിയുടെ കോപാഗ്നി കുറച്ച് അവസാനിച്ചിരിയ്ക്കുന്നു...

അല്ലേ ദുര്യോധനാ-സഹോദരനായ ദുഃശാസനന്റെ മാറിടത്തിൽ നിന്നൊഴുകുന്ന ചോരകുടിയ്ക്കുന്ന എന്നെ കണ്ടിട്ട് ക്രോധത്തോടുകൂടി എന്നോട് (ഭീമസേനനോട്) നേരിട്ടു വരാത്തതെന്താണ്. (നേരിടാത്തതെന്താണ്?) അനവസരത്തിൽ നിന്റെ അഭിമാനം അവസാനിച്ചുവോ?

ദ്രൗപദി : ണാഹ അവണീദൊ മേ മണ്ണൂ ജയിപുണോവി സുലഹം ദംസണം ഭവിസ്സദി.
(നാഥ അപനിതൊ മേ മന്യുഃയദി പുനരപി സുലഭം ദർശനം ഭവിഷ്യതി)
അല്ലേ നാഥൻ അങ്ങയെ ഒരിയ്ക്കൽ കൂടികണ്ടു എങ്കിൽ എന്റെ കോപമെല്ലാം ഇല്ലാതാകും.

യുധിഷ്ഠിര : കൃഷ്ണേ നാമംഗളാനി വ്യാഹർത്തുമർഹസ്യസ്മിൻ കാലേ! ഭദ്ര തതസ്തതഃ
അല്ലേ കൃഷ്ണേ, ഈ സമയത്തിങ്കൽ അമംഗളമായി ഒന്നും പറയരുത്. അല്ലെ ഭദ്രൻ പിന്നെ... പിന്നെ

പാഞ്ചാലക : നതശ്ചൈവം ഭാഷമാണേന വൃകോദരേണാ വതീര്യ വീര്യക്രോധോദ്ധതഭ്രമിത ഭീഷണഗദാപാണിനാ സഹസൈവോല്ലംഘിതതീരമുത്സന്നനളിനമാവിദ്ധ മൂർഛിതഗ്രാഹമുൽഭ്രാന്തസമസ്തശകുന്തമതിഭൈരവഭ്രമിതവാരിചയമായ തമപി തൽസ്സരസമന്താദാലോഡിതം./ ഇപ്രകാരം പറഞ്ഞു കൊണ്ട് വലിയ ഗദയും കയ്യിലെടുത്ത് ഭീമസേനൻ ക്രോധത്തോടുകൂടി വേഗത്തിൽ ചാടിയിറങ്ങി തീരത്തെയും തകർത്ത് നളിനീവനത്തെയും നശിപ്പിച്ച് മൂർഛിച്ചു കിടക്കുന്നനക്രങ്ങളെയും വലിച്ചെറിഞ്ഞ് മത്സ്യങ്ങളെയും പക്ഷികളെയും സംഭ്രമിപ്പിച്ച് വാരിപൂരത്തെ ഇളക്കി അതിഘോര ശബ്ദത്തോടുകൂടി ആ വലിയ തടാകത്തെ കുലുക്കി.

യുധിഷ്ഠിര : ഭദ്ര തഥാപി കിം നോത്ഥിതഃ/ അല്ലെ ഭദ്രൻ ഇപ്രകാരം ചെയ്തിട്ടും അവൻ എഴുനേറ്റ് വന്നില്ലേ!

പാഞ്ചാലക : ദേവ - അല്ലേ. ദേവൻ

ശ്ലോകം 9 : ത്വക്ത്വോത്ഥിതഃ സരഭസം സരസഃ സ മൂല
മുൽഭൂതകോപദഹനോഗ്രവിഷസ്ഫുലിംഗഃ
ആയസ്തഭീമഭുജമന്ദരവേല്ലനാഭിഃ

ക്ഷിരാംബുധേഃ സുമഥിതാദിവ കാളകൂടഃ

| | | | |
|---|---|---|---|
| അന്വയം | : | സരസഃ | - തടാകത്തിന്റെ |
| | | മൂലം | - അടിഭാഗം |
| | | സരഭസം | - പെട്ടെന്ന് |
| | | ത്യക്ത്വാ | - ഉപേക്ഷിച്ചിട്ട് |
| | | ഉൽഭൂത കോപദഹനോ- | |
| | | ഗ്രവിഷസ്ഫുലിംഗഃ | - കോപാഗ്നികൊണ്ട് പുറപ്പെട്ടിരിയ്ക്കുന്ന ഉഗ്ര |
| | | വിഷകണസഹിതൻ | |
| | | സഃ | - അവൻ (ദുര്യോധനൻ) |
| | | ആയസ്തഭീമഭുജമന്ദര | - ഭീമസേനന്റെ നീളമുള്ളകൈകളാകുന്ന മന്ദര പർവതം (കടകോൽ) |
| | | വേല്ലനാഭി | - ചലിപ്പിക്കുക |
| | | സുമഥിതാൻ | - മഥനം ചെയ്യപ്പെട്ടതിനാൽ |
| | | ക്ഷീരാം ബുധേ | - പാലാഴിയിൽ നിന്ന് |
| | | കാളകൂടഃ | - കാളകൂട വിഷം |
| | | ഇവ | - പോലെ |
| | | ഉത്ഥിതഃ | - ഉന്ഥാനം ചെയ്തു (ഉയർന്നു വന്നു) |

തടാകത്തിന്റെ അടിത്തട്ടിനെ പെട്ടെന്ന് ഉപേക്ഷിച്ചവനും ആളിക്കത്തുന്ന കോപാഗ്നിയിൽ നിന്നുള്ള ഉഗ്രവിഷകണങ്ങളോടു കൂടിയവനുമായ അവൻ ഭീമന്റെ നീണ്ടകൈകളാകുന്ന മന്ദര പർവതത്തിന്റെ കടയലുകൾക്കൊണ്ട് ഏറ്റവും ശക്തിയോടു കൂടി മഥിയ്ക്കപ്പെട്ട പാലാഴിയിൽ നിന്ന് കാളകൂട വിഷം എന്ന പോലെ ഉയർന്ന് വന്നു.

യുധിഷ്ഠിര : സാധു - സുക്ഷത്രിയ സാധു/ നല്ലത്, സുക്ഷത്രിയ, നല്ലത്/

ദ്രൗപദി: പഡിവണ്ണൊ സമരൊ ണ വാ (പ്രതിപന്നഃ സമരോ ന വാ) സമരം പ്രാപ്ത മായോ? (സമരം ആരംഭിച്ചുവോ?)

പാഞ്ചാലക : ഉത്ഥായ ച തസ്മാസ്സലിലാശയാത്കരയുഗളൊത്തംഭിതതോരണീകൃതഭീമഗദഃ കഥയതി സ്മ. അരേ, രേ, മാരുതേ കിംഭവതഃ ഭയേന പ്രലീനം ദുര്യോധനം മന്യതേ ഭവാൻ/ മൂഢ, - അനിഹതപാണ്ഡുപുത്രഃ പ്രകാശം ലജ്ജമാനോ വിശ്രമിതുമധ്യവസിതാവാനസ്മി പാതാളം. ഏവം ചോകേത വാസുദേവ കിരീ ടിഭ്യാം ദ്വാവപ്യന്തഃസലിലം നിഷിദ്ധസമരാരംഭൗസ്ഥലമുത്താരിതൗ! ആസീ നശ്ച കൗരവരാജ ക്ഷിതിതലേ ഗദാം നിക്ഷിപ്യ വിശീർണ്ണരണസഹസ്രം നിഹ തകുരുശതഗജവാജിനരസഹസ്രകളേബരസമ്മർദ്ദ സമ്പതിതഗൃധ്രകങ്കജംബൂക മുത്സന്നസുയോധനബലമസ്മദ്വീരമുക്തസിംഹനാദിസംവലിതതൂര്യഘോഷമ മിത്രബാന്ധവ മകരവം രണസ്ഥാനമവലോക്യാ/യതമുഷ്ണം ച നിഃശ്വസിത വാൻ തതശ്ചവൃകോദരേണാഭിഹിതം അയി ഭോ:കൗരവരാജ കൃതം ബന്ധു നാശദർശനമന്യുനാമൈവം വിഷാദം കൃഥാഃപര്യാപ്താഃപാണ്ഡവാഃ, സമരാ

യാഹമസഹായ ഇതി/ ദുര്യോധനൻ ആ തടാകത്തിൽ നിന്ന് കരയ്ക്ക് കയറി രണ്ടു കൈകൾകൊണ്ടും ഗദ ഉയർത്തിപ്പിടിച്ച് ഇപ്രകാരം പറഞ്ഞു. എടാ മാരുതേ. ദുര്യോധനൻ ഭയം ഹേതുവായിട്ട് ഒളിച്ചിരിയ്ക്കുകയാണ് എന്നാണോ നീ വിചാരിയ്ക്കുന്നത്.

മൂഢാ പാണ്ഡുപുത്രന്മാരെ വധിയ്ക്കായ്കകൊണ്ട് ലജ്ജിച്ച് സ്വൽപം വിശ്രമിയ്ക്കാനായിക്കൊണ്ട് പാതാളത്തിൽ പോയതാണ്. ഇപ്രകാരം പറഞ്ഞ സമയത്തിങ്കൽ വാസുദേവനും അർജ്ജുനനും വെള്ളത്തിൽ നിന്ന് യുദ്ധം ചെയ്യാനായിക്കൊണ്ട് ആരംഭിയ്ക്കുന്ന ആ രണ്ട് പേരെയും തടഞ്ഞ് കരയ്ക്ക് കയറ്റി. കൗരവരാജൻ ഗദ താഴെ വെച്ച് നിലത്തു തന്നെ ഇരുന്നിട്ട് മരിച്ചു കിടക്കുന്ന അനേകം ബന്ധുമിത്രാദികളെയും, ആന, കുതിര, തുടങ്ങിയവയുടെയും ശവശരീരങ്ങൾ ഭക്ഷിയ്ക്കവാനായിക്കൊണ്ട് വരുന്ന പക്ഷിമൃഗാദികളെക്കണ്ട് ഏറ്റവും ദുഃഖിച്ച് ദീർഘശ്വാസം വിട്ടു. ആ സമയത്തിങ്കൽ ഭീമസേനൻ ഇപ്രകാരം പറഞ്ഞു. അല്ലേ കൗരവരാജാവേ, ബന്ധുനാശത്തെ കണ്ടതുകൊണ്ട് പരിഭവിയ്ക്കേണ്ട. പാണ്ഡവന്മാർ അക്ഷതന്മാരായി ഭവിയ്ക്കുന്നു. എല്ലാസമയത്തിങ്കലും (എന്നും) യുദ്ധം ചെയ്യാനായിക്കൊണ്ട് ഞാൻ ഒരുത്തൻ മാത്രമെ ഉള്ളു എന്നും ചിന്തിച്ച് അങ്ങ് വിഷമിയ്ക്കേണ്ട.

ശ്ലോകം 10 : പഞ്ചാനാം മന്യസേ സ്മാകം യം സുയോധം സുയോധന
ദംശിതസ്യാത്തശസ്ത്രസ്യ തേന തേ സ്തു രണോത്സവഃ

| | | |
|---|---|---|
| അന്വയം : | സുയോധന | - ദുര്യോധനാ |
| | അസ്മാകം | - ഞങ്ങൾക്ക് (പാണ്ഡവർക്ക്) |
| | പഞ്ചാനാം | - അഞ്ചുപേർക്കും (മധ്യേ) |
| | യം | - യാതൊരുവൻ |
| | സുയോധം | - വഴിപോലെ യുദ്ധം ചെയ്യുവാനായിക്കൊണ്ട് പ്രാപ്തൻ |
| | മന്യസേ | - വിചാരിയ്ക്കുന്നു (നീ) |
| | തേന | - അവനോട് (കൂടി) |
| | ദംശിതസ്യ | - സന്നദ്ധനായിട്ട് (കവചധാരിയായിട്ട്) |
| | ആത്തശസ്ത്രസ്യ | - ശസ്ത്രാദികൾ ധരിച്ചവന്ന് |
| | തേ | - നിനക്ക് |
| | രണോത്സവ | - രണം ഉത്സവമായി |
| | അസ്തു | - ഭവിക്കട്ടെ |

അല്ലേ സുയോധനാ- ഞങ്ങൾ അഞ്ചുപേരിൽ (അഞ്ചുപേരുടെ മദ്ധ്യത്തിൽ) യാതൊരുവനാണോ വഴിപോലെ യുദ്ധം ചെയ്യുവാനായിക്കൊണ്ട് പ്രാപ്തനായവൻ എന്ന് നീ വിചാരിയ്ക്കുന്നത്.. അവനോടുകൂടി കവചംധരിച്ചവനും ആയുധം എടുത്തവനുമായ നിനക്ക് രണം ഉത്സവമായി ഭവിയ്ക്കട്ടെ.

ഇത്ഥം ശ്രുത്വാ £സൂയാന്വിതാം ദൃഷ്ടിം കുമാരയോർനിക്ഷിപ്യോക്തവാന്ധാർത്തരാഷ്ട്രഃ/ ഇപ്രകാരം കേട്ടിട്ട് ദുര്യോധനൻ അസൂയയോടു കൂടിയ

നോട്ടത്തെ കുമാരന്മാരിൽ നിക്ഷേപിച്ചിട്ട് ഇപ്രകാരം പറഞ്ഞു.

ശ്ലോകം 11 : കർണ്ണ ദുഃശാസനവധാത്തുല്ല്യാവേവയുവാം മമ.
അപ്രിയോ പി പ്രിയോ യോദ്ധും ത്വമേവ പ്രിയസാഹസഃ

അന്വയം : കർണ്ണദുഃശാസനവധാൽ- കർണ്ണൻ - ദുശ്ശാനസൻ - ഇവരുടെ വധം കൊണ്ട്

| | | |
|---|---|---|
| മമ | - | എനിയ്ക്ക് (ദുര്യോധനന്ന്) |
| യുവാം | - | നിങ്ങൾ (ഭീമാർജ്ജുനന്മാർ) |
| തുല്ല്യ | - | തുല്ല്യർ |
| ഏവ | - | തന്നെ |
| അപ്രിയ അപി | - | അപ്രിയമാണെങ്കിലും (ശത്രു) |
| പ്രിയസാഹസ | - | സാഹസം പ്രിയമായിട്ടുള്ളവൻ |
| ത്വം | - | നീ (ഭീമൻ) |
| ഏവ | - | തന്നെ |
| യോദ്ധും | - | യുദ്ധം ചെയ്യാനായിക്കൊണ്ട് |
| പ്രിയഃ | - | ഇഷ്ടൻ. |

കർണ്ണൻ - ദുശ്ശാസനൻ - തുടങ്ങിയവരുടെ വധം കൊണ്ട് എനിയ്ക്ക് നിങ്ങൾ തുല്ല്യർ തന്നെ. എന്നാലും ശത്രു ആണെങ്കിലും സാഹസം പ്രിയമായിട്ടുള്ളവനായ നീ തന്നെ (ഭീമൻ) യുദ്ധം ചെയ്യാനായിക്കൊണ്ട് എനിക്ക് പ്രിയനായുള്ളവൻ.

ഇത്യുത്ഥായച പരസ്പര ക്രോധാക്ഷേപ പരുഷവാക്കലഹപ്രസ്താവിതഘോര സംഗ്രാമൗ വിചിത്രവിഭ്രമഭ്രമിതഗദാപരിഘഭാസുരഭുജദണ്ഡൗമണ്ഡലൈർവിചരിതുമാരബ്ധൗ ഭീമദുര്യോധനൗ/അഹം/ച ദേവേന/ചക്രപാണിനാ ദേവസകാശമനുപ്രേഷിതഃ/ആഹ ച ദേവേന ദേവകീ നന്ദനഃ/ അപര്യുഷിതപ്രതിജ്ഞേ ച മാരുതൗപ്രനഷ്ടേ കൗരവരാജേ മഹാനാസീന്നോ വിഷാദഃ!/ സമ്പ്രതി പുനർഭീമസേനേനാസാദിതേ സുയോധനേ നിഷ്ക്കണ്ട കീഭൂത ഭുവനതലം പരികലയതു ഭവാൻ/ അഭ്യുദയോചിതാശ്ചാനവരത മംഗളസമാരംഭാഃ പ്രവർത്യന്താം/ കൃതം സന്ദേഹേന/ ഇപ്രകാരം പറഞ്ഞ് എഴുന്നേറ്റിട്ട് പരസ്പരം ക്രോധത്തോടുകൂടി അധിക്ഷേപിച്ച് പരുഷമായ വാക്ക് തർക്കവും ചെയ്തു കൊണ്ട് ഘോരസമരത്തിനൊരുങ്ങി, ഭൂജദണ്ഡങ്ങളാൽ ഓരോരോ പ്രകാരത്തിൽ ഗദയെ മനോഹരമായി ചുഴറ്റിക്കൊണ്ട് ഭീമദുര്യോധനന്മാർ ചുറ്റി നടക്കുന്ന സമയത്തിങ്കൽ ചക്രപാണിയാകുന്ന ഭഗവാൻ ദേവൻ തിരുമനസ്സിലെ (അങ്ങയുടെ) സമീപത്തേയ്ക്ക് എന്നെയും നിയോഗിച്ചു. ഭഗവാൻ പറഞ്ഞത് ഇപ്രകാരമാകുന്നു. അല്ലേ സഹോദരൻ യുധിഷ്ഠിരൻ ഭീമസേനൻ ഇന്നുതന്നെ നിഗ്രഹിയ്ക്കുമെന്ന് പ്രതിജ്ഞ ചെയ്തതും കൗരവരാജൻ ഒളിച്ചു പോവുകയും ചെയ്ത സമയത്തിങ്കൽ നമുക്ക് (എനിയ്ക്ക്) ഏറ്റവും വിഷാദമുണ്ടായി. എന്നാൽ ഇപ്പോൾ ഭീമസേനനോടുകൂടി സുയോധനൻ നേരിട്ടതുകൊണ്ട് ഭൂമിയിലെ ശത്രുക്കൾ നശിച്ചതായിത്തന്നെ അങ്ങ് ചിന്തിച്ചാലും, അഭ്യുദയകാലത്തിങ്കൽ ഉചിതങ്ങളായ മംഗള പ്രവൃത്തികൾ എല്ലാം ആരംഭിച്ചാലും ഒട്ടും, സംശയിയ്ക്കേണ്ട.

ശ്ലോകം 12 : പൂര്യന്താം സലിലേ/നരത്നകലശാ രാജ്യാഭിഷേകായ തേ
കൃഷ്ണാത്യന്തചിരോജ്ഝിതേ ച കബരിബന്ധേ കരോതു ക്ഷണം.
രാമേ ഘോരകുഠാരഭാസുരകരേ ക്ഷത്രദ്രുമാഛേദിനീ
ക്രോധാന്ധേ ച വൃകോദരേ പരിപതത്യാജൗ കുതഃ സംശയഃ

അന്വയം :

| | | |
|---|---|---|
| രത്നകലശഃ | - | സ്വർണ്ണ കലശങ്ങൾ |
| തേ | - | അങ്ങയുടെ (ഭവാന്റെ) |
| രാജ്യാഭിഷേകായ | - | രാജ്യാഭിഷേകത്തിനായിക്കൊണ്ട് |
| സലിലേന | - | വെള്ളത്താൽ |
| പുര്യന്താം | - | പൂരിപ്പിച്ചാലും (നിറച്ചാലും) |
| ചിരോഝിതേ | - | വളരെക്കാലമായി ഉപേക്ഷിച്ച |
| കബരീബന്ധേ | - | മുടിബന്ധിയ്ക്കൽ |
| ച | - | ഉം |
| കൃഷ്ണാ | - | പാഞ്ചാലി |
| ക്ഷണം | - | പെട്ടെന്ന് (ഉത്സവം) |
| കരോതു | - | ചെയ്യട്ടെ |
| ഘോരകുഠാരഭാസുരകരേ | - | ഘോരമായപരശുകൊണ്ട് (മഴു) തിളങ്ങുന്ന കൈയ്യുള്ള |
| ക്ഷത്രദ്രുമാമോദിനീ | - | ക്ഷത്രിയന്മാരാകുന്നവൃക്ഷങ്ങളെ ഛേദിച്ച |
| രാമേ | - | പരശുരാമൻ |
| ക്രോധാന്ധേ | - | ക്രോധാന്ധനായ |
| വൃകോദരേ | - | വൃകോദരനിൽ |
| ച | - | |
| ആജൗ | - | യുദ്ധത്തിൽ |
| പരിപതതി | - | പതിപ്പിയ്ക്കും (വധിയ്ക്കും) |
| കുത | - | എന്ത്? |
| സംശയഃ | - | സംശയം |

രാജ്യാഭിഷേകത്തിനായിക്കൊണ്ട് സ്വർണ്ണകുംഭത്തിൽ ദിവ്യ ജലം (തീർത്ഥം) നിറയ്ക്കട്ടെ (നിറച്ചാലും) വളരെക്കാലമായി അഴിച്ചിട്ടിരിയ്ക്കുന്നതും ചളി പുരണ്ടതുമായ തലമുടി പാഞ്ചാലി വേഗം കെട്ടട്ടെ. ഘോരമായ പരശു കൈയ്യിൽ തിളങ്ങവേ രാമൻ എപ്രകാരമോ ക്ഷത്രിയവൃക്ഷങ്ങളെ ഛേദിച്ചിടുന്നത് അപ്രകാരം ക്രോധാന്ധനായാൽ ഭീമസേനൻ യുദ്ധത്തിൽ പതിപ്പിക്കും (ദുര്യോധന വധം) എന്നതിന് സംശയമെന്തിന്?

ദ്രൗപദീ : (സബാഷ്പം) ജംദേവോതി ഹുയണണാഹോ ഭണാദി തം കഹം അണ്ണഹാ വ വിസ്സദി. (യദ്ദേവസ് ത്രിഭുവനനാഥോ ഭണതി. തത്കഥമന്യഥാ ഭവിഷ്യസി) ത്രിഭുവനനാഥനായ ദേവൻ പറയുന്നത് മറ്റൊരു പ്രകാരത്തിൽ ഭവിയ്ക്കുന്നതെങ്ങനെ?

പാഞ്ചാലക : ന കേവലമിയമാശീഃ അസുരനിഷൂദനസ്യാദേശോ പി.
ഇതു ആശിസ്സു മാത്രമല്ല. അസുരവൈരിയുടെ ആദേശം (ഉപദേശം)കൂടിയാകു

ന്നു.

യുധിഷ്ഠിര : കോഹീനാമ ഭഗവതാസന്ദിഷ്ടം വികല്പമപി? കഃ കോ ത്ര ഭോഃ
ഭഗവാൻ കല്പിച്ചതു തെറ്റി സംശയിക്കുന്നതാരാണ്. ആര്? ആരവിടെ?

കഞ്ചുകി : (പ്രവിശ്യ) ആജ്ഞാപയതു ദേവഃ/ അല്ലേ, സ്വാമി കല്പിച്ചാലും

യുധിഷ്ഠിര : ദേവസ്യ ദേവകീനന്ദനസ്യ ബഹുമാനാൽ വത്സസ്യ മേ വിജയമംഗളായ പ്രവർത്യന്താം. തദുചിതാഃ സമരാരംഭാഃ

ദേവകി നന്ദനനായ ഭഗവാന്റെ നിർദ്ദേശം ഹേതുവായിട്ട് എന്റെ വത്സലനായ ഭീമന്റെ വിജയമംഗളത്തിനായിക്കൊണ്ട് വഴിപോലെ ചെയ്താലും (ആരംഭിച്ചാലും)

കഞ്ചുകി : യഥാജ്ഞാപയതി ദേവഃ (സോത്സാഹം പരിക്രമ്യ)
സ്വാമി കല്പിയ്ക്കുന്നതുപോലെ

ഭോഭോഃ സംവിധാതൃണാം പുരസ്സരാഃ, യഥാ പ്രധാനമന്തർവ്വേശ്മികാ ദൗവാരികാശ്ച, ഏഷ ഖലു ഭുജബലപരിക്ഷേപോത്തീർണ്ണ കൗരവപരിഭവസാഗരസ്യ നിർവ്യൂഢദുർവഹ പ്രതിജ്ഞാഭാരസ്യ സുയോധനാന്ജശതോന്മൂലനപ്രഭഞ്ജനസ്യ ദുഃശാസനോരഃസ്ഥല വിദളനരസിംഹസ്യ ദുര്യോധനോരുസ്തംഭ ഭംഗവിനിശ്ചിതവിജയസ്യ ബലിനഃ പ്രാഭഞ്ജനേർവൃകോദരസ്യ സ്നേഹപക്ഷപാതിനാ മനസാ മംഗളാനി കർതുമാജ്ഞാപയതി ദേവോ യുധിഷ്ഠിരഃ (ആകാശേ) കിംബ്രൂഥ സർവതോധികതരമപി പ്രവൃത്തം കിംനാലോകയസി ഇതി. സാധു പുത്രകാഃ സാധു അനുക്തഹിതകാരിതാ ഹി പ്രകാശയതി മനോഗതം സ്വാമിഭക്തിം/ അല്ലേ പുരോഹിത പ്രമാണികളെ, യോഗ്യതയുള്ള അന്തഃ പുരവാസികളെ ദൗവാരികന്മാരെ (ദ്വാരപാലകരേ)- കൗരവ പരിഭവമാകുന്ന സാഗരത്തെ ഭുജബലം കൊണ്ട് നീന്തിക്കടന്നവനും ദുർവഹമായ (കഠിനമായ) പ്രതിജ്ഞാഭാരത്തെ (പ്രതിജ്ഞയെ) നിവർത്തിച്ചവനും സുയോധനന്റെ നൂറ് അനുജന്മാരെയും നശിപ്പിച്ചവനും ദുഃശാസനന്റെ മാറിടത്തെ ഭേദിയ്ക്കുന്നതിൽ നരസിംഹമായവനും സുയോധനന്റെ ഊരുഭംഗത്തിൽ വിനിശ്ചിതമായ വിജയത്തോടു കൂടിയവനും പരാക്രമിയും ആയ വൃകോദരനിൽ സ്നേഹത്തോടു കൂടി മംഗളങ്ങളെ ചെയ്യാനായിക്കൊണ്ട് യുധിഷ്ഠിരനായ മഹാരാജാവ് കല്പിയ്ക്കുന്നു. (ആകാശത്തിൽ) നിങ്ങൾ എന്തു പറയുന്നു. എല്ലാ ദിക്കിലും കൂടുതലായി പ്രവർത്തിച്ചിരിയ്ക്കുന്നതിനെ എന്തു കൊണ്ട് അങ്ങ് കാണുന്നില്ല. എന്നോ? നല്ലത്. പുത്രകന്മാരെ നല്ലത്. പറയാതെത്തന്നെ ഹിതത്തെ പ്രവർത്തിയ്ക്കുന്നത് മനസ്സിലുള്ള സ്വാമി ഭക്തിയെ പ്രകാശിപ്പിയ്ക്കുകയാണല്ലോ!

യുധിഷ്ഠിര : ആര്യ - ജയന്ധര/ അല്ലേ ജയന്ധരാ...

കഞ്ചുകി : ആജ്ഞാപയതു ദേവഃ/ അല്ലേ സ്വാമി അവിടുന്ന് കല്പിച്ചാലും

യുധിഷ്ഠിര : ഗച്ഛ പ്രിയഖ്യാപകം പാഞ്ചലകം പാരിതോഷികേണ പരിതോഷയ. അല്ലേ ജയന്ധരാ നീ പോയി പ്രിയത്തെ ധരിപ്പിച്ച പാഞ്ചാലകന് സമ്മാനങ്ങൾ കൊടുത്ത് സന്തോഷിപ്പിച്ചാലും

കഞ്ചുകി : യദാജ്ഞപയതി ദേവഃ (ഇതി പാഞ്ചാലകേന സഹ നിഷ്ക്രാന്തഃ) അല്ലേ സ്വാമി അവിടുന്ന് കല്പിയ്ക്കുന്നതു പോലെ (പാഞ്ചാലകനോട് കൂടി പോയി)

ദൗപദീ : മഹാരായ, കിംണിമിത്തം ഉണ ണാഹഭീമസേണേണ സോ ദുരായാരോഭണി ദോ. വഞ്ചാണവി അമ്ഹാണം മജ്ജേജേണ/ദേ/രോയദി/തേണ സഹ ദേ സംഗമൗഹോദുതി ജഹ മദ്ദീസുദാണം ഏകദരേണ സഹ സംഗാമോ തേണ പത്ഥിദൊ ഭവേ തദോ അച്ചാഹിദം ഭവേ (മഹാരാജകിം നിമിത്തം പുനർനാഥ ഭീമസേനേന സദുരാചാരോ ഭണിതഃ - പഞ്ചാനാമപ്യസ്മാകം മദ്ധ്യേ യേന തേ രോചതേ തേന സഹ തേ സംഗ്രാമോ ഭവതു. ഇതി. യദി മാദ്രീസുതയോരേ കതരേണ സഹസംഗ്രാമസ്തേന പ്രാർത്ഥിതൊ ഭവേത്ത തോത്യാഹിതം ഭവേൽ). അല്ലേ മഹാരാജാവേ നാഥനാകുന്ന ഭീമസേൻ ദുരാചാരനായ ദുര്യോധനനോട്. ഞങ്ങൾ അഞ്ചാളുകളിൽ ആരോടെങ്കിലും ഇഷ്ടം പോലെ യുദ്ധം ചെയ്യാം എന്ന് എന്തിനായിക്കൊണ്ടാണ് പറഞ്ഞത്. നകുല സഹദേവന്മാരിൽ ഒരാളോട് എന്ന് അവർ പ്രാർത്ഥിച്ചിരുന്നെങ്കിൽ വലിയ അത്യാഹിതം ഭവിയ്ക്കുമായിരുന്നില്ലേ?

യുധിഷ്ഠിര : കൃഷ്ണേ, ഏവം മന്യതേ ജരാസസന്ധഘാതീ. ഹതസകലസുഹൃദ്ബന്ധുവീരാനുജരാജന്യാസുകൃതവർമ്മാശ്വത്ഥാമശേഷസ്വേകാദശസ്വക്ഷൗഹീണീഷബാന്ധവഃ ശരീരമാത്രവിഭവഃ കദാചിദുൽസൃഷ്ടനിജാഭിമാനോ ധാർത്തരാഷ്ട്രഃ പരിത്യജേദായുധം തപോവനം വാ വ്രജേത്സന്ധിം വാ പിതൃമുഖേന യാചേത് ഏവം സതി സുദൂരമതിക്രാന്തഃ പ്രതിജ്ഞാഭാരോ ഭവേത്സകലരിപുജസ്യേതി. സമരം പ്രതിപത്തും പഞ്ചാനാമപി പാണ്ഡവാനാമേകസ്യാപി നൈവ ക്ഷമഃ സുയോധനഃ ശങ്കേ ചാഹം ഗദായുദ്ധം വൃകോദരസ്യേവാ നേന - അയി സുക്ഷിത്രിയേ, പശ്യ/ അല്ലേ കൃഷ്ണേ, ജരാസന്ധഘാതിയായ ഭീമസേനൻ സകല സുഹൃത്തുക്കളും ബന്ധുക്കളും വീരന്മാരായ അനുജന്മാരും രാജശ്രേഷ്ഠന്മാരും മരിച്ച് പതിനൊന്നക്ഷൗഹിണി സൈന്യത്തിൽ കൃപൻ, കൃതവർമ്മാവ്, അശ്വത്ഥമാവ് എന്നിവർ മാത്രം ശേഷിച്ചവനായ ആ ധാർത്തരാഷ്ട്രൻ ഒരു പക്ഷേ തന്റെ അഭിമാനത്തെ ഉപേക്ഷിച്ച് ആയുധത്തെ ഉപേക്ഷിയ്ക്കയോ തപോവനത്തിലേയ്ക്ക് പുറപ്പെടുകയോ അവൻ മുഖാന്തിരം സന്ധിയെ യാചിയ്ക്കയൊ ചെയ്യും എന്ന് വിചാരിച്ചിട്ടുണ്ടാവണം. അപ്രകാരം ഭവിച്ചു എങ്കിൽ സകലരിപുക്കളെയും ജയിയ്ക്കും എന്ന പ്രതിജ്ഞാ ഭാരം ഏറ്റവും ലഘുവായി ഭവിയ്ക്കുകയും ചെയ്യും പഞ്ചപാണ്ഡവരിൽ ഒരുത്തർക്കെങ്കിലും യുദ്ധം ചെയ്യാനായിക്കൊണ്ട് ദുര്യോധനൻ തുല്ല്യനല്ല. അവനോടുകൂടി വൃകോദരൻ തന്നെ ഗദായുദ്ധം ചെയ്യും എന്നാണ് ഞാൻ വിചാരിയ്ക്കുന്നത്. അല്ലയോ സൂക്ഷത്രിയോ കണ്ടാലും

ശ്ലോകം 13 : ക്രോധോൽ ഗൂർണ്ണഗദസ്യ നാസ്തി സദൃശഃ സത്യം രണേ മാരുതേ
കൗരവ്യേ കൃതഹസ്തതാ പുനരിയം ദേവേ യഥാ സീരിണി
സ്വസ്ത്യസ്തൂദ്ധതധാർത്തരാഷ്ട്രനളിനീനാഗായ വത്സായ മേ
ശങ്കേ തസ്യ സുയോധനേന സമരം നൈവേതരേഷാമഹം.

അന്വയം : രണേ - യുദ്ധത്തിൽ

| | | |
|---|---|---|
| ക്രോധോൽഗൂർണ്ണഗദസ്യ | - | കോപം കൊണ്ട് ഗദ ഉയർത്തിയ |
| മാരുതേഃ | - | ഭീമസേനന്ന് |
| സദൃശഃ | - | തുല്ല്യൻ |
| ന | - | ഇല്ല |
| അസ്തി | - | ഭവിയ്ക്കുന്നു |
| സത്യം | - | സത്യം |
| പൂനഃ | - | വീണ്ടും |
| ദേവേ | - | ദേവനിൽ |
| സീരിണി | - | ബലരാമനിൽ |
| യഥാ | - | വഴിപോലെ |
| കൃതഹസ്തതാ | - | അഭ്യാസം (ഹസ്ത കൗശലം) |
| ഇയം | - | ഈ |
| കൗരവ്യേ | - | കൗരവ്യൻ (ദുര്യോധനിൽ) |
| ഉദ്ധതധാർത്തരാഷ്ട്ര | - | അഹങ്കാരിയായ തടാകത്തിന് ദുര്യോധനാകുന്ന |
| നളിനീനാഗായ | - | ആനയാലുള്ള (തടാകം മഥിച്ചിളകുന്ന) |
| മേ | - | എന്റെ |
| വത്സസ്യ | - | വത്സന് (ഭീമസേനന്) |
| സ്വസ്തി | - | മംഗളം |
| അസ്തു | - | ഭവിയ്ക്കട്ടെ |
| അഹം | - | ഞാൻ (യുധിഷ്ഠിരൻ) |
| സുയോധനേന | - | സുയോധനനുമായി |
| തസ്യ | - | അവന്റെ (ഭീമന്റെ) |
| സമരം | - | യുദ്ധം |
| ശങ്കേ | - | ശങ്കിയ്ക്കുന്നു (സംശയിയ്ക്കുന്നു) |
| ഇതരേഷാം | - | മറ്റുള്ളവരുമായി |
| ന | - | ഇല്ല |
| ഏവ | - | തന്നെ |

കോപം ഹേതുവായിട്ട് ഭീമസേനൻ ഗദയും ഉയർത്തി (ചുഴറ്റി) യുദ്ധത്തിനായി ക്കൊണ്ട്  നേരിടുമ്പോൾ ആരാണ് എതിർക്കുന്നത്. (ഭീമസേനന് തുല്ല്യരായിട്ട് മറ്റൊരുത്തനും ഇല്ല) ഗദാഭ്യാസം വഴിപോലെ ലഭിച്ച ദേവൻ ബലരാമനു പോലും ഭീമസേനനോട്  നേരിടുവാൻ ശക്തിയില്ല.   (ശക്തനല്ല). കുരുകുലന ളിനിയിലെ ആനയായ ഭീമസേനന് മംഗളം ഭവിയ്ക്കട്ടെ. (കുരുകുലനളിനി യിലെ ആനയായിട്ട് ഭീമസേനൻ സന്തോഷിയ്ക്കട്ടെ) ദുര്യോധനനോട് എതിർക്കുന്നത് മറ്റാരുമല്ല.  ഭീമസേനൻ തന്നെയാണ്. (നേപത്ഥ്യേ)
തൃഷിതോ സ്മി ഭോ തൃഷാ തോ സ്മി സംഭാവയതു കശ്ചിൽ സലിലച്ഛരായാ സമ്പ്രദാനേന മാം. ദാഹാർത്തനായ എന്നെ ആരെങ്കിലും ജലവും ജലവും തണലും തന്ന് സന്തോഷിച്ചാലും

യുധിഷ്ഠിര : (ആകർണ്യ) കഃ കോ ത്ര ഭോഃ/ ആര്? ആരവിടെ?

കഞ്ചുകി : (പ്രവിശ്യ) ആജ്ഞാപയതു ദേവഃ/(പ്രവേശിച്ചിട്ട്) അല്ലേ സ്വാമി ആജ്ഞാപിച്ചാലും

യുധിഷ്ഠിര : ജ്ഞായതാം കിമേതൽ./ ഇതു എന്താണ് എന്നീവണ്ണം അറിഞ്ഞാലു

കഞ്ചുകീ : യദാജ്ഞാപയതിദേവഃ (ഇതിനിഷ്ക്രമ്യ. പുനഃ പ്രവിശ്യ)
അല്ലേ സ്വാമി ആജ്ഞപിയ്ക്കുന്നതുപോലെ ചെയ്യാം (എന്നു പറഞ്ഞ് പുറത്ത് പോയി, വീണ്ടും വന്ന്)
ദേവ ക്ഷുണ്മാനതിഥിരുപസ്ഥിതഃ/ വിശപ്പുള്ള ഒരു വഴിപോക്കൻ വന്നിട്ടുണ്ട്

യുധിഷ്ഠിര : ശീഘ്രം പ്രവേശയ വേഗം കൂട്ടിക്കൊണ്ടു വന്നാലും

കഞ്ചുകീ : യാദജ്ഞാപയതി-കല്പിയ്ക്കുന്നതുപോലെ (ഇതിനിഷ്ക്രാന്തഃ)(നിഷ്ക്രമിക്കുന്ന)
(തതഃ പ്രവിശതി മുനിവേഷധാരീചാർവകോ നാമ രാക്ഷസഃ) ...... മുറിവേഷധാരിയായ ചാർവാകൻ എന്ന രാക്ഷസൻ പ്രവേശിക്കുന്നു)

രാക്ഷസ : (ആത്മഗതം) ഏഷോ പി ചാർവ്വാ കോനാമ രാക്ഷസഃ സുയോധനസ്യ മിത്രം പാണ്ഡവാൻവഞ്ചയിതും ഭ്രമാമി. (പ്രകാശം) തൃഷിതോസ്മി. സംഭാവയതു മാം കശ്ചിജ്ജലചരായാപ്രദാനേന (ഇതിരാജ്ഞഃ സമീപമുപസർപ്പതി. (സർവ്വേ ഉത്തിഷ്ഠന്തി) (ആത്മഗതം) സുയോധനന്റെ മിത്രമായ ഞാൻ ചാർവ്വാകൻ പാണ്ഡവന്മാരെ ചതിയ്ക്കുവാനായിക്കൊണ്ട് ചുറ്റിത്തിരിയുകയാണ്. (വെളിവായി) എനിയ്ക്ക് ദാഹിയ്ക്കുന്നു ആരെങ്കിലും വെള്ളമോ തണുപ്പുള്ള പ്രദേശമോ തന്ന് എന്നെ സഹായിച്ചാലും (എന്ന് പറഞ്ഞ് രാജാവിന്റെ സമീപത്തേയ്ക്ക് ഓടിച്ചെല്ലുന്നു) (എല്ലാവരും എഴുന്നേൽക്കുന്നു).

യുധിഷ്ഠിര : മുനേ അഭിവാദയേ./ അല്ലേമുനേ ഞാൻ വന്ദിയ്ക്കുന്നു.

രാക്ഷസ : അകാലോയം സമുദാചാരസ്യ ജല പ്രദാനേന സംഭാവയതുമാം (ആചാരങ്ങൾ ചെയ്യാനായിക്കൊണ്ട് ഇത് ഉചിതമായ സമയമല്ല. വെള്ളം തന്നുകൊണ്ട് എന്നെ സഹായിച്ചാലും

യുധിഷ്ഠിര : മുനേ ഇദമാസനം. ഉപവിശ്യതാം. അല്ലേ മുനേ, ഇതാ ആസനം. അങ്ങ് ഇവിടെ ഇരുന്നാലും.

രാക്ഷസ : (ഉപവിശ്യ) നനു ഭവതാപിക്രിയതാമാസന പരിഗ്രഹഃ/
ഭവാനം ഇരുന്നാലും (എന്ന് യുധിഷ്ഠിരനോട് പറയുന്നു)

യുധിഷ്ഠിര : (ഉപവിശ്യ) കഃ കോ £ത്ര ഭോഃ സലിലമുപനയ./(ഇരുന്നിട്ട്) ആര്? ആരവിടെ? വെള്ളം കൊണ്ടു വന്നാലും

കഞ്ചുകി : (പ്രവിശ്യ ഗൃഹീതഭൃംഗാര) (ഉപസൃത്യ) മഹാരാജ ശിശിരസുരഭിസലിലസം പൂർണ്ണോ £യം ഭൃംഗാര പാനഭാജനം ചേദം./ (സ്വർണ ജലപാത്രമെടുത്ത് പ്രവേശിച്ച്, സമീപിച്ചിട്ട്)അല്ലേ മഹാരാജൻ തണുപ്പും സൗരഭ്യവും ഉള്ള

വെള്ളം ഈകിണ്ടിയിൽ നിറച്ചുകൊണ്ട് വന്നിട്ടുണ്ട്.

യുധിഷ്ഠിര : മുനേ നിർവർത്യതാമുദന്യാപ്രതീകാരഃ/ അല്ലേ, മുനേ വെള്ളം കുടിച്ച് ദാഹം നശിപ്പിച്ചാലും

രാക്ഷസ : (പാദൗപ്രക്ഷാള്യോപസ്പൃശന്വിചിന്ത്യ) ഭോഃ ക്ഷത്രിയസ്ത്വമിതി മന്യേ./ (കാല്കഴുകി, വെള്ളം കുടിച്ച്, ആലോചിച്ച്)അല്ലേ, അങ്ങ് ക്ഷത്രിയനാണെന്ന് ഞാൻ വിചാരിയ്ക്കുന്നു.

യുധിഷ്ഠിര : സമ്യഗ്വേദീഭവാൻ. അങ്ങ് വഴിപോലെ പറഞ്ഞത് സത്യം തന്നെ.

രാക്ഷസ : സുലഭശ്ച സ്വജനവിനാശഃ സംഗ്രാമേഷു പ്രതിദിനമതോ നാദേയം ഭവത്ഭ്യോ ജലാദികം ഭവതു. ഛായയേവാനയാ സരസ്വതീശിശിരതരംഗസ്പൃശാ മരുതാ ചാനേന. വിഗതക്ലമോ ഭവിഷ്യാമി. യുദ്ധങ്ങളിൽ ദിവസം തോറും സ്വജനവിനാശം ധാരളമായിട്ടുണ്ടാകുന്നതാണല്ലോ? അതുഹേതുവായിട്ട് ഭവാന്മാരിൽ നിന്ന് ജലം തുടങ്ങിയവ സ്വീകരിയ്ക്കാനായിക്കൊണ്ട് സാദ്ധ്യമല്ല. ഭവിച്ചോട്ടെ. ഈ നിഴലുള്ള പ്രദേശം കൊണ്ടും സരസ്വതീ നദിയിലെ തണുത്ത വെള്ളത്തോടു കൂടിയ കാറ്റുകൊണ്ടും ഞാൻ ക്ഷീണം നശിപ്പിയ്ക്കുന്നുണ്ട്.

ദ്രൗപദീ : ബുദ്ധിമദിഏ. വീയേഹി മഹേസി ഇമിണാ താലവിന്തേണ. (ബുദ്ധിമതികേ, വിജയ മഹർഷിമേ-നീയ് ഈ മഹർഷിയെ ഈ താലവൃന്തം കൊണ്ട് വീശിയാലും. (ചേടീ തഥാതേന താലവൃന്തേനകരോതി) ചേടി അപ്രകാരം ചെയ്യുന്നു)

രാക്ഷസ : ഭവതി, അനുചിതോ £യമസ്മാസു സമുദാചാരഃ
അല്ലേ ഭവതി. ഞങ്ങളിൽ ഈ ഉപചാരം യോഗ്യമല്ലാത്തതാകുന്നു.

യുധിഷ്ഠിര : മുനേ,കഥയ കഥമേവം ഭവാൻപരിഭ്രാന്തഃ/ അല്ലേ മുനേ, എന്തുകൊണ്ടാണ് ഭവാൻ ഇപ്രകാരം ക്ഷീണിതനായിരിയ്ക്കുന്നത്, പറഞ്ഞാലും.

രാക്ഷസ : മുനിജനസുലഭേന കൗതുഹലേന തത്രഭവതാ മഹാക്ഷത്രിയാണം ദ്വന്ദ്വയുദ്ധമവലോകയിതും പര്യടാമി സമന്ത പഞ്ചകം. അദ്യ തു ബലവത്തയാ ശരദാതപസ്യാപര്യാപ്ത മേവാവാ ലോക്യ ഗദായുദ്ധമർജ്ജുനസുയോധനയോരാഗതോസ്മി. (സർവേ വിഷാദം നാടയന്തി) മുനിമാർക്ക് എല്ലാസമയത്തിങ്കലും ലഭിയ്ക്കുന്ന കൗതുകം കൊണ്ട് മഹാരാജാക്കന്മാരുടെ ദ്വന്ദ്വയുദ്ധം കാണാനായിക്കൊണ്ട് സമന്തപഞ്ചകത്തിൽ ചുറ്റിനടക്കുകയായിരുന്നു. ഇപ്പോഴാകട്ടെ ശരൽക്കാലത്തിങ്കലെ ആതപത്തിന്റെ കാഠിന്യം കൊണ്ട് പരവശനായ ഞാൻ ഒട്ടും തുല്ല്യമല്ലാത്ത അർജ്ജുനദുര്യോധനന്മാരുടെ ഗദാ യുദ്ധം കണ്ടതിനു ശേഷം വരികയാണ്. (എല്ലാവരും ദുഃഖിയ്ക്കുന്നു)

കഞ്ചുകീ : മുനേ, നഖല്വേവം - ഭീമസുയോധനയോരിതി കഥയ./ അല്ലേ മുനേ, അപ്രകാരമല്ല. ഭീമസുയോധനന്മാരുടെ എന്നീവണ്ണം പറഞ്ഞാലും.

രാക്ഷസ : ആഃ,അവിദിതവൃത്താന്ത ഏവം കഥം മാമാക്ഷിപസി-/കോപിച്ച് / വൃത്താന്തം അറിയാതെ നീ എന്നെ ആക്ഷേപിയ്ക്കുന്നുവോ?

യുധിഷ്ഠിര : മഹർഷേ, കഥയ കഥയ/ അല്ലേ മഹർഷേ, പറഞ്ഞാലും

രാക്ഷസ : ക്ഷണമാത്രം വിശ്രമ്യ സർവം കഥയാമി ഭവതോ ന പുനരസ്യ വൃദ്ധസ്യ/ ക്ഷണനേരം വിശ്രമിച്ചതിനുശേഷം ഭവാനോട് എല്ലാം പറയുന്നുണ്ട്. അല്ലാതെ ഈ വൃദ്ധനോട് പറയാനായിക്കൊണ്ട് പ്രയാസമാണ്.

യുധിഷ്ഠിര : കഥയ കിമർജ്ജുനസുയോധനയോരിതി./ എന്ത്? അർജ്ജുന സുയോധനന്മാർ എന്നോ? പറഞ്ഞാലും.

രാക്ഷസ : പൂർവമേവ കഥിതം മയാ പ്രവൃത്തം ഗദായുദ്ധമർജ്ജുനസുയോധനയോരിതി. അർജ്ജുനസുയോധനന്മാർ യുദ്ധം ആരംഭിച്ചു എന്ന് ഞാൻ ആദ്യം പറഞ്ഞു വല്ലോ?

യുധിഷ്ഠിര : നഭീമസുയോധനയോരിതി./ ഭീമസുയോധനന്മാർക്കല്ല എന്ന്

രാക്ഷസ : വൃത്തം തൽ-അപ്രകാരം തന്നെ
(യുധിഷ്ഠിരോ ദ്രൗപദീ ച മോഹമുപഗതൗ)
(യുധിഷ്ഠിരനും പാഞ്ചാലിയും മോഹാലത്സ്യപ്പെടുന്നു)

കഞ്ചുകീ : (സലിലേനാസിച്യ) സമാശ്വസിതു ദേവോ ദേവീച (വെള്ളം തളിച്ചിട്ട്) ദേവനും ദേവിയും ആശ്വസിച്ചാലും.

ചേടീ : സമസ്സസദു സമസ്സദു ദേവീ (സമാശ്വസിതു സമാശ്വസിതു ദേവീ) ആശ്വസി ച്ചാലും ദേവി ആശ്വസിച്ചാലും.

യുധിഷ്ഠിര : കിം കഥയസി മുനേഃ വൃത്തം ഭീമസുയോധനയോഃ ഗദായുദ്ധമിതി? എന്താണ് പറയുന്നത്? യുദ്ധം ആരംഭിച്ചു എന്നോ?

ദ്രൗപദി : ഭയവം കഹേഹികിം വൃത്തംത്തി (ഭഗവൻ കഥയ കഥയ കിം വൃത്തമിതി). എന്താണ് ഉണ്ടായത് എന്ന് പറഞ്ഞാലും

രാക്ഷസ : കഞ്ചുകിൻ കൗപുനരേതൗ-/ കഞ്ചുകി ഇവർ ആരാണ്.

കഞ്ചുകീ : ഏഷ ദേവോ യുധിഷ്ഠിരഃ ഇയമപി പാഞ്ചാലതനയാ/ ഇദ്ദേഹം മഹാരാജാവ് യുധിഷ്ഠിരനാണ്. ഇവർ പാഞ്ചാല രാജതനയയും ആകുന്നു.

രാക്ഷസ : ആ:, ദാരുണം ഉപക്രാന്തം മയാ നൃശംസേന./ കഷ്ടം ദാരുണമായ വൃത്താന്തം ഇവരോട് പറഞ്ഞുവല്ലോ?

ദ്രൗപദി : ഹാ ണാഹ ഭീമസേണ (ഹാ നാഥ ഭീമസേന) (ഇതി മോഹമുപഗതാ) അയ്യോ നാഥ ഭീമസേന (മോഹാത്സ്യപ്പെടുന്നു)

കഞ്ചുകീ : കിം നാമ കഥിതം/ എന്ത്? പറഞ്ഞു എന്നോ?

ചേടീ : സമസ്സസദു സമസ്സസദു ദേവി (സമാശ്വസിതു സമാശ്വസിതു ദേവീ) അല്ലേ ദേവി, ആശ്വസിച്ചാലും (ഉഭൗസംജ്ഞാംലഭേത. ഇരുവരും ബോധത്തെ പ്രാപി യ്ക്കുന്നു).

യുധിഷ്ഠിര : (സാസ്രം) ബ്രഹ്മൻ/ (സബാഷ്പം)അല്ലേ മുനേ

ശ്ലോകം 14 : പദേ സന്ദിധ ഏവാസ്മിന്ദുഃഖമാസ്തേ യുധിഷ്ഠിരഃ
വത്സസ്യ നിശ്ചിതേ തത്ത്വേ പ്രാണത്യാഗാദയം സുഖീ.

അന്വയം : അസ്മിൻ - ഇതിൽ
സന്ദിഗ്ദ്ധേ - സംശയമായതിൽ
ഏവ - തന്നെ
പദേ - വാക്കിൽ
യുധിഷ്ഠിര - യുധിഷ്ഠിരൻ
ദുഃഖം - ദുഃഖം
ആസ്തേ - ഭവിയ്ക്കുന്നു
വത്സസ്യ - വത്സന്റെ (ഭീമന്റെ)
തത്ത്വേ - സത്യത്തിൽ
നിശ്ചിതേ - നിശ്ചയിക്കപ്പെട്ടതിൽ
അഹം - ഞാൻ
പ്രാണത്യാഗാൻ - പ്രാണത്യാഗംകൊണ്ട് (ജീവൻ ഉപേക്ഷിച്ചിട്ട്)
സുഖി - സുഖിയായി ഭവിയ്ക്കും

സംശയത്തിന് ഉചിതമായ അങ്ങയുടെ വാക്കുകൾ എന്റെ മനസ്സിൽ ഏറ്റവും ദുഃഖത്തെ ഉണ്ടാക്കുന്നു. വത്സലനായ ഭീമസേനന്റെ സത്യാവസ്ഥയെ അറിഞ്ഞിട്ട് ഞാൻ ജീവൻ ഉപേക്ഷിച്ച് സുഖം പ്രാപ്തമാക്കുന്നുണ്ട്.

രാക്ഷസ : (സാനന്ദമാത്മഗതം) അയമേവ മേ യത്നഃ (പ്രകാശം) യദി ത്വവശ്യം കഥനീയം തദാ സംക്ഷേപേണകഥയാമി ന യുക്തം ബന്ധുവ്യസനം വിസ്തരേണാവേദയിതും./ (ആത്മഗതം)ഇതിന് തന്നെയാണ് എന്റെ പ്രയത്നം (വെളിവായി) നിശ്ചയമായിട്ടും പറയണമെങ്കിൽ ഞാൻ പറയാം.
ബന്ധു വ്യസനത്തെ വിസ്തരിച്ച് പറയുന്നത് ഉചിതമല്ലല്ലോ!

യുധിഷ്ഠിര : (അശ്രൂണി മുഞ്ചൻ) കണ്ണുനീർ പൊഴിച്ചുകൊണ്ട്

ശ്ലോകം 15 : സർവഥാ കഥയ ബ്രഹ്മൻ സംക്ഷേപാദ്വിസ്തരേണ വാ
വത്സസ്യ കിമപി ശ്രോതുമേഷ ദത്തഃ ക്ഷണോ മയാ

അന്വയം : ബ്രഹ്മൻ - അല്ലയോ പ്രിയനോ
സംക്ഷേപാൽ - ചുരുക്കിയോ
വിസ്തരേണ വാ - വിസ്തരിച്ചോ
സർവഥാ - എല്ലാ വിധത്തിലും
കഥയ - പറഞ്ഞാലും
വത്സസ്യ(വിഷയോ) - വത്സന്റെ (ഭീമന്റെ വിഷയത്തിൽ)
കിമപി - എന്തെങ്കിലും
ശ്രോതും - കേൾക്കാനായിക്കൊണ്ട്
മയാ - എന്നാൽ (യുധിഷ്ഠിരൻ)

| | | |
|---|---|---|
| ഏഷ | - | ഈ |
| ക്ഷണ: | - | സമയം |
| ദത്ത: | - | ദാനം ചെയ്തിരിക്കുന്നു (പറഞ്ഞാലും) |

അല്ലേ ബ്രഹ്മൻ, വിസ്തരിച്ചോ സംക്ഷേപിച്ചോ സത്യമെല്ലാം പറഞ്ഞാലും വത്സന്റെ കഥയെ പെട്ടെന്ന് കേൾക്കാനായിക്കൊണ്ട് ഞാൻ കാത്തിരിക്കുന്നു.

രാക്ഷസ : ശ്രൂയതാം/ കേട്ടാലും

ശ്ലോകം 16 : തസ്മിൻ കൗരവഭീമയോർഗുരുഗദാഘോരധ്വനൗ സംയുഗേ

ദ്രൗപി : (സ്വാഗതം) തദോതദോ (തതസ്തത) പിന്നെ പിന്നെ
(സ്വരാക്ഷസഗതം) കഥം പുനരനയോർല്ലബ്ധസംജ്ഞതാമപനയാമി/ ഏതു പ്രകാരത്തിലാണ് ഇവരുടെ ചൈതന്യത്തെ നശിപ്പിയ്ക്കേണ്ടത്? (പ്രകാശം)

സീരീസത്വരമാഗതശ്ചിരമഭൂത്തസ്യാഗ്രതഃ സംഗരഃ
ആലംബ്യ പ്രിയശിഷ്യതാതു ഹലിനാ സംജ്ഞാ രഹസ്യാഹിതാ
യാമാസാദ്യ കുരൂത്തമഃ പ്രതികൃതിം ദുഃശാസനാരൗ ഗതഃ

| | | |
|---|---|---|
| കൗരവഭീമയോ | - | സുയോധനനും ഭീമനുമായിട്ടുള്ള യുദ്ധത്തിൽ |
| ഗുരുഗദാഘോരദ്ധ്വനൗ | - | ഭയങ്കരമായ ഗദാശബ്ദം കൊണ്ടുള്ള |
| തസ്മിൻ | - | ആ |
| സംയുഗേ | - | യുദ്ധത്തിൽ |
| സീരീ | - | ബലരാമൻ |
| സത്വരം | - | പെട്ടെന്ന് |
| ആഗത | - | ആഗതനായി |
| തസ്യ | - | അവന്റെ (ബലരാമന്റെ) |
| അഗ്രതഃ | - | പുരോഭാഗത്തിങ്കൽ |
| സങ്കരഃ | - | യുദ്ധം |
| ചിരം | - | വളരെ സമയം (കാലം) |
| അഭൂത് | - | ഭവിച്ചു (ചെയ്തു) |
| തു | - | എന്നാൽ |
| ഹലിനാ | - | ബലരാമനാൽ |
| പ്രിയശിഷ്യതാം | - | പ്രിയശിഷ്യതയെ |
| ആലംബ്യ | - | ആലംബനം ചെയ്തിട്ട് |
| രഹസി | - | രഹസ്യമായിട്ട് |
| സംജ്ഞാ | - | അടയാളം |
| ആഹിതാ | - | നൽകി |
| കുരൂത്തമഃ | - | ദുര്യോധനൻ |
| യാം | - | യാതൊന്നിനെ (ഗുഢസംജ്ഞയെ) |
| ആസാദ്യ | - | പ്രാപിച്ചിട്ട് |
| ദുഃശാസനാരൗ | - | ദുഃശാസനശത്രു |
| പ്രതികൃതം | - | പ്രതികൃയ (പ്രതികാരം) |

ഗതഃ - ചെയ്തു

ദുര്യോധനനും ഭീമനും തമ്മിൽ അതി ഭയങ്കരമായ ശബ്ദത്തോടെ ഗദാ യുദ്ധം ചെയ്യുന്ന സമയത്തിങ്കൽ പെട്ടെന്ന് ബലരാമൻ വന്നു ബലരാമന്റെ മുന്നിൽ വളരെ സമയം യുദ്ധം നടന്നു. ബലരാമൻ പ്രിയശിഷ്യന് (ദുര്യോധനന്)രഹസ്യമായിട്ട് അടയാളത്തെ പറഞ്ഞു. യാതൊരടയാളത്തെ ലഭിച്ചിട്ട് ദുഃശാസന ശത്രുവിനോട് (ഭീമനോട്) ദുര്യോധനൻ പ്രതികാരം ചെയ്തു. (ഗദായുദ്ധത്തിൽ ദുര്യോധനാൽ ഭീമസേനൻ കൊല്ലപ്പെട്ടു എന്ന് സാരം)

യുധിഷ്ഠിര : ഹാ വത്സ, വൃകോദര. (ഇതി മോഹമുപഗതഃ)
അയ്യോവത്സാ വൃകോദര. (മോഹാലസ്യപ്പെടുന്നു.)

ദ്രൗപദി : ഹാ ണാഹ ഭീമസേണാ, ഹാമഹം പരിഭവപഡിയാര പരിച്ചതജീവിയ, ജടാസുവേരയഹിഡിംബകിമീരകീചയ ജരാസന്ധണിസൂദണ, സോയംന്ധിയാഹരണച്ചാഡുയാര, ദേഹി മേ പടിവയണം. (ഇതി മോഹമുപഗതാ) (ഹാ നാഥ ഭീമസേന, ഹാ മമ പരിഭവപ്രതീകാരപരിത്യക്തജീവിത, ജടാസുര ബകഹിഡിംബ കിർമ്മീരകീചക ജരാസന്ധ നിഷൂദന, സൗഗന്ധികാഹരണാച്ചാടുകാര ദേഹി മേ പ്രതിവചനം) അല്ലേ നാഥ (ഹാനാഥ) ഭീമസേന, എന്റെ പരിഭവപ്രതികാരത്തിനായിക്കൊണ്ട് ജീവനെ ഉപേക്ഷിച്ചവനെ, ജടാസുരൻ, ബകൻ, ഹിഡിംബൻ, കിർമ്മീരൻ , കീചകൻ, ജരാസന്ധൻ തുടങ്ങിയവരെ നിഗ്രഹിച്ചവനെ, കൽഹാര പുഷ്പാഹരണം കൊണ്ട് എന്റെ പ്രിയത്തെ ചെയ്തവനെ, എന്നോട് മറുപടി പറഞ്ഞാലും (മോഹാലസ്യപ്പെടുന്നു).

കഞ്ചുകീ : (സാസ്രം) ഹാ കുമാര ഭീമസേന, ധാർത്തരാഷ്ട്രകുലകമലിനീപ്രാലേയവർഷ (സസംഭ്രമം) സമാശ്വസിതു മഹാരാജഃ ഭദ്രസമാശ്വസയ സ്വാമിനീം. മഹർഷേ, ത്വമപി താവദാശ്വാസയ രാജാനം./അയ്യോകുമാര ഭീമസേന, ധാർത്തരാഷ്ട്രവംശമാകുന്ന താമരപ്പൊയ്കയ്ക്ക് ഹിമവർഷമായവനെ. (സംഭ്രമത്തോടുകൂടി) അല്ലേ മഹാരാജവ് ആശ്വസിച്ചാലും അല്ലേ ഭദ്രൻ അങ്ങ് സ്വാമിനിയെ ആശ്വസിപ്പിച്ചാലും. മഹർഷേ, അങ്ങും രാജാവിനെ ആശ്വസിപ്പിച്ചാലും.

രാക്ഷസ : (സ്വഗതം) ആശ്വാസയാമി പ്രാണാൻ പരിത്യാജയിതും (പ്രകാശം) ഭോ ഭീമാഗ്രജ ക്ഷണമേകം ചീയതാം സമാശ്വാസഃ കഥാവശേഷാസ്തി/ (സ്വാഗതമായി) പ്രാണനെകളയാനായിക്കൊണ്ട് ഇപ്പോൾ ആശ്വാസിപ്പിയ്ക്കുന്നുണ്ട്. (വെളിച്ചമായി) അല്ലെ ഭീമാഗ്രജാ കുറച്ചു സമയം കൂടി ആശ്വസിച്ചിരുന്നാലും. കുറച്ചുകൂടി പറയാനുണ്ട്.

യുധിഷ്ഠിര : (സമാശ്വസ്യ) മഹർഷേ, കിമസ്തി കഥാശേഷഃ
(ആശ്വസിച്ചിട്ട്)അല്ലേ മഹർഷേശേഷം കഥഭവിയ്ക്കുന്നുവോ?

ദ്രൗപതി : (പ്രതിബുദ്ധാ) ഭയവം കഹേഹി, കീദിസോ കഹാസേസോത്തി (ഭഗവൻ കഥയ കീദൃശഃ കഥാശേഷ ഇതി) അല്ലേ മഹർഷേ കഥാശേഷം എങ്ങിനെ എന്ന് പറഞ്ഞാലും

കഞ്ചുകീ : കഥയ, കഥയ /പറഞ്ഞാലും പറഞ്ഞാലും

രാക്ഷസ : തതശ്ച ഹതേ തസ്മിൻ സുക്ഷത്രിയേ വീരസുലഭാം ഗതിമുപഗതേ സമഗ്ര സംഗലിതം ഭൗതൃവധശോകജം ബാഷ്പം പ്രമൃജ്യ പ്രത്യഗ്രക്ഷതച്ഛടാ ചർച്ചിതാം താമേവ ഗദാം ഭ്രാതൃഹസ്താൽ യത്നാദാകൃഷ്യ നിവാര്യ പി സംന്ധിത്സുനാ വാസുദേവേന ആഗച്ഛാച്ഗച്ഛേതി സോപഹാസം ഭ്രമിതഗദാത്ധങ്കാരമൂർഛിതഗംഭിരവചനധ്വനിനാഹൂയമാനഃ കൗരവരാജേന തൃ തിയോ £നുജസ്തേ കിരീടീയോദ്ധുമാരബ്ധഃ അകൃതിനസ്തസ്യ ഗദാഘാതാ ന്നിധന മൂത്പ്രേക്ഷമാണേന കാമപാലേനാർജ്ജുനപക്ഷപാതീ ദേവകീസൂനു രതിപ്രയത്നാൽ സ്വരഥമാരോപ്യ ദാരകാം നീതഃ

പിന്നെ ഹതനായ ആ സുക്ഷത്രിയൻ വീരന്മാർക്ക് സുലഭമായ സൽഗതിയെ പ്രാപിച്ചശേഷം  ഭ്രാതൃവധശോകം ഹേതുവായിട്ട് പിന്നെയും, പിന്നെയും പ്രവ ഹിച്ചിരിയ്ക്കുന്ന കണ്ണു നീരിനെ ആസകലം തുടച്ചുകളഞ്ഞ് പുതിയതായ കൊഴുത്തരക്തം പുരണ്ട ആഗദയെ ഭ്രാതൃഹസ്തത്തിൽ നിന്ന് വലിച്ചെടുത്ത് സന്ധി ചെയ്യുന്നതിന് ആഗ്രഹിച്ചു. വാസുദേവൻ തടഞ്ഞിട്ടും വന്നാലും വന്നാലും എന്ന് പരിഹസിച്ച് ഗദ ചുറ്റിത്തിരിയ്ക്കുന്നതുകൊണ്ടുള്ള ശബ്ദം കൊണ്ട് ഉച്ചത്തിൽ ശബ്ദിയ്ക്കുന്ന കൗരവരാജന്മാർ വിളിയ്ക്കുന്ന നിന്റെ തൃതീയനായ കിരീടി യുദ്ധത്തിനാരംഭിച്ചു. അസമർത്ഥനായ അവന് ഗദാ ഘാതം കൊണ്ട് മൃത്യുസംഭവിയ്ക്കും എന്ന് ശങ്കിച്ച് ബലഭദ്രൻ അർജ്ജുന പക്ഷപതിയായ ശ്രീകൃഷ്ണനെ വളരെ പണിപ്പെട്ട് തേരിൽ കയറ്റി ദ്വാരകയി ലേയ്ക്ക് കൊണ്ടുപോയി.

യുധിഷ്ഠിര : സാധുഃ ഭോ അർജ്ജുന തദൈവ പ്രതിപന്നാ വൃകോദരപദവീ ഗാണ്ഡീവം പരി ത്യജ്താ. അഹം പുന: കേനോപായേന പ്രാണാപഗമനമഹോത്സവ മൃത്സഹി ഷ്യേ./ അല്ലയോ അർജ്ജുനാ ഗാണ്ഡീവത്തെ ഉപേക്ഷിച്ച നീ ആവൃകോദര പദവിയെത്തന്നെ അനുഗമിച്ചുവോ? ഞാൻ ഇനി എന്തുപായം കൊണ്ടാണ് പ്രാണത്യാഗം ചെയ്തു ഹൃദയത്തെ സന്തോഷിപ്പിയ്ക്കേണ്ടത്.

ദ്രൗപദി : ഹാ ണാഹ ഭീമസേണാണ ജുത്തം ദാണി ദേ കണീയസ ഭാദരം അസിക്ഖിദം ഗദായേ, ദാരുണസ്സ. സത്തുണോ അഹിമുഹം ഗഛന്തം ഉവക്ഖിദും (മോഹ മുപഗതാ) ഹാ നാഥ ഭീമസേന, ന യുക്തമിദാനീ തേ കനീയാംസം ഭ്രാതരമശി ക്ഷിതം ഗദായാം ദാരുണസ്യ ശത്രോരഭിമുഖം ഗഛന്തുമുപേക്ഷിതും/ അല്ലേ, നാഥഭീമസേന – ഗദയിൽ അഭ്യാസമില്ലാതെ ക്രൂരനായ ശത്രുവിനെ നേരിട്ടു ചെല്ലുന്ന അങ്ങയുടെ അനുജനെ ഇപ്പോൾ ഉപേക്ഷിയ്ക്കുന്നത് യുക്തമല്ല. (മോ ഹാലത്സ്യപ്പെടുന്നു)

രാക്ഷസ : തതശ്ചാഹം പിന്നെ ഞാൻ

യുധിഷ്ഠിര : ഭവതു മുനേ, കിമതഃ പരശ്രുതേന! ഹാ താത ഭീമസേന, കാന്താരവ്യസനബാ ന്ധവ ഹാ മഛരിരസ്ഥിതിവിഛേദകാതര, ജതു ഗൃഹവിപൽസമുദ്രതരണയാന പാത്ര, ഹാ കിർമ്മീരഹിഡിംബാസുരജരാസന്ധവിജയമല്ല,, ഹാ കീചകസുയോ

ധനാനുജകമലിനീകുഞ്ജര ഹാ ദ്യൂതപണപ്രണയിൻ, ഹാ കൗരവ വനദാവാനല-/ അല്ലേ മുനേ, ഭവിച്ചോട്ടെ. ഇനി കൂടുതൽ കേട്ടതു കൊണ്ട് പ്രയോജനമെന്ത്? ഹാ വത്സ ഭീമസേന,വനത്തിൽ വെച്ച് വ്യസനിയ്ക്കുന്ന സമയത്തിങ്കൽ എനിയ്ക്ക് സഹായമായി ഭവിച്ചിവനെ, ഹാ എന്റെ ശരീരസ്ഥതിഭേദത്തിൽ ദുഃഖിയ്ക്കുന്നവനേ, ജതുഗൃഹ വിപത്തിയാകുന്ന സമുദ്രത്തെ തരണം ചെയ്യുന്നതിൽ കപ്പലായി ഭവിച്ചവനെ, ഹാ കിർമ്മീരഹിഡിംബാസുരജരാസന്ധവിജയമല്ല, ഹാ കീചകദുശ്ശാസനന്മാരാകുന്ന കമലിനികൾക്ക് കുഞ്ജുരമായി ഭവിച്ചവനെ.

ശ്ലോകം 17 : നിർലജ്ജസ്യ ദുരോദര വ്യസനിനോ വത്സ ത്വയാ സീദതാ
ഭക്ത്യാ മേ സമദദ്വിപാ £യുതബലേനാംഗീകൃതാ ദാസതാ
കിം നാമാ £പകൃതം മയാ തദധികം ത്വയ്യദ്യനിർവത്സലം
ത്യക്ത്വാ £നാഥമബാന്ധവം സപദി മാം യേനാസിദൂരം ഗതഃ

അന്വയം :

| | | |
|---|---|---|
| വത്സ | - | ഭീമസേന |
| ദുരോദരവ്യസനിന | - | ചൂതുകളിയിൽ ആസക്തനും |
| നിർലജ്ജസ്യ | - | ലജ്ജയില്ലാത്തവനും (ആയ) |
| മേ | - | എന്റെ (എന്നോട്) |
| ഭക്ത്യാ | - | ഭക്തികൊണ്ട് |
| സമദദ്വിപായുത | - | മദത്തോടുകൂടിയ ആയിരം ആനയുടെ |
| ബലേന | | ശക്തികൊണ്ട് |
| സീദതാ | - | ക്ഷീണം |
| ത്വയാ | - | നിന്നാൽ |
| ദാസതാ | - | ദാസ്യപ്രവൃത്തികൊണ്ട് |
| അംഗീകൃതാ | - | അംഗീകൃതമായി (ചെയ്യപ്പെട്ട) |
| അദ്യ | - | ഇപ്പോൾ |
| ത്വയി | - | നിയ് (നിന്റെ കാര്യങ്ങൾ) |
| തദധികം | - | അതിലുമധികം (ദാസ്യത്തെക്കാൾ കൂടുതൽ) |
| മയാ | - | എന്നാൽ (ഞാൻ) |
| കിം | - | കിം |
| നാമ | - | അധികമായിട്ട് |
| അപകൃതം | - | ചെയ്തത് |
| യേന | - | യാവനൊരുത്തൻ |
| നിർവത്സലം | - | സ്നേഹമില്ലാത്തവൻ |
| അബാന്ധവം | - | ബന്ധ ഇല്ലാത്തവൻ |
| അനാഥം | - | അനാഥൻ |
| മാം | - | എന്നെ |
| സപദി | - | പെട്ടെന്ന് |
| ത്യക്ത്വാ | - | ഉപേക്ഷിച്ചിട്ട് |
| ദൂരം | - | വളരെദൂരം |

| | | |
|---|---|---|
| ഗതഃ | - | ഗമിച്ചു |
| അസി | - | ഭവിയ്ക്കുന്നു. |

അല്ലേ വത്സ ഭീമസേനാ ചൂതുകളിയിൽ ആസക്തനായ ഞാൻ ലജ്ജയില്ലാത്ത വനായിട്ട് പരാജിതനായ എന്നോട് ഭക്തിഹേതുവായിട്ട് മദത്തോടുകൂടിയ ആയിരം ആനയുടെ ശക്തിയോട് കൂടിയ നിയ് ദാസ്യത്തെ സ്വീകരിച്ചു. (വിരാട രാജ്യത്തെ കാര്യങ്ങൾ പറയുന്നു) ഇപ്പോൾ അതിലും കൂടുതലായി എന്തു അപരാധമാണ് ഞാൻ ചെയ്തത്? സ്നേഹമില്ലാത്തവനും ബന്ധു ഇല്ലാത്ത വനും അനാഥനുമാക്കിയിട്ട് പെട്ടെന്ന് എന്ന ഉപേക്ഷിച്ചിട്ട് വളരെ ദൂരം പോയല്ലോ?

ദ്രൗപദി : (സംജ്ഞാമുപലഭ്യോ ത്ഥായ ച) മഹാരായകിം ഏദം വട്ടയി മഹാരാജ, കിമേതൽ വർത്തതേ (ബോധവതിയായി എഴുന്നേറ്റിട്ട്) അല്ലേ മഹാരാജാവ് ഇപ്രകാരം കേൾക്കുന്നതെന്താണ്?

യുധിഷ്ഠിര : കൃഷ്ണേ കിമന്ന്യൽ / അല്ലെ കൃഷ്ണേ മറ്റെന്താണ് ?

ശ്ലോകം 18 : സ കീചകനിഷൂദനൊബകഹിഡിംബകിർമീരഹാ
മദാന്ധമഗധാധിപദ്വിരദസംധിഭേദാശനി :
ഗദാപരിഘശോഭിനാ ഭുജയുഗേന തേനാന്വിത:
പ്രിയസ്തവ മമാനുജോ £ർജ്ജുനഗുരുർഗതോ £സ്തം കില.

അന്വയം : സ-അവൻ (ആ)

കീചകനിപൂദന: കീചകശത്രു (കീചകനെ വധിച്ചവൻ)
ബകഹിഡിംബകിർമ്മീരഹ - ബകൻ, ഹിഡിംബൻ, കീർമ്മീരൻ എന്നിവരുടെ അന്തകൻ മദാന്ധമഗധാധിപദ്വിരദ - മദാന്ധനായിയ്ക്കുന്ന മഗധാധിപഹസ്തിയുടെ (ആനയുടെ)
സന്ധിഭേദാശനി - സന്ധിഭേദിക്കുന്നതിൽ വജ്രസമാനൻ

| | | |
|---|---|---|
| ഗദാപരിഘശോഭിനാ | - | ഭാരമുള്ളഗദ പോലെ ശോഭിച്ചുള്ള |
| ഭൂതേനജയുഗേന | - | ആ കൈകളാൽ |
| അന്വിത: | - | കൂടിയ |
| സ: | - | അവൻ |
| തവ | - | നിന്റെ (ദ്രൗപദിയുടെ) |
| പ്രിയ: | - | പ്രിയപ്പെട്ടവൻ |
| മമ | - | എന്റെ |
| അനുജ | - | സഹോദരൻ |
| അർജ്ജുനഗുര | - | അർജ്ജുനന്ന് ഗുരു (ഭീമൻ) |
| അസ്തം | - | അവസാനിച്ചു |
| ഗത: | - | ഗതാമയി (പോയി) |
| കില | - | |

വീരനായ കീചകനെ വധിച്ചവനും ബകൻ, ഹിഡിംബൻ, കിർമ്മീരൻ തുടങ്ങിയവരുടെ അന്തകനും മദാന്ധനായിരിയ്ക്കുന്ന മഗധാധിപനാകുന്ന ആനയുടെ സന്ധീഭേദത്തെ ചെയ്തവനും ഉലക്കപോലുള്ള ഗദ കൈകളിൽ ശോഭിയ്ക്കുന്നവനുമായ ദ്രൗപദിയ്ക്ക് ഏറ്റവും പ്രിയപ്പെട്ടവനും എന്റെ അനുജനായുള്ളവനും അർജ്ജുനന്ന് ജ്യേഷ്ഠനായുള്ളവനും അവസാനിച്ചു. (ഭീമസേനൻ വധിക്കപ്പെട്ടു)

ദ്രൗപദി: ണാഹ ഭീമസേണ, തുയേ കില മേ കേസാ സംജമിദബ്ബാ! ണ ജുത്തം വീരസ്സ ഖത്തിയസ്സപഡിണ്ണാദം സിഡീലേ. ദും താ പഡിവാളേഹി മം ജാവ ഉവസപ്പാമി (പുനർമോഹമുപഗതാ) നാഥ, ഭീമസേന, ത്വയാ കില മേ കേശാ:സംയമയിതവ്യാ:- ന യുക്തം വീരസ്യ ക്ഷത്രിയസ്യ പ്രതിജ്ഞാതം ശിഥിലയിതും - തൽപ്രതിപാലയമാം യാവദുപസർപ്പാമി) അല്ലയോ, നാഥാ, ഭീമസേന- അങ്ങ് എന്റെ തലമുടി കെട്ടിയ്ക്കേണ്ടതാണല്ലോ? വീരനായ ക്ഷത്രിയന്ന് പ്രതിജ്ഞയെ ലംഘിയ്ക്കുന്നത് യുക്തമല്ല- അതുഹേതുവായിട്ട് എന്നെ രക്ഷിയ്ക്കണം. ഞാൻ അടുത്തേയ്ക്ക് വരുന്നു.

യുധിഷ്ഠര : (ആകാശേ) അംബ പൃഥേ, ശ്രുതോ £യം തവ പുത്രസ്യ സമുദാചാര: മാമേക നാഥം വിലപന്തമുത്സൃജ്യ ക്വാപിഗത: താതജരാസന്ധശത്രോ, കിംനാമ വൈപരീത്യമേതാവതാ കാലേനല്പായുഷി ത്വയി സമാലോകിതം ജനേന. അഥവാ മയൈവ ബഹൂപലബ്ധം./ അല്ലേ, കുന്തീമാതാവേ പുത്രനാകുന്ന ഭീമന്റെ അവസ്ഥ കേട്ടിട്ടുണ്ടാകുമല്ലോ? ഏകനായിട്ട് അനാഥനായി വിലപിയ്ക്കുന്ന എന്നെ ഉപേക്ഷിച്ചിട്ട് അവൻ എവിടെയോ പോയി. അല്ലേ ജരാസന്ധജേതാവേ അല്പായുസ്സായി ഭവിക്കുന്നതിന്, നിന്നിൽ, ഇക്കാലങ്ങളിൽ എപ്പോഴെങ്കിലും എന്ത് അപരാധമാണ് ജനങ്ങൾ കണ്ടുപിടിച്ചിട്ടുള്ളത്. അഥവാ ഞാൻ തന്നെ വളരെ കണ്ടു പിടിച്ചിട്ടുണ്ട്.

ശ്ലോകം 19 : ദത്വാ മേ കരദീകൃതാഖിലനൃപാം യന്മേദിനീം ലജ്ജസേ
ദ്യുതേ യച്ച പണീകൃതാ £പി ഹി മയാ ന ക്രുദ്ധ്യസി പ്രീയസേ
സ്ഥിത്യർത്ഥം മമ മത്സ്യരാജഭവനേ പ്രാപ്തോ £സി യത്സൂദതാം
വത്സൈതാനി വിനഗ്വരസ്യ സഹസാ ദൃഷ്ടാനി ചിഹ്നാനി തേ.

അന്വയം : കരദീകൃതാഖിലനൃപാം - എല്ലാ രാജാക്കൻമാരും കപ്പം തന്നിട്ട്

| | | |
|---|---|---|
| മേദിനിം | - | ഭൂമിയെ |
| മേ | - | എനിയ്ക്ക് |
| ദത്വാ | - | ദാനം ചെയ്തിട്ട് |
| യൽ | - | യാതൊന്നിൽ |
| ലജ്ജസേ | - | ലജ്ജിക്കുന്നു |
| മയാ | - | എന്നിൽ-എന്നാൽ-ഞാൻ |
| ദ്യുതേ | - | ചൂതുകളിയിൽ |
| പണീകൃതോപി | - | പണയം വെച്ചിട്ടും |
| യച്ച | - | യാതൊന്നിൽ (പ്രണയം വെച്ചതിൽ |
| നക്രുദ്ധ്യസി | - | കോപിച്ചില്ല |

| | | |
|---|---|---|
| ഹി | - | പിന്നെയോ |
| പ്രീയസെ | - | പ്രിയത്തെ ചെയ്തു |
| മമ | - | എന്റെ (എനിയ്ക്ക്) |
| സ്ഥിത്യർത്ഥം | - | അജ്ഞാതവാസത്തിനായി |
| മത്സ്യരാജഭവനേ | - | വിരാട രാജ്യത്തിൽ |
| യൽ | - | യാതൊരു |
| സൂദതാം | - | പാചകത്വം (പ്രവാചകവേല ചെയ്യുന്നവനായി) |
| പ്രാപ്ത | - | ഭവിച്ചു (വലലനായി) |
| വത്സ | - | വത്സാ |
| സഹസാ | - | പെട്ടെന്ന് |
| വിനശ്വരസ്യ | - | വിനാശശീലനായ |
| തേ | - | നിന്റെ |
| ഏതാനി | - | ഈ |
| ചിഹ്നാനി | - | ചിഹ്നങ്ങൾ |
| ദൃഷ്ടാനി | - | കാണപ്പെട്ടു. |

കപ്പം തരാത്ത രാജാക്കന്മാരെയെല്ലാം കപ്പം തരുന്നവരാക്കിത്തീർത്ത് ഭൂമിയെ എനിയ്ക്ക് ദാനം ചെയ്ത നീ ലജ്ജിക്കുന്നു. യാതൊന്നിൽ ലജ്ജയില്ലാത്ത ഞാൻ ചൂതുകളിയിൽ പരാജിതനായി പിന്നെയും പിന്നെയും പണയം വെച്ചു. അതിൽ നീ കോപിച്ചില്ല. എനിയ്ക്ക് പ്രിയത്തെ മാത്രം ചെയ്തു. അജ്ഞാതവാസകാലങ്ങളിൽ വിരാടരാജ്യത്ത് വലലവേഷം സ്വീകരിച്ച് എനിയ്ക്ക് പ്രിയത്തെത്തന്നെ ചെയ്തു. അല്ലേ വത്സാ വിനാശശീലനായ നിന്നിൽ പെട്ടെന്ന് ഈ ചിഹ്നങ്ങൾ കാണപ്പെട്ടു.

മുനേ,കിംകഥയസി(തസ്മിൻ കൗരവഭീമയോ:) ഇത്യാദിപഠതി)മുനേ- അങ്ങ് എന്താണ് പറയുന്നത്? കൗരവനും ഭീമനും? എന്നു തുടങ്ങിയ ശ്ലോകം ആവർത്തിക്കുന്നു

രാക്ഷസ : ഏവമേതൽ - അപ്രകാരം തന്നെ

യുധിഷ്ഠിര : ധിഗസ്മൽഭാഗധേയാനി ഭഗവൻ കാമപാല, കൃഷ്ണാഗ്രജ സുഭദ്രാഭ്രാത: കഷ്ടം, ഞങ്ങളുടെ ഭാഗ്യങ്ങളെ നിന്ദിയ്ക്കണം. ഭഗവൻ, കാമപാല- കൃഷ്ണാഗ്രജനായ സുഭദ്രാസഹോദരാ (ബലരാമാ)

ശ്ലോകം 20 :
ജ്ഞാതിപ്രീതിർമനസി ന കൃതാ ക്ഷത്രിയാണാം ന ധർമ്മോ
രൂഢം സഖ്യം തദപി ഗണിതം നാനുജസ്യാനുജേ മേ
തുല്യ:കാമം ഭവതു ഭവത: ശിഷ്യയോ: സ്നേഹബന്ധ:
കോ fയം പന്ഥാ യദസി വിമുഖോ മന്ദഭാഗ്യേ മയീത്ഥം.

അന്വയം

| | | |
|---|---|---|
| മനസി | - | മനസ്സിൽ |
| ജ്ഞാതിപ്രീതി: | - | ബന്ധുസ്നേഹം |

| | | |
|---|---|---|
| ന | - | ഇല്ല |
| കൃതാ | - | ചെയ്യുക |
| ക്ഷിത്രിയാണാം | - | ക്ഷത്രിയന്മാരുടെ |
| ധർമ്മ: | - | ധർമ്മ |
| ന | - | ഇല്ല |
| അനുജസ്യ | - | അനുജന്റെ (ബലരാമാനുജനായ ശ്രീകൃ |
| ഷ്ണന്റെ) | | |
| മേ അനുജേ | - | എന്റെ (യുധിഷ്ഠിരന്റെ) അനുജനിൽ (അർജ്ജുനനിൽ |
| രൂഢം | - | ശക്തമായ |
| സഖ്യം | - | സുഹൃത്ത് സ്നേഹം |
| തദപി | - | അതും |
| ന | - | ഇല്ല |
| ഗണിതം | - | ഗണിയ്ക്കുക |
| ഭവത: | - | ഭവാന്റെ |
| ശിഷ്യയോ: | - | ശിഷ്യരുടെ (ഭീമ-ദുര്യോധനന്മാരുടെ) |
| സ്നേഹബന്ധ: | - | സ്നേഹബന്ധം |
| കാമം | - | എങ്ങനെയും |
| തുല്യ: | - | തുല്യമായി |
| ഭവതു | - | ഭവിച്ചോട്ടെ |
| മന്ദഭാഗ്യേ | - | ഭാഗ്യഹീനനായ |
| മയി | - | എന്നിൽ (എനിയ്ക്ക്) |
| ത്വം | - | അങ്ങ് |
| യത് | - | യാതൊരു |
| വിമുഖ: | - | വിപരീതം |
| അസി | - | ഭവിയ്ക്കുന്നു |
| അയം | - | ഈ |
| ക: | - | ഏത് |
| പന്ഥാ | - | വഴി |

മനസ്സിൽ ബന്ധു സ്നേഹം ഉണ്ടായില്ല. ക്ഷത്രിയ ധർമ്മവും ചിന്തിച്ചില്ല. അങ്ങയുടെ അനുജനും (കൃഷ്ണൻ) എന്റെ അനുജൻ അർജ്ജുനനും തമ്മിൽ ഉള്ള ശക്തമായ സ്നേഹത്തെയും അങ്ങ് ഗണിച്ചില്ല. അങ്ങയുടെ ശിഷ്യന്മാരിൽ (ഭീമ-ദുര്യോധനൻ) തുല്യമായ സ്നേഹം ഭവിക്കേണ്ടതാണ്. ഭാഗ്യഹീനരായ ഞങ്ങളുടെ യാതൊരു വഴിയിൽ എന്തൊരപരാധമാണ് ഭവിച്ചത്.

(ദ്രൗപദീമുപഗമ്യ) അയിപാഞ്ചാലീ, ഉത്തിഷ്ഠ. സമാന ദുഃഖാവേവാവാം ഭവാവ: മൂർഛയാ കിം മാമേവമതിസന്ധത്സേ (പാഞ്ചാലിയുടെ സമീപത്തു ചെന്ന്) അല്ലേ പാഞ്ചാലീ, എണീറ്റാലും. നമ്മൾ ഒരുപോലെ ദുഃഖം ഉള്ളവരല്ലേ? മൂർഛകൊണ്ട് നീ എന്താണ് എന്നെ അതിക്രമിയ്ക്കുന്നത്?

ദ്രൗപദീ : (ലബ്ധസംജ്ഞാ) ബന്ധേദു ണാഹോ ദുജ്യോഹണരുധിലാഹേണഹത്ഥണ ദുസ്സാസണവിമുക്ക മേ കേസഹത്ഥം ! ഹഞ്ജേബുദ്ധിമദിഏ, തദ പഞ്ചകഖഏവ്വണാഹേണ പണ്ഡിണ്ണാദം ! (കഞ്ചുകിനമുപേത്യ) അജ്ജ, കിം സന്ദിട്ടം ദാവ മേ ദേവേണ ദേവകീണന്ദണേണ പുണോ വി കേസ ബന്ധണ ആരംഭോയദുത്തിതാ ഉവണേഹി മേ പുപ്ഫദാമായിം വിരഏഹി ദാവ കബരീം/ കരേഹി ഭയവദൊണാരായണസ്സ വയണം/ ണ വഖു സോ അളീയം സംദിസദി./ അഹവാ കിം മയേ സംതത്തായേ ഭണിദം/ അചിരഗദം അജ്ജവുത്തം അണുഗമിസ്സം. (യുധിഷ്ഠിരമുപഗമ്യ) മഹാരായ, ആദീവയ ചിദാം/ തുമ വി ഖത്തധമ്മയണുബന്ധന്തോ ഏവ്വണാഹസ്സ ജീവിദഹരസ്സ അഹിമുഹോ ഹോഹി/ അഹവാ ജ ദേ രോ യദി/ (ബന്ധ്നാതുനാഥ/ ദുര്യോധനരുധിരാർദ്രേണ ഹസ്തേന ദുഃശാസന വിമുക്തം മേ കേശഹസ്തം/ ഹഞ്ജേ ബുദ്ധിമതികേ, തവ പ്രത്യക്ഷമേവ നാഥേന പ്രതിജ്ഞതം/ ആര്യ കിംസദൃശം താവന്മേ ദേവേന ദേവകീനന്ദനേ പുനരപി കേശബന്ധന മാരഭ്യതാമിതി/ തദുപനയ മേ പുഷ്പദാമാനി/ വിരചയ താവൽക്കബരീം/ കുരു ഭഗവതോ നാരായണസ്യ വചനം/ ന ഖലു സോ £ളീകം സന്ദിശതി/ അഥവാ കിം മയാ സംതപ്തയാ ഭണിതം- അചിരഗതമാര്യപുത്രമനുഗമിഷ്യാമി/ മഹാരാജ, ആദീപയ ചിതാം/ത്വമപി ക്ഷത്രധർമ്മനുബദ്ധ്നന്നേവ നാഥസ്യ ജീവിതഹരസ്യാഭിമുഖോ ഭവ/ അഥവാ യത്തേ രോചതേ/ നാഥൻ ഭീമൻ ദുര്യോധനന്റെ ചോരകൊണ്ട് നനഞ്ഞിരിയ്ക്കുന്ന കൈക്കോണ്ട്, ദുശ്ശാസനൻ അഴിച്ചിട്ട, എന്റെ തലമുടി കെട്ടട്ടെ. അല്ലേ ബുദ്ധിമതികേ,നിന്റെ പുരോഭാഗത്തിങ്കൽ അല്ലേ നാഥൻ പ്രതിജ്ഞ ചെയ്തത്. (കഞ്ചുകിയുടെ അടുത്തു ചെന്ന്) ആര്യാ- ദേവകീ നന്ദനനായ ഭഗവാൻ എന്നോട് പറയാനായിക്കൊണ്ട് നിയോഗിച്ചിരിയ്ക്കുന്നത് എന്താണ്? ഇനി കേശബന്ധനത്തെ ആരംഭിയ്ക്കു എന്നല്ലേ? അതു ഹേദുവായിട്ട് പൂമാലകൾ കൊണ്ടു വന്നാലും. നീ തലമുടി വൃത്തിയാക്കിയാലും. ഭഗവാൻ നാരായണന്റെ വാക്കിനെ അനുസരിയ്ക്കണം. അദ്ദേഹം എനിയ്ക്ക് വ്യാജ സന്ദേശം തരില്ല. അഥവാ വ്യസനിച്ചുകൊണ്ടിരിയ്ക്കുന്ന ഞാൻ എന്താണ് പറയുന്നത്. മൃതനായ ആര്യപുത്രനെ ഞാൻ ഇപ്പോൾത്തന്നെ അനുഗമിയ്ക്കുന്നുണ്ട്. (യുധിഷ്ഠിരന്റെ അടുത്തു ചെന്നിട്ട്) അല്ലേ മഹാരാജാവേ ചിത കൂട്ടിയാലും. അങ്ങ് ക്ഷത്രധർമ്മത്തെ അനുസരിച്ച് നാഥന്റെ ജീവിതാപഹാരിയായ ശത്രുവിനോട് എതിർത്താലും. അഥവാ അങ്ങയുടെ ഇഷ്ടംപോലെ ചെയ്താലും.

യുധിഷ്ഠിര: യുക്തമാഹ പാഞ്ചാലീ/ കഞ്ചുകിൻ ക്രിയതാമിയം തപസ്വിനീ ചിതാസംവിഭാഗേന സഹ്യവേദനാ/ മമാപി സജ്യം ധനുരൂപനയ/ അലമഥവാ ധനുഷാ

പാഞ്ചാലി പറയുന്നത് സത്യം തന്നെയാണ്. അല്ലേ കഞ്ചുകീ നീ ചിതയുണ്ടാക്കി തപസ്വിനിയായ ഇവളെ സഹ്യവേദനയാക്കണം. എന്റെ വില്ലിനെയും കൊണ്ടു വന്നാലും. അല്ലെങ്കിൽ വില്ലെന്തിന്?

ശ്ലോകം 21 തസ്യൈവദേഹരുധിരോക്ഷിതപാടലാംഗീ
മാദായ സമ്പ്രതി ഗദാമപവിദ്ധചാപേ
ഭ്രാതൃപ്രിയേണ കൃതമദ്യ യദർജ്ജുനേന
ശ്രേയോ മമാപി ഹി തദേവ കൃതം ജയേന

അന്വയം

| | | |
|---|---|---|
| തസ്യ | – | അവന്റെ (ഭീമസേന) |
| ഏവ | – | തന്നെ |
| ദേഹരുധിരോക്ഷിത | | |
| പാടലാംഗി | – | ശരീരത്തിൽ നിന്ന് വീണ രക്തംപുരണ്ട |
| ഗദാം | – | ഗദയെ |
| ആദായ | – | എടുത്തിട്ട് |
| അപവിദ്ധചാപേ | – | ഗാണ്ഡീവം ഉപേക്ഷിച്ചിട്ട് |
| സംയതി | – | യുദ്ധത്തിൽ |
| ഭ്രാതൃപ്രിയേണ | – | ഭ്രാതാവിനോട് സ്നേഹമുള്ളവൻ |
| അർജ്ജുനേന | – | അർജ്ജുനനാൽ |
| ആദ്യ | – | ഇപ്പോൾ |
| യൽ | – | യാതൊന്ന് |
| കൃതം | – | ചെയ്തു |
| തത് ഏവ | – | അതു തന്നെ |
| മമ | – | എന്റെ (എനിയ്ക്ക്) |
| അപി | – | ഉം |
| ശ്രേയഃ | – | ശ്രേയസ്സ് |
| ഹി | – | |
| ജയേന | – | ജയംകൊണ്ട് |
| കൃതം | – | എന്ത് (കാര്യം) |

അർജ്ജുനൻ ഭ്രാതാവിനോടുള്ള സ്നേഹം ഹേതുവായിട്ട് ഗാണ്ഡീവം ഉപേക്ഷിച്ച് ഭീമസേനന്റെ ശരീരത്തിൽ നിന്ന് വീണ രക്തം പുരണ്ട ഗദ എടുത്തുകൊണ്ട് ഇപ്പോൾ യാതൊന്ന് ചെയ്യുവോ അതു തന്നെ എനിക്കും ശ്രേയസ്സകരമായുള്ളത്. അപ്രകാരമുള്ള ശ്രേയസ്സിനായിട്ട് ഞാനും ചെയ്യും. (ഇവിടെ ജയത്തിന്റെ ആവശ്യ കതയില്ല അഥവാ വിജയൻ (അർജ്ജുനൻ) ചെയ്തതാണ് ശരി എന്ന് സാരം)

രാക്ഷസ (സവിഷാദമാത്മഗതം) കഥം ഗഛതി ഭവത്യേവം താവൽ (പ്രകാശം) രാജൻ, രിപുജയവിമുഖം തേ യദി ചേതസ്തദാ യത്ര തത്ര വാ പ്രാണത്യാഗം കുരു. വൃഥാ തത്ര ഗമനം. (വിഷാദത്തോടെ ആത്മഗതം) എന്ത്? അങ്ങോട്ട് പോകാനാണ് ഭാവമെന്നോ – എങ്കിൽ (വെളിവായി) രാജൻ അങ്ങയുടെ മനസ്സിൽ രിപുജയത്തിനായിക്കൊണ്ട് ആഗ്രഹമില്ലെങ്കിൽ ഏതെങ്കിലും ദിക്കിൽ പോയി പ്രാണത്യാഗം ചെയ്താലും. അവിടെ പോകുന്നത് വെറുതെയാണ്.

കഞ്ചുകീ ധിങ്മുനേ, രാക്ഷസസദൃശം ഹൃദയം ഭവതഃ/ മുനേ, കഷ്ടം. അങ്ങയുടെ ഹൃദയം രാക്ഷസ സദൃശമായി ഭവിക്കുന്നു.

രാക്ഷസ (സദയം സ്വാഗതം) കിം ജ്ഞാതോ £ഹമാനേന (പ്രകാശം) ഭോ കഞ്ചുകിൻ, തയോർഗദയാ ഖലു യുദ്ധം പ്രവൃത്തമർജ്ജുനദുര്യോധനയോഃ/ജാനാമി ച തയോർഗദായാം ഭുജസാരം. ദുഃഖിതസ്യ പുനരസ്യ രാജർഷേരപരമനിഷ്ടശ്ര

വണം പരിഹരന്നേവം ബ്രഹ്മീമി/ എന്ത്? ഇയാൾ എന്നെ മനസ്സിലാക്കിയോ? ഭോ, കഞ്ചുകിൻ, ആ ദുര്യോധനാർജ്ജുനന്മാർ ഗദകൊണ്ടാണല്ലൊ യുദ്ധം ചെയ്തത്. അവർക്ക് ഗദയാൽ ഉള്ള പാടവവും എനിയ്ക്ക് അറിയാം. ദുഃഖിത നായ ഈ രാജർഷിയ്ക്ക് പിന്നെയും ഒരു അനിഷ്ടത്തെ കേൾക്കുന്നത് പരിഹ രിയ്ക്കണം എന്ന് ഉദ്ദേശിച്ചാണ് ഇപ്രകാരം ഞാൻ പറഞ്ഞത്.

യുധിഷ്ഠിര: (ബാഷ്പം വിസൃജ്യ) സാധു, മഹർഷേ, സാധു/ സുസ്നിഗ്ധമഭിഹിതം/ നല്ലത് മഹർഷേ നല്ലത്. സ്നേഹത്തോടുകൂടിയാണ് അങ്ങ് ഇപ്രകാരം പറഞ്ഞ ത്.

കഞ്ചുകീ : മഹാരാജ, കിം നാമ ശോകാന്ധതയാ ദേവേന ദേവകല്പേനാപി പ്രാ കൃതേനേവത്യജ്യതേ ക്ഷാത്രധർമ്മ:/ മഹാരാജാവേ ദേവ തുല്യനായ അങ്ങ് ശോകാന്ധത്വം ഹേതുവായിട്ട് പ്രാകൃതനെപ്പോലെ ക്ഷാത്രധർമ്മം ഉപേക്ഷി യ്ക്കുന്നതെന്താണ്.

യുധിഷ്ഠിര : ആര, ജയന്ധര – അല്ലയോ, ജയന്ധര

ശ്ലോകം 22 ശക്ഷ്യാമിനോപരിഘപീവരബാഹുദണ്ഡൗ
വിത്തേശശക്രവരുണാധികവീര്യസാരൗ
ഭീമാർജ്ജുനൗ ക്ഷിതിതേല പ്രവിചേഷ്ടമാനൗ
ദ്രഷ്ടും തയോശ്ച നിധനേന രിപും കൃതാർത്ഥം

അന്വയം :

പരിഘപീവരബാഹുദണ്ഡൗ– ഉലക്കപോലെ തടിച്ച കൈകൾ

| | | |
|---|---|---|
| വിത്തേശശക്രവരുണാധിക | | |
| വീരസാരൗ | – | കുബേരൻ, ഇന്ദ്രൻവരുണൻ തുടങ്ങിയ വരേക്കാൾ വീരന്മാർ |
| ക്ഷിതിതലേ | – | ഭൂമിയിൽ |
| പ്രവിചേഷ്ടമാനന | – | അനക്കമില്ലാത്തവർ (മരണപ്പെട്ടവർ) |
| ഭീമാർജ്ജുനൗ | – | ഭീമാർജ്ജുനന്മാർ |
| ച | – | അപ്രകാരം |
| തയോഃ | – | അവരെ |
| നിധനേന | – | വധിക്കുക കൊണ്ട് |
| കൃതാർത്ഥം | – | കൃതാർത്ഥനായ |
| രിപും | – | ശത്രുവിനെ |
| ദ്രഷ്ടം | – | കാണുവാൻ |
| നശക്ഷ്യാമി | – | ഞാൻ സമർത്ഥനല്ല |

കുബേരൻ, ഇന്ദ്രൻ, വരുണൻ തുടങ്ങിയവരെക്കാൾ വീരന്മാരും ഉലക്കപോലെ തടിച്ച കൈകളോടുകൂടിയവരും ഭൂമിയിൽ അനക്കമില്ലാതെ കിടക്കുന്നവരുമായ ഭീമാർജ്ജുനന്മാരെയും അവരെ വധിയ്ക്കുകകൊണ്ട് കൃതാർത്ഥനായ ശത്രു (ദു ര്യോധനൻ) വിനെയും കാണാൻ ഞാൻ സമർഥനല്ല

അയി പാഞ്ചാലരാജതനയേ, മദ്ദുർനയ പ്രാപ്തശോച്യദശേ യഥാ സംദീപ്യതേ പാവകസ്തഥാ സഹിതാവേവ ബന്ധുജനം സംഭാവയാവ:/ അല്ലേ പാഞ്ചാലീ എന്റെ ദുർനയം ഹേതുവായിട്ട് കഷ്ടത അനുഭവയ്ക്കുന്ന നിന്നോടു കൂടി കത്തിജ്വലിയ്ക്കുന്ന പാവകനിൽ ചാടി ബന്ധുജനത്തെ സംഭാവനം ചെയ്യുന്നുണ്ട്. (ദേഹത്യാഗം ചെയ്ത് ഭീമാർജ്ജുന്മാരെ അനുഗമിക്കുന്നുണ്ട്)

ദ്രൗപദീ : അജ്ജ, കരേഹി ദാരുസഞ്ചഅ/ പജ്ജലീഅദു ചിദാ/തുവരദി മേ ഹിഅഅം ണാധം പേക്ഖിദും (സർവതോ £വലോക്യ) കഹം ണ കോവി ണാധേണ വിണാ മഹാരാഅസ്സ വഅണം കരേദി/ ഹാ ണാഹ ഭീമസേണതം ഏവ ഏദ രാഅഉലം തുഏ വിരഹിദം പഡിഅണോഹിസംപദം പരിഹരദി/ ആര്യ കുരുദാരുസഞ്ചയം./ പ്രജ്വാല്യതാം ചിതാ ത്വരതേ മേ ഹൃദയം നാഥം പ്രേക്ഷിതു/ കഥം ന കോ £പി നാഥേന വിനാ മഹാരാജസ്യ വചനം കരോതി ഹാ നാഥ ഭീമസേന, തദേവേദം രാജകുലം ത്വയാ വിരഹിതം പരിജനോ £പി സാമ്പ്രതം പരിഹരതി/ ആര്യ വിറകുകൾ വെട്ടിക്കൂട്ടി ചിതജ്വലിപ്പിയ്ക്കട്ടെ. എന്റെ മനസ്സ് നാഥനെ കാണാനായിക്കൊണ്ട് ആക്കം കൂട്ടുന്നു (ചുറ്റും നോക്കിയിട്ട്) ഇതെന്താണ് എന്റെ നാഥൻ ഇല്ലാതായപ്പോൾ മഹാരാജാവിന്റെ പറയുന്നത് ആജ്ഞ ഹാ, നാഥ ഭീമസേന അങ്ങ് ഇല്ലാതായ ഈ രാജകുലത്തെ ഇപ്പോൾ പരിജനങ്ങളും തൃജിച്ചിരിക്കുന്നു.

രാക്ഷസ: സദൃശമിദം ഭരതകുലവധൂനാം യൽപത്യുരനുമരണം/ പതിയോടുകൂടി മരിയ്ക്കുക എന്നത് ഭരതകുലത്തിലെ വധുക്കൾക്ക് യോജിച്ചതുതന്നെ.

യുധിഷ്ഠിര : മഹർഷേ ന കശ്ചിച്ഛ്റുണോതി താവദാവയോർവ്വചനം/ തദിന്ധനപ്രദാനേന പ്രസാദഃ ക്രിയതാം/ അല്ലേ മഹർഷേ, ഒരുത്തരും ഞങ്ങൾ പറയുന്നത് അനുസരിയ്ക്കുന്നില്ല. അതു ഹേതുവായിട്ട്, വിറക് തരുവാനായിക്കൊണ്ട് അങ്ങ് പ്രസാദിച്ചാലും.

രാക്ഷസ: മുനിജനവിരുദ്ധമിദം (സ്വഗതം) പൂർണ്ണേ മേ മനോരഥ: യാവദനുപലക്ഷിത: സമിന്ധയാമി വഹ്നിം/ (പ്രകാശം) രാജൻ, ന ശക്നുമോ വയമിഹൈവ സ്ഥാതും/ (ഇതിനിഷ്ക്രാന്ത: അല്ലേ രാജൻ അങ്ങ് പറഞ്ഞത് മുനിജനങ്ങൾക്ക് യുക്തമായതല്ല./ എന്റെ (സ്വാഗതമായി) ആഗ്രഹം സഫലമായി. മറഞ്ഞുനിന്ന് ചിതയുണ്ടാക്കാം (വെളിവായി)- രാജൻ എനിയ്ക്ക് ഇവിടെ നില്ക്കാനായിക്കൊണ്ട് സാദ്ധ്യമല്ല. (പോകുന്നു)

യുധിഷ്ഠിര : കൃഷ്ണേ, ന കശ്ചിദസ്മദ്വചനം കരോതി ഭവതു സ്വയമേവാഹം ദാരുസഞ്ചയം കൃത്വാ ചിതാമാദീപയാമി/ കൃഷ്ണേ- ഒരുത്തരും നമ്മൾ പറയുന്നത് അനുസരിയ്ക്കുന്നില്ലല്ലോ? ആകട്ടെ/ ഞാൻ തന്നെ വിറകുകൾകൊണ്ടുവന്ന് ചിത ഉണ്ടാക്കുന്നുണ്ട്.

ദ്രൗപദീ: തുവരദു, തുവരദു, മഹാരാഓ (ത്വരതാം ത്വരതാം മഹാരാജ) മഹാരാജാവേ-വേഗം വേഗം.

(നേപഥ്യേ കളകളഃ) (അണിയറയിൽ കോലാഹലം കേൾക്കുന്നു)

ദ്രൗപദീ : (സഭയമാകർണ്യ) മഹാരാഅ, കസ്സ വി ഏസൊ തേജോബളദപപ്ദിസ്സ വി സമോ സങ്ഖണിഗ്ഘോസോ സുണീഅദി/ അവരം വി അപ്പിഅം സുണിദും അത്ഥി ണിബ്ബന്ധോ തദോ വിലംബീഅദു/ (മഹാരാജ, കസ്യാപ്യേഷ തേജോ ബലദർപ്പിതസ്യവിഷമ: ശങ്ഖനിർഘോഷ: ശ്രൂയതേ. അപരമപ്യപ്രിയം ശ്രോതുമസ്തി നിർബന്ധസ്തതോവിളംബ്യതാം (ഭയത്തോടെ കേട്ടിട്ട്) തേജോ മഹാരാജാവേ, ബലദർപ്പിതനായ ആരുടെയോ ഭയങ്കരശംഖനിർഘോഷം കേൾക്കുന്നു. മറ്റ് ഒരു അപ്രിയം കേൾക്കുവാനായിക്കൊണ്ട് ആഗ്രഹമുണ്ടെ ങ്കിൽ പതുക്കെമതി.

യുധിഷ്ഠിര : നഖലുവിളംബ്യതേ ഉത്തിഷ്ഠ. (ഒട്ടു താമസ്സിയ്ക്കുന്നില്ല. എഴുന്നേറ്റാലും (ഇതി സർവേ നിഷ്ക്രാമന്തി) എല്ലാവരും പോകുന്നു.

യുധിഷ്ഠിര : അയി, പാഞ്ചാലി, അംബായാ: സപത്നീജനസ്യ ച കിഞ്ചിത്സന്ദിശ്യ നി വർത്തയ പരിജനം അല്ലേ, പാഞ്ചാലീ, അമ്മയ്ക്കായിക്കൊണ്ടും സപത്നീ ജന ത്തിനും ഏതെങ്കിലും സന്ദേശത്തെപ്പറഞ്ഞ് പരിജനത്തെ അയച്ചാലും.

ദ്രൗപദീ: മഹാരായ, അംബായേ ഏവം സന്ദിസിസ്സം ജോ സോ വയ ഹിഡിംബകിമ്മീര ജഡാസുരജരാസന്ധവിജയമല്ലോ വി ദേ മ ഉഝമപുത്തോ മമ ഹദാസാഏ പക്ഖവാദേണ പരലോയം ഗദോത്തി/ (മഹാരാജ അംബായൈ ഏവം സംന്ദ് ക്ഷ്യാമി യ: ബകഹിഡിംബകിർമ്മീരജടാസുര ജരാസന്ധവിജയമല്ലോ പി തേ മദ്ധ്യമപുത്രോ മമ ഹതാശായാ: പക്ഷപാതേന പരലോകം ഗത ഇതി) അല്ലേ മഹാരാജാവേ അമ്മയ്ക്കായിക്കൊണ്ട് ഇപ്രകാരം സന്ദേശത്തെ അറിയിക്കു ന്നുണ്ട്. ബകൻ, കിർമ്മീരൻ, ജടാസുരൻ, ജരാസന്ധൻ ആദികളെ നിഷ്പ്ര യാസം നിഗ്രഹിച്ചവനായ ദേവിയുടെ ആ മദ്ധ്യമപുത്രൻ പരലോകത്തേയ്ക്ക് പോയി. (കുപിതയായിരിയ്ക്കുന്ന എന്നോടുള്ള ഇഷ്ടം ഹേതുവായിട്ട് മരിച്ചു)

യുധിഷ്ഠിര : ഭദ്രേബുദ്ധിമതികേ, ഉച്ച്യതാമസ്മദ്വചനാദംബാ. ബുദ്ധിമതികേ എന്റെ വാക്കിനെ അമ്മയോട് പറഞ്ഞാലും.

ശ്ലോകം 23 : യേനാസി തത്ര ജതുവേശ്മനി ദീപ്യമാനേ
ഉത്താരിതാ സഹ സുതൈർഭുജയോർബലേന
തസ്യ പ്രിയസ്യ ബലിനസ്തനയസ്യ പാപ-
മാഖ്യാമി തേ £ംബകഥയേത്കഥമീദൃഗന്യ :

അന്വയം :

| | | |
|---|---|---|
| അംബ | - | ഹേ, അമ്മ |
| യേന | - | യാതൊരുത്തനാൽ (ഭീമനാൽ) |
| തത്ര | - | അവിടെ (ആ) |
| ജതുവേശ്മനി | - | അരക്കില്ലം |
| ദീപ്യമാനേ | - | കത്തിയസമയത്തിങ്കൽ |
| ഭുജയോ: | - | കൈകളുടെ |
| ബലേന | - | ബലത്താൽ |
| സുതൈ: | - | പുത്രന്മാരോടു |

| | | |
|---|---|---|
| സഹ | - | കൂടി |
| ഉത്താരിതാ അസി | - | രക്ഷിച്ചു (വെളിയിലെത്തിച്ചു) |
| പ്രിയസ്യ | - | പ്രിയനായ |
| തസ്യ | - | അവന്റെ (ആ) |
| ബലിന: | - | ശക്തിമാനായ |
| തനയസ്യ | - | തനയന്റെ (ഭീമന്റെ) |
| പാപം | - | മരണം |
| തേ | - | നിനക്കായി (അമ്മയ്ക്കായി) |
| ആഖ്യാമി | - | പറയുന്നു |
| അംബ | - | അമ്മ |
| അന്യഃ | - | മറ്റൊരുവൻ (എന്നെക്കൂടാതെ) |
| കഥം | - | എങ്ങിനെ |
| ഈദൃക്ക് | - | ഇപ്രകാരം (മരണവാർത്ത) |
| കഥയേൽ | - | പറയും |

അല്ലേ. അമ്മേ. അരക്കില്ലം കത്തിയ സമയത്തിങ്കൽ സ്നേഹമുള്ളവനായ ഭീമസേനൻ അങ്ങയുടെ (ഭവതിയുടെ) മറ്റ് പുത്രന്മാരെയും ഭവതിയെയും കൈകളുടെ ശക്തികൊണ്ട് അവിടെ നിന്ന് രക്ഷിച്ചു. ഇപ്പോൾ ബലവാനും സ്നേഹമുള്ളവനുമായ അവന്റെ മരണത്തെ (മരണവാർത്തയെ) പാപിയായ ഞാനല്ലാതെ മറ്റാരാണ് പറയുക.?

ആര്യ ജയന്ധര, ത്വയാ സഹദേവസകാശം ഗന്തവ്യം വക്തവ്യഞ്ച തത്ര ഭവാ -ന്മാദ്രേയ: കനീയാൻ സകലകുരുകുലകമലാകര ബന്ധവാനലോ യുധിഷ്ഠിര: പരലോകമഭിപ്രസ്ഥിത: പ്രിയാനുജമപ്രതികൂലം സതതമാശംസനീയമസംമൂഢ വ്യസനേഭ്യുദയേ ച ധൃതിമന്തം ഭവന്തമവിരളമാലിംഗ്യ ശിരസി ചാഘ്രായേദം പ്രർത്ഥയതേ. ആര്യജയന്ധരാ നീ സഹദേവന്റെ സമീപത്തിങ്കൽപോയാലും പൂജ്യനായ, മാർദ്രിയുടെ അവസാന പുത്രനായ സഹദേവനോട് ഇപ്രകാരം പറഞ്ഞാലും. സകല കുരുകുലമാകുന്ന കമലാകരത്തിന് കാട്ടുതീയായ യുധിഷ്ഠിരൻ പരലോകത്തേയ്ക്ക് പുറപ്പെടാനായിക്കൊണ്ട് പ്രിയാനുജനും എല്ലാ സമയത്തിങ്കലും ആശംസിയ്ക്കത്തക്കവനും വ്യസനത്തിലും അഭ്യുദയത്തിലും വ്യാമോഹമില്ലാത്തവനും ആയ അങ്ങയെ ആലിംഗനം ചെയ്ത് ശിരസ്സിൽ ചുംബിയ്ക്കുകയും ചെയ്തിട്ട് ഇപ്രകാരം പ്രാർത്ഥിയ്ക്കുന്നു എന്ന്.

ശ്ലോകം 24:

മമ ഹി വയസാ ദൂരേണ ത്വം ശ്രുതേന സമോ ഭവൻ
കൃതസഹജയാ ബുദ്ധ്യ ജ്യേഷ്ഠോ മനീഷിതയാ ഗുരു:
ശിരസി മുകുളൗ പാണീ കൃത്വാ ഭവന്തമതോ £ർത്ഥയേ
മയി വിരളതാം നേയ: സ്നേഹ: പിതുർഭവ വാരിദ:

അന്വയം

| | | |
|---|---|---|
| ഹി | - | എന്നിരുന്നാലും |
| മമ | - | എനിയ്ക്ക് |
| വയസാ | - | പ്രായംകൊണ്ട് (വയസ്സ്) |
| ദുരേണ | - | ദൂരമാണ് (ചെറുപ്പം) |
| ത്വം | - | നീയ് (സഹദേവൻ) |
| ശ്രുതേന | - | അറിവ് (ശാസ്ത്രാധ്യയന ജന്യം) |
| ഭവാൻ | - | അങ്ങ് (നീയ്) |
| സമ: | - | തുല്യൻ |
| കൃതസഹജയാ | - | കർമംകൊണ്ടും ജന്മംകൊണ്ടും ഉണ്ടായ |
| ബുദ്ധ്യ | - | ബുദ്ധികൊണ്ട്) |
| ജ്യേഷ്ഠം: | - | വലിയവൻ (ശ്രേഷ്ഠൻ) |
| മനീഷിതയാ | - | വൈദുഷ്യംകൊണ്ട് |
| ഗുരു: | - | ഗുരുനാഥൻ |
| അത: | - | അക്കാരണത്താൽ |
| ശിരസി | - | ശിരസ്സിൽ |
| പാണീ | - | പാണികൾ (കൈകൾ) |
| മുകുളൗ | - | മുകുളമാക്കി (കൂപ്പി) |
| കൃത്വാ | - | ചെയ്തിട്ട് |
| ഭവന്തം | - | അങ്ങയെ |
| അർത്ഥയേ | - | പ്രാർത്ഥിയ്ക്കുന്നു |
| മയിസ്നേഹ: | - | എന്നിൽ സ്നേഹം |
| വിരളതാം | - | കുറച്ച് |
| നേയ: | - | പ്രാപിച്ചാലും |
| പിതുഃ | - | പിതാവന്ന് |
| വാരിദ: | - | വാരിദനായി (ഉദകക്രിയ ചെയ്യുന്നവനായി) |
| ഭവ | - | ഭവിച്ചാലും |

പ്രായംകൊണ്ട് നിയ്യ് എനിയ്ക്ക് (എന്നേക്കാൾ ചെറുത്) ചെറുതാണ്. ശാസ്ത്രധ്യനജന്യുമായ അറിവുകൊണ്ട് സമാനനുമാണ്. സ്വന്തമായ പ്രയത്നം കൊണ്ട് എന്നേക്കാൾ വിശേഷബുദ്ധിയുള്ളവനുമാണ്. വൈദുഷ്യംകൊണ്ട് ഗുരുതുല്യനായ അങ്ങയെ കൈകൂപ്പി ശിരസ്സിൽ കൈകൾ അർപ്പിച്ച് ഭവാനോട് അഭ്യർത്ഥിക്കുന്നു. എന്നിൽ സ്നേഹം കുറഞ്ഞവനായിക്കൊണ്ട് പിതൃക്കൾക്ക് ഉദകക്രിയ ചെയ്യാനുള്ളവനായി ഭവിച്ചാലും. (എന്നെ പിന്തുടർന്ന് മരണം വരിക്കാതിരുന്നാലും)

അപിച

ബാല്യേ സംവർദ്ധിതസ്യ നിത്യാഭിമാനിനോ £സ്മത്സദൃശഹൃദയസാരസ്യാപി നകുലസ്യ മമാജ്ഞയാ വചനേ സ്ഥാതവ്യം. നാനുഗന്തവ്യാ £സ്മല്പദവീ

ത്വയാ ഹി വത്സ,/ കൂടാതെ ബാല്യം മുതൽക്കു നോക്കിവളർത്തപ്പെട്ടവനും വലിയ ആലോചന കൂടാതെ പ്രവർത്തിയ്ക്കുന്നവൻ ആണെങ്കിൽ കൂടി ഞങ്ങൾക്ക് ഹൃദയസാരതുല്യനുമായ നകുലനും വാക്കും എന്റെ ആജ്ഞയെ അനുസരിച്ച് തെറ്റിയ്ക്കാതെ നടക്കണം. ഞങ്ങളുടെ പ്രവൃത്തിയെ അനുഗമിയ്ക്കരുത്. അല്ലേ വത്സാ.

ശ്ലോകം 25 : വിസ്മൃത്യാസ്മാൻശ്രുതിവിശദയാ സ്വാഗ്രജൗ ചാത്മബുദ്ധ്യ
ക്ഷീണേ പാണ്ഡാവുദകപൃഷതാനശ്രുഗർഭാൻ പ്രദാതും
ദായാദാനാമപി തു ഭവനേ യാദവാനാം കുലേ വാ
കാന്താരേ വാ കൃതവസതിനാ രക്ഷണീയം ശരീരം

അന്വയം :

| | | |
|---|---|---|
| ശ്രുതിവിശദയാ | - | ശാസ്ത്രാസ്ത്രാദികൾകൊണ്ട് നിർമ്മലമായ |
| ആത്മബുന്ധ്യ | - | സ്വന്തം ബുദ്ധികൊണ്ട് |
| അസ്മാൻ | - | ഞങ്ങളെ (പാഞ്ചാലി, യുധിഷ്ഠിരൻ) |
| ച | - | അപ്രകാരം |
| സ്വാഗ്രജൗ | - | സ്വന്തം ജ്യേഷ്ഠന്മാരെ (ഭീമാർജുനന്മാരെ) |
| വിസ്മൃത്യ | - | വിസ്മരിച്ചിട്ട് (മറന്നിട്ട്) |
| പാണ്ഡൗ | - | പാണ്ഡുവിന് (അച്ഛന്) |
| ക്ഷീണേ | - | നഷ്ടത്തിങ്കൽ |
| അശ്രുഗർഭാൻ | - | കണ്ണനീരോടുകൂടി |
| ഉദകപൃഷതാൻ | - | ഉദകക്രിയ |
| പ്രദാതും | - | കൊടുക്കാനായിക്കൊണ്ട് |
| ദായാദാനാം | - | ബന്ധുക്കൾക്ക് |
| അപിതു | - | ഇവിടെയാകട്ടെ |
| ഭവനേ | - | ഭവനത്തിൽ |
| വാ | - | അല്ലെങ്കിൽ |
| യാദവാനാം | - | യാദവൻമാരുടെ കുലേവാ - ഭവനത്തിൽ |
| കാന്താരേവാ | - | വനത്തിൽ |
| കൃതവസതിനാ | - | വസിച്ചിട്ട് |
| ശരീരം | - | ശരീരത്തെ |
| രക്ഷണീയം | - | രക്ഷിയ്ക്കണം |

ശസ്ത്രാദികൾകൊണ്ട് നിർമ്മലമായ സ്വന്തം ബുദ്ധികൊണ്ട് ജ്യേഷ്ഠഭ്രാതാക്കളായ ഞങ്ങളെയും പത്നിയായ പാഞ്ചാലിയെയും മറന്നിട്ട് അച്ഛന് ചെയ്തുകൊണ്ടിരുന്ന ഉദകക്രിയ കണ്ണുനീരോടുകൂടി ദാനം ചെയ്യാനായിക്കൊണ്ട് ബന്ധുക്കളുടെ ഭവനങ്ങളിലോ യാദവകുലത്തിലോ (ദ്വാരക) വനത്തിലോ വസിച്ച് ശരീരത്തെ രക്ഷിച്ചാലും.

ഗച്ഛ ജയന്ധര അസ്മച്ഛരീരസ്പൃഷ്ടികയാ ശാപിതേന ഭവതാ £കാലഹീനമിദമവശ്യമാവേദനീയം/ ജയന്ധരാ, നീപോയാലും. എന്റെ ശരീരം തൊട്ട് ഞാൻ സത്യം ചെയ്യുന്നു. കാലമൊട്ടും കളയാതെ നിശ്ചയമായിട്ടും ഈ കാര്യം അറിയിക്കേണ്ടതാണ്.

ദ്രൗപദീ : ഹളാ ബുദ്ധിമദിയേ, ഭണാഹി മഹ വയണേണ പിയസഹീം സുഭദ്ദാം-അജ്ജവച്ഛരായെ ഉത്തരായെ ആവണ്ണസത്തായേ ചയുത്ഥൊ മാസൊവട്ടദി സംബധാണാവിയുളേ തം ണിക്ഖിവേസി. കദാ വിയിദൊ പരലോയ ഗദസ്സ സസുരയുലസ്സ അഹ്മാണം- വി സലിലബിന്ദുദൊ ഭവിസ്സദിത്തി. (ഹളാ ബുദ്ധിമതികെ, ഭണ, മമ വചനേന പ്രിയസഖീം സുഭദ്രാം-അദ്യ വത്സായാ ഉത്തരായാ ആപന്നസത്വായാശ്ചതുർത്ഥൊ മാസൊ വർത്തതെ/ സർവഥാ നാഭികുലേ താം നിക്ഷിപസി/ കദാപീത: പരലോകഗതസ്യ ശ്വശുരകുലസ്യാസ്മാകമപി സലിലവിന്ദുദൊ ഭവിഷ്യതി. ഇതി/ അല്ലെ ബുദ്ധിമതികെ, നീ പോയി പ്രിയ സഖിയായ സുഭദ്രയോട് ഇപ്രകാരം പറഞ്ഞാലും. 'ഇപ്പോൾ വത്സയായ ഉത്തരയ്ക്ക് നാല് മാസം ഗർഭം ആണ്. എല്ലാ പ്രകാരത്തിലും അവളെ പിതൃകുലത്തിൽ ആക്കി സൂക്ഷിയ്ക്കണം. ഇവിടെ നിന്ന് പരലോകത്തിലേയ്ക്ക് പോയിരിയ്ക്കുന്ന ശ്വശുരകുലത്തിനും ഞങ്ങൾക്കും ഒരിയ്ക്കൽ സലിലദാനം ചെയ്യാനായിക്കൊണ്ട് ഒരുത്തൻ ഉണ്ടാകുമല്ലോ' എന്ന്.

യുധിഷ്ഠിര : (സാസ്രം) ഭോ കഷ്ടം/ - (കണ്ണീരോടെ) കഷ്ടം തന്നെ

ശ്ലോകം 26 ശാഖാരോധസ്ഥഗിതവസുധാമണ്ഡലേ മണ്ഡിതാശേ
പീനസ്കന്ധസുസദൃശമഹാമൂലപര്യങ്കബന്ധേ
ദഗ്ധേ ദൈവാത്സുമഹതി തരൗ തസ്യ സൂക്ഷ്മാങ്കുരേ £സ്മി-
ന്നാശാബന്ധം കമപി കുരുതേ ഛായയാർത്ഥീ ജനോ £യം.

അന്വയം

| | | |
|---|---|---|
| ഛായയാ | - | നിഴൽകൊണ്ട് |
| അർത്ഥീ | - | അർത്ഥിയ്ക്കുന്ന (ആഗ്രഹിക്കുന്നു) |
| അയം | - | ഈ |
| ജന: | - | ജനം (ഞാൻ) |
| ശാഖാരോധസ്ഥഗിതവ | | |
| സുധാമണ്ഡലേ | - | ഇടതൂർന്ന വളർന്നു പന്തലിച്ച ഭൂമണ്ഡലത്തിൽ |
| പീനസ്കന്ധേ | - | തടിച്ച കൊമ്പുകൾ |
| മണ്ഡിതേ | - | അലങ്കരിച്ച |
| സുസദൃശമഹാമൂല | | |
| പര്യങ്കബന്ധേ | - | പന്തലിച്ച കൊമ്പുകൾ പോലെ അടിഭാഗത്തേയ്ക്ക് വളർന്ന വേരുകൾ |
| സുമഹതി | - | വലിയ |
| തരൗ | - | വൃക്ഷം |
| ദൈവാൽ | - | വിധിവശാൽ |

| | | |
|---|---|---|
| ദഗ്ദ്ധേ | - | ദഹിച്ചു |
| തസ്യ | - | അതിന്റെ |
| അസ്മിൻ | - | ഈ |
| സൂക്ഷ്മാങ്കുരേ | - | സൂക്ഷ്മമായ അങ്കുരത്തെ |
| കമപി | - | കുറച്ചെങ്കിലും |
| ആശാബന്ധം | - | ആകർഷണം (ആഗ്രഹം) |
| കൃതേ | - | കൃതമായി |

നിഴൽ ആഗ്രഹിക്കുന്ന ഈ ഞാൻ (ദ്രൗപദി) ഭൂമിയിൽ വലിയ തടിച്ച കൊമ്പുകൾകൊണ്ട് അലങ്കരിയ്ക്കപ്പെട്ടതും ഇടതൂർന്ന് അടിഭാഗത്തേയ്ക്ക് പന്തലിച്ചിരിയ്ക്കുന്ന വേരുകളും ഉള്ള വൃക്ഷം (പാണ്ഡുവംശം) വിധിവശാൽ ദഹിച്ച സമയത്തിങ്കൽ അതിന്റെ സൂക്ഷ്മമായ അങ്കുരത്തിൽ (ഉത്തരാഗർഭസ്ഥം) ആശയെ ബന്ധിയ്ക്കുന്നു. (അഭിമന്യുവിന്റെ ജനനത്തിൽ ആശ വയ്ക്കുന്നു)

സാധു/ ഇദാനീമദ്ധ്യവസിതം കരണീയം/ (കഞ്ചുകിനമവലോക്യ) ആര്യ, ജയന്ധര, സ്വശരീരേണ ശാപിതോ £സി തഥാപി ന ഗമ്യതേ/ നല്ലത്. ഇപ്പോൾ ഉറപ്പിച്ചിട്ടുള്ളതുതന്നെ ചെയ്യണം./ ആര്യ ജയന്ധരാ, എന്റെ ശരീരത്തെ സത്യമായിട്ട് ഞാൻ പറഞ്ഞില്ലെ? എന്നിട്ടും നീ പോയില്ലെ?

കഞ്ചുകി (സാക്രന്ദം) ഹാ ദേവ പാണ്ഡോ, തവ സുതാനാമജാതശത്രുഭീമാർജ്ജുനനകുലസഹദേവാനാമയം ദാരുണ: പരിണാമ:/ ഹാ ദേവി കുന്തി ഭോജരാജഭവന പതാകേ/ കഷ്ടം, അല്ലേ പാണ്ഡുരാജാവേ അങ്ങയുടെ പുത്രൻമാരാകുന്ന യുധിഷ്ഠിര ഭീമാർജ്ജുന നകുല സഹദേവന്മാർക്ക് ഇപ്രകാരം ദാരുണമായ ഒരു അവസാനം ഭവിച്ചല്ലൊ? അല്ലേ ഭോജരാജഭവനത്തിന് ലക്ഷ്മിയായ കുന്തി.

ശ്ലോകം 27 ഭ്രാതുസ്തേ തനയേന ശൗരിഗുരുണാ ശ്യാലേന ഗാണ്ഡീവിന-
സ്തസ്യൈവാഖിലധാർത്തരാഷ്ട്രനളിനീവ്യാലോലനേ ദന്തിന:
ആചാര്യേണ വൃകോദരസ്യ ഹലിനോന്മത്തേനമത്തേന വാ
ദഗ്ദ്ധം ത്വത്സുതകാനനം നനുമഹീ യസ്യാശ്രയാച്ഛീതളാ.

അന്വയം

| | | |
|---|---|---|
| തേ | - | ഭവതിയുടെ (കുന്തിയുടെ) |
| ഭ്രാതു: | - | സഹോദരന്റെ (വസുദേവൻ) |
| തനയേന | - | പുത്രേണ-പുത്രനായ (ശ്രീകൃഷ്ണൻ) |
| ശൗരിഗുരുണാ | - | കൃഷ്ണന്റെ ജ്യേഷ്ഠൻ (ബലരാമൻ) |
| ഗാണ്ഡീവിന: | - | അർജ്ജുനന്റെ |
| ശ്യാലേന | - | അളിയൻ |
| അഖിലധാർത്തരാഷ്ട്ര നളിനീ വ്യാലോലനേ ദന്തിന: | - | എല്ലാ ധാർത്തരാഷ്ട്രകുലമാകുന്ന തടാകത്തെ ഇളക്കി മറിയ്ക്കുന്ന ആന (എന്ന പോലെ) |

| | | |
|---|---|---|
| തസ്യൈവ | - | അവൻ തന്നെ |
| വൃകോദരസ്യ | - | വൃകോദരന്റെ |
| ആചാര്യേണ | - | ആചാര്യൻ (ബലരാമൻ) |
| ഉന്മത്തേന | - | ഭ്രാന്തൻ |
| വാ | - | അഥവാ |
| മത്തേന | - | മദ്യലഹരി |
| ഹലി | - | ബലരാമൻ |
| തവ | - | ഭവതിയുടെ |
| തൽ | - | ആ |
| സുതകാനനം | - | പുത്രരാകുന്ന കാനനത്തെ |
| ദഗ്ധം | - | ദഹിപ്പിച്ചു |
| യസ്യ | - | അവരെ (പാണ്ഡവരെ) |
| ആശ്രയാൽ | - | ആശ്രയം |
| മഹി | - | ഭൂമി |
| ശീതളാ | - | തണുപ്പ് |

ഭവതിയുടെ സഹോദരപുത്രനും ശ്രീകൃഷ്ണന്റെ ജ്യേഷ്ഠനും അർജ്ജുനന്റെ അളിയനും എല്ലാ ധാർത്തരാഷ്ട്രകുല നളിനിയെയും ഇളക്കി മറിയ്ക്കുന്ന ആനയായുള്ള വൃകോദരന്റെ ഗുരുവുമായ ബലരാമൻ, ഉന്മാദത്താലോ, മദ്യലഹ രിയിലോ എന്നറിയില്ല, ഭൂമിയ്ക്ക് ശീതളിമയായി നിന്നിരുന്ന ഭവതിയുടെ പുത്രരാകുന്ന വനത്തെ ദഹിപ്പിച്ചു. (ഇതിരുദൻ നിഷ്കാന്താ) കരഞ്ഞുകൊണ്ട് പോകുന്നു.

യുധിഷ്ഠിര : ജയന്ധരാ, ജയന്ധരാ

കഞ്ചുകി : (പ്രവിശ്യ) ആജ്ഞാപയതുദേവ!/ (പ്രവേശിച്ച്) ദേവൻ ആജ്ഞാപിച്ചാലും.

യുധിഷ്ഠിര : വക്തവ്യമിതി ബ്രവീമി/ ന പുനരേതാവന്തി ഭാഗധേയാനി ന:, യദി കദാചിദ്വി ജയീസ്യാദ്യത്സോ fർജ്ജുനസ്തദ്വക്തവ്യോ fസ്മദ്വചനാൽഭവതാ/ പറയേണ്ട താണ് എന്നു വിചാരിച്ച് പറയുകയാണ്. അല്ലാതെ, അത്രമാത്രം ഭാഗ്യം ഞങ്ങൾക്കില്ല. വത്സനായ അർജ്ജുനൻ ജയിച്ചു വരികയാണെങ്കിൽ ഞാൻ പറ ഞ്ഞതായിട്ട് ഭവാൻ അർജ്ജുനനോട് പറഞ്ഞാലും.

ശ്ലോകം 28 ഹലീ ഹേതു: സത്യം ഭവതി മമ വത്സസ്യ നിധനേ
തഥാപ്യേഷ ഭ്രാതാ സഹജസുഹൃദസ്തേ മധുരിപോഃ
അത: ക്രോധ: കാര്യോ ന ഖലു മയി ചേൽപ്രേമ ഭവതോ
വനം ഗച്ഛേർമ്മാ ഗാ: പുനരകരുണാം ക്ഷാത്രപദവീം.

അന്വയം

| | | |
|---|---|---|
| സത്യം | - | സത്യമായത് |
| മമ | - | എന്റെ |
| വത്സസ്യ | - | വത്സന്റെ |

| | | |
|---|---|---|
| നിധനം | - | വധം |
| ഹലീ | - | ബലരാമൻ |
| ഹേതു | - | കാരണം |
| ഭവതി | - | ഭവിയ്ക്കുന്നു. |
| തഥാപി | - | അപ്രകാരമാണെങ്കിലും |
| ഏഷ: | - | ഇയാൾ (ബലരാമൻ) |
| തേ | - | നിന്റെ (അർജ്ജുനന്റെ) |
| സഹജസുഹൃദ: | - | എല്ലാ സമയത്തിങ്കലും സുഹൃത്തായ |
| മധുരിപോ: | - | കൃഷ്ണന്റെ |
| ഭ്രാതാ | - | സഹോദരൻ |
| അത: | - | അതുകൊണ്ട് (ബലരാമനിൽ) |
| ക്രോധ: | - | കോപം |
| ന | - | വേണ്ടതില്ല |
| ഖലു | - | ഉറപ്പ് |
| കാര്യ: ചേൽ | - | ചെയ്യേണ്ടതെന്തെന്നാൽ |
| ഭവത: | - | ഭവാന്ന് |
| പ്രേമ | - | സ്നേഹം |
| മയി | - | എന്നിൽ |
| ചേൽ | - | എങ്കിൽ |
| വനം | - | കാടിലേക്ക് |
| ഗച്ഛേര: | - | ഗമിക്കുവിൻ |
| പുന: | - | വീണ്ടും |
| അകരുണാം | - | കരുണ ഇല്ലാത്ത |
| ക്ഷാത്രപദവീം | - | ക്ഷത്രിയപദവിയിലേയ്ക്ക് |
| മാ | - | അരുത്, പോകരുത് |
| ഗാ | - | പോവുക |

വാസ്തവത്തിൽ എന്റെ വത്സന്റെ (ഭീമസേനൻ) വധം ബലരാമൻ കാരണമായിട്ട് ഭവിച്ചു എങ്കിലും അവൻ എല്ലാ സമയത്തിങ്കലും സഹോദരന്റെ സുഹൃത്തായ കൃഷ്ണന്റെ ജ്യേഷ്ഠനുമാണ്. അതുകൊണ്ട് അദ്ദേഹത്തിൽ കോപം അരുത്. ഭവാന്റെ മനസ്സിൽ സഹോദര സ്നേഹമുണ്ടെങ്കിൽ ചെയ്യേണ്ടതെന്തെന്നാൽ കരുണയില്ലാത്ത ക്ഷത്രിയ പദവിയെ ഉപേക്ഷിച്ച് വനത്തിലേയ്ക്ക് പോയാലും.

കഞ്ചുകീ: യദാജ്ഞാപയതി ദേവ: (ഇതി നിഷ്ക്രാന്ത:) അപ്രകാരം തന്നെ (പോകുന്നു)

യുധിഷ്ഠിര: (അഗ്നിം ദൃഷ്ട്വാ, സഹർഷം) കൃഷ്ണേ, നനൂദ്ധുതശിഖാഹസ്താഹൂതാസ്മദ്വിധവ്യസനിജന: സമിദ്ധോ ഭഗവാൻഹുതാശനസ്തത്രേന്ധനീകരോമ്യാത്മാനം/ (അഗ്നിയെ നോക്കി ആഹ്ലാദത്തോടെ) കൃഷ്ണേ, ഉയർന്നു കത്തുന്ന ജ്വാലകളാകുന്ന കൈകൾകൊണ്ട് ഞങ്ങളെപ്പോലെ വ്യസനിജനത്തെ വിളിക്കുന്ന അഗ്നിഭഗവാൻ ഇതാ ജ്വലിയ്ക്കുന്നു. ഇതിൽ സ്വയം ഇന്ധനമാകുന്നുണ്ട്, ഞാൻ.

ദ്രൗപദീ: പസീദദു പസീദദു മഹാരായൊ ഇമിണ അപച്ഛരിമേണ പണയേണ/ അഹം ദാവ അഗ്ഗദോ പവിസാമി. (പ്രസീദതു പ്രസീദതു മഹാരാജോനേനാപശ്ചിമേനപ്രണയേന. അഹം താവദഗ്രതഃ പ്രവിശാമി) എന്റെ അന്തിമമായ പ്രാർത്ഥനയിൽ രാജാവ് പ്രസാദിച്ചാലും. ഞാൻ തന്നെ ആദ്യം അഗ്നി പ്രവേശം ചെയ്യുന്നുണ്ട്.

യുധിഷ്ഠിര: സഹിതാവേവാഭ്യുദയമുപഭോക്ഷ്യാവഹേ! നമുക്ക് ഒരുമിച്ചു തന്നെ അഭ്യുദയത്തെ അനുഭവിയ്ക്കാം.

ചേടി ഹാ ഭയവന്തൊ ലോഅവാലാ, പരിത്തായഹ, പരിത്തായഹ
ഏസൊക്ഖു സോമവംസരായേസീരായസൂയസംതപ്പിദഹവ്വ വാഹോ ഖണ്ഡവസംപ്പിദഹുദവഹസ്സ കിരീടിഡിണൊ ജേട്ഠോ ഭാസുഗ്ഗഹീഹണാമഹേയോ രായ മഹാ ജൂഹിട്ഠിരോ. ഏസാവി പാഞ്ചാലരായകണയാ ദേവി വേദി മജ്ജസംഭവാജണ്ണസേണീ.
ദുവേ വിണിക്കരുണജലണസ്സപ്പവേസേണീ ഇന്ധണീഹോന്തി താപരിത്തായഹ അജ്ജാപരിത്തായഹ.
കധംണ കോവിംപരിത്തായദി(തയോരഗ്രതഃ പതിത്വാ)
കിംവവസിദം ദേവീയേ ദേവേണയ (ഹാ ഭഗവന്തോ ലോകപാലാഃ, പരിത്രായദ്ധ്വം പരിത്രായദ്ധ്വം.
ഏഷ ഖലു സോമവംശരാജർഷീ രാജസൂയസന്തർപ്പിതഹവ്യവാഹഃ ഖാണ്ഡവസ-ന്തർപ്പിതഹുതവഹസ്യ കിരീടിനോ ജ്യേഷ്ഠോ ഭ്രാതാ സുഗൃഹീതനാമധേയോ മഹാരാജയുധിഷ്ഠിര: ഏഷാപി പാഞ്ചാലരാജ തനയാ ദേവീ വേദി മദ്ധ്യ സംഭവാ യാജ്ഞ സേനീ.
ദ്വാവപി നിഷ്ക്കരുണജ്വലനസ്യ പ്രവേശേനേന്ധനീഭവത:
തൽപരിത്രായദ്ധ്വമാര്യാ പരിത്രയദ്ധ്വം.
കഥം ന കോപി പരിത്രായതേ.

കിം വ്യവസിതം ദേവ്യാ ദേവേന ച) കഷ്ടം ലോക പാലകന്മാരായ ഭഗവന്മാരെ, നിങ്ങൾ രക്ഷിച്ചാലും ഇദ്ദേഹം സോമവംശത്തിലെ രാജർഷിയും രാജസൂയത്താൽ അഗ്നിയെ സന്തോഷിപ്പിച്ചവനും ഖാണ്ഡവ ദാഹം കൊണ്ട് കൃശാനുവിന് സംതൃപ്തി ചേർത്തവനായ അർജ്ജുനന്റെ ജേഷ്ഠ സഹോദരനും സുഗൃഹീതനാമത്തോടു കൂടിയവനും ആയ യുധിഷ്ഠിര മഹാരാജാവ് ആണല്ലൊ? പാഞ്ചാല രാജപുത്രിയായ ഈ ദേവി വേദി മദ്ധ്യത്തിൽ നിന്ന് സംഭവിച്ച യജ്ഞസേനിയാകുന്നു. ഈ രണ്ട് പേരും നിഷ്ക്കരുണനായ അഗ്നിയിൽ ചാടി ദഹിയ്ക്കുവാൻ ആരംഭിയ്ക്കുന്നു. അതു ഹേതുവായിട്ട് നിങ്ങൾ രക്ഷിച്ചാലും (അവരുടെ മുമ്പിൽ ചെന്നിട്ട്) ദേവിയും ദേവനും എന്തു ചെയ്യാനായിക്കൊണ്ട് ആരംഭിയ്ക്കുന്നു.

യുധിഷ്ഠിര: അയി ബുന്ധമതികെ, യന്നാഥേന പ്രിയാനുജേന വിനാ സദൃശം തത് ഉത്തിഷ്ഠോത്തിഷ്ഠ, ഭദ്രേ, ഉദകമുപാനയ (ചേടീ തഥാ കരോതി) അല്ലേ ബുന്ധിമതികേ, വത്സനായ പ്രിയാനുജനോട് കൂടാതെയിരുന്നാൽ എന്താണോ യുക്തമായിട്ടുള്ളത് അതുതന്നെ! ഭദ്രേ വേഗം പോയി വെള്ളം കൊണ്ടുവന്നാലും (ചേടി

പ്രകാരം ചെയ്യുന്നു)

(യുധിഷ്ഠിര : (പാദൗ പ്രക്ഷാള്യോപസപൃശ്യ) കാലുകഴുകി ആചമിച്ച്) ഏഷ താവത്സലിലാഞ്ചലിർഗ്ഗാംഗേയായ ഭീഷ്മായ ഗുര വേ പ്രപിതാമഹായ ശാന്ത നവേ
അയമപി പിതാമഹായ വിചിത്രവീര്യായ (സാസ്രം) താതസ്യാധുനാവസരഃ
അയ താവത്സ്വർഗ്ഗസ്ഥിതായ സുഗൃഹീതനാമ്നേപിത്രേ പാണ്ഡവേ.
ഇതാ ഉദകതർപ്പണം ഗാംഗേയനായ ഭീഷ്മ ഗുരുവിനായിക്കൊണ്ട്, പ്രപിതാമ ഹനായ ശന്തനുവിനായിക്കൊണ്ട്. വിചിത്രവീര്യനാകുന്ന പിതാമഹനാകുന്ന ഈ ഉദക തർപ്പണം (കണ്ണു നീരോടെ) ഇനി അച്ഛനുള്ളതാണല്ലോ? ഈ ഉദക തർപ്പണം സ്വർഗ്ഗസ്ഥിതനായി പാണ്ഡുവെന്ന് സുഗൃഹീതനാമാവാകുന്ന അച്ഛനായിട്ടുള്ളതാകുന്നു.

ശ്ലോകം 29 : അദ്യപ്രഭൃതി വാം ദത്തമസ്മത്തോ ദുർല്ലഭം പുനഃ
താത!ത്വയാംബയാ സാർദ്ധം മയാ ദത്തം നിപീയതാം

അന്വയം :

| | | |
|---|---|---|
| താത | - | അല്ലയോ പിതാവേ |
| വാം | - | അങ്ങയ്ക്കായി |
| ദത്തം | - | ദാനം ചെയ്ത (ജലം) |
| പുനഃ | - | പിന്നെ |
| അദ്യ | - | ഇത് (ഇപ്പോൾ) |
| പ്രഭൃതി | - | തുടങ്ങി (ആരംഭം) |
| അസ്മത്തഃ | - | ഞങ്ങളാൽ |
| ദുർലഭം | - | ദുർലഭമാണ് (ദുഷ്പ്രാപ്യമാണ്) |
| അംബയാ | - | മാതാവിനോട് (മാദ്രീ) |
| സാർദ്ധം | - | കൂടി |
| ത്വയാ | - | അങ്ങയ്ക്കായികൊണ്ട് |
| മയാ | - | എന്നാൽ (യുധിഷ്ഠിരനാൽ) (അർപിക്കപ്പെട്ടത്) |
| ദത്തം | - | ദത്തമായത് |
| നിപീയതാം | - | പാനം ചെയ്താലും (സ്വീകരിച്ചാലും) |

അല്ലേ പിതാവ് ഞങ്ങൾ മുൻപ് തന്ന ഉദകക്രിയ. ഇനി മുതൽ ഞങ്ങളാൽ ദുഷ്പ്രഷ്യമാണ് (ഞങ്ങൾ ഉണ്ടാകില്ല). അതുകൊണ്ട് മാദ്രീ മാതാവിനോടുകൂടി ഞങ്ങൾ തരുന്ന ഈ വെള്ളം അങ്ങയാൽ സ്വീകരിച്ചാലും (പാനം ചെയ്താ ലും)

ശ്ലോകം 30 : ഏതജ്ജലം ജലജനീലവിലോചനായ
ഭീമായ ഭോസ്തവ മമാപ്യവിഭക്തമസ്തു
ഏകം ക്ഷണം വിരമ വത്സ വിപാസിതോ £ പി
പാതും ത്വയാ സഹ ജവാദയമാഗതോസ്മി

അന്വയം : ജലജനിലവിലോചനായ താമരപൂവിതൾ പോലെ നീണ്ട മനോഹരമായ

കണ്ണുള്ളവനായ

| | | |
|---|---|---|
| ഭീമായ | - | ഭീമാനായിക്കൊണ്ട് |
| ഇദം | - | ഈ |
| ജലം | - | വെള്ളം (ജലതർപ്പണം ഭവിക്കുന്നു) |
| ഭോ | - | അല്ലേ |
| വത്സ | - | പ്രിയപ്പെട്ടവനെ (അനുജ) |
| തവ | - | നിനക്ക് |
| മമ | - | എനിക്ക് |
| അപി | - | ഉം |
| അവിഭക്ത | - | ഒന്നിച്ച് |
| അസ്തു | - | ആയിത്തീരട്ടെ |
| പിപാസിതഃ | - | ദാഹം ഉള്ളവനെ |
| ആപി | - | |
| ഏകം | - | കുറച്ച് |
| ക്ഷണം | - | സമയം |
| വിരമം | - | ക്ഷമിയ്ക്കുക. |
| ത്വയാ | - | നിന്നോട് |
| സഹ | - | കൂടി |
| പാതും | - | പാനം ചെയ്യാനായിക്കൊണ്ട് |
| അയം | - | ഈ ഞാൻ |
| ജവാൽ | - | പെട്ടെന്ന് |
| ആഗതഃ | - | വരുന്നവനായി |
| അസമി | - | തീരുന്നുണ്ട് |

ജനജനീലവിലോചനനായ ഭീമനായിക്കൊണ്ട് ഞാൻ ഈ ജലം നൽകുന്നു. അല്ലയോ വത്സ (ഭീമസേന)ദാഹമുണ്ടെങ്കിലും കുറച്ചു സമയം ഭവാൻ കാത്തു നിന്നാലും; നമുക്ക് ഒരുമിച്ച് പാനം ചെയ്യാം. ഞാൻ ഇതാ പെട്ടെന്ന് നിന്റെ സമീപത്തേയ്ക്ക് വരുന്നുണ്ട്.

അഥവാ സുക്ഷത്രിയാണാം ഗതിമുപഗതവത്സമഹമുപഗതോ £പ്യകൃതീ ദ്രഷ്ഠും. വത്സ, ഭീമസേന/ അല്ലെങ്കിൽ സുക്ഷത്രിയന്മാരുടെ ഗതിയെ പ്രാപിച്ചി രിയ്ക്കുന്ന ആവത്സനെ കാണാനായിക്കൊണ്ട് ഞാൻ പോയാലും സാധിയ്ക്കു കയില്ല. വത്സ - ഭീമസേന.

ശ്ലോകം 31 : മയാ പീതം തദനു ഭവതാംബാസ്തനയുഗം
യദുച്ഛരിഷൈടർവൃത്തിം ജനയസി രസൈർവത്സലതയാ
വിതാനേഷ പ്യേവം തവ മമ ച സോമേ വിധിരഭു
ന്നിവാപാംഭഃ പൂർവം പിബസി കഥമേവം ത്വമധുനാ

| | | | | |
|---|---|---|---|---|
| അന്വയം | : | അംബാസ്തനയുഗം | - | അമ്മയുടെ സ്തന്യയുഗത്തെ |
| | | മയാ | - | എന്നാൽ |

| | | |
|---|---|---|
| പീതം | - | കുടിക്കപ്പെട്ടതിൽ |
| തദനു | - | പിന്നീട് |
| ഭവതാ | - | ഭവാനാൽ (നിന്നാൽ) |
| പീതം | - | കുടിക്കപ്പെട്ടു |
| വത്സലതയാ | - | വാത്സല്യംകൊണ്ട് |
| മദുഛിഷ്ടൈ | - | എന്റെ ഉഛിഷ്ടങ്ങളെ |
| രസൈ | - | ഭക്ഷണങ്ങളാക്കി |
| വൃത്തിം | - | ജീവനവൃത്തിയെ |
| ജനയസി | - | നീ ചെയ്ത |
| വിതാനേഷു | - | യാഗങ്ങളിൽ |
| തവ | - | നിന്റെയും |
| മമച | - | എന്റെയും |
| സോമേ | - | സോമരസ പാനത്തിൽ |
| ഏവം | - | അപ്രകാരം (ഈ ക്രമമായിരുന്നു) |
| വിധിഃ | - | ക്രമത്തിൽ (ഈ ക്രമമായിരുന്നു) |
| അഭുത | - | ഭവിച്ചു (ഈ ക്രമമായിരുന്നു) |
| അധുനാ | - | ഇപ്പോൾ |
| കഥം | - | എന്ത് |
| ഏവം | - | ഇപ്രകാരം |
| നിവാപാംഭഃ | - | ശേഷക്രിയാജലത്തെ (തിലമിത്രീതമായ) |
| പൂർവ്വം | - | ആദ്യം (മുൻപ്) |
| ത്വം | - | നീയ് |
| പിബസി | - | പാനം ചെയ്യുന്നു. |

അല്ലേ വത്സാ ഭീമസേനാ - എന്നാൽ പീതമായ അംബാസ്തന്യത്തെ (മുലപ്പാൽ) അതിനു ശേഷം നിന്നാൽ പീതാമയി. (നീകുടിച്ചു) വാത്സല്യം ഹേതുവയിട്ട് എന്റെ ഉഛിഷ്ഠമായ ഭക്ഷണങ്ങളെ നീയ് ഭക്ഷിച്ചു. യാഗസമയത്ത് സോമരസവും (മദ്യം) ക്രമേണ അപ്രകാരം തന്നെ ഭവിച്ചു. (ചെയ്തു) ഇപ്പോൾ ആകട്ടെ എന്തു കൊണ്ട് തർപണ ജലത്തെ ആദ്യം നീ പാനം ചെയ്തു. (എന്റെ മരണശേഷമേ നിന്റെ മരണം സമുചിതമാകൂ എന്ന് സാരം)

കൃഷ്ണേ, ത്വമപി ദേഹി സലീലാഞ്ജലിം - /കൃഷ്ണേ നീയും തർപ്പണം ചെയ്താലും

ദ്രൗപദീ : ഹഞ്ജ ബുദ്ധിമദിയേ, ഉവണേഹി മേ സലിലം! (ഹഞ്ജേബുദ്ധിമതികേ, ഉപനയ മേ സലിലം) അല്ലേ ബുദ്ധിമതികേ, എനിയ്ക്ക് വെള്ളം കൊണ്ടുവന്നാലും. (ചേടീ തഥാ കരോതി) ചേടി അപ്രകാരം ചെയ്യുന്നു
(ദ്രൗപദീ (ഉപസൃത്യ ജലാഞ്ജലിം പുരയിത്വാ) മഹാരായ കസ്സ സലിലം ദേമി (മഹാരാജ, കസ്യ സലിലം ദദാമി) അല്ലേ മഹാരാജാവോ ആർക്കാണ് ഞാൻ വെള്ളം കൊടുക്കേണ്ടത്?

യുധിഷ്ഠിര :

ശ്ലോകം 32 : തസ്മൈ ദേഹി ജലം കൃഷ്ണേ സഹസാ ഗഛതേ ദിവം
അംബയാപി യേന ഗാന്ധാര്യാരുദിതേന സമീകൃതാ

അന്വയം : ദിവം - സ്വർഗ്ഗം
കൃഷ്ണേ! - അല്ലയോ ദ്രൗപദീ
സഹസാ - പെട്ടെന്ന്
ഗഛതേ - പോകുന്ന
തസ്മൈ - അവനായിക്കൊണ്ട് (ഭീമസേനന്)
ജലം - വെള്ളം
ദേഹി - കൊടുത്താലും
യേന - യാതൊരുവൻ (ഭീമൻ)
അംബാ - കുന്തീമാതാവ്
അപി - ഉം
രുദിതേന - രോദനത്താൽ
രുദിതേന - രോദനത്താൽ
ഗാന്ധാര്യാ - ഗാന്ധാരീമാതാവിനൊപ്പം
സമീകൃതാ - സമാനയാക്കപ്പെട്ടു

യാതൊരുത്തനാൽ കുന്തീമാതാവ് രോദനത്താൽ ഗാന്ധാരീ മാതാവിന് തുല്യ മാക്കപ്പെട്ടുവോ  പെട്ടെന്ന് സ്വർഗ്ഗത്തേക്ക് ഗമിക്കുന്നവനായ ആ ഭീമനായിക്കൊണ്ട് ആദ്യം ഉദകക്രിയ ചെയ്താലും

ദ്രൗപദീ : ണാഹ ഭീമസേണ, പരിയണോസവണീദം ഉദയം സഗ്ഗഗദസ്സ ദേ പാദോദയം ഭോദു (നാഥ, ഭീമസേന, പരിജനോപനീതമുദകം സ്വർഗതസ്യ തേ പാദോദകം ഭവതു) അല്ലേ നാഥാ, ഭീമസേന, പരിജനത്താൽ ദത്തമായ ഈ ജലം സ്വർഗ്ഗത്ത പ്രാപിച്ചിരിയ്ക്കുന്ന അങ്ങയ്ക്ക് കാലുകഴുകുന്നതിനായി ഭവിയ്ക്കട്ടെ.

യുധിഷ്ഠിര : ഫൽഗുനാഗ്രജ, /അർജ്ജുനാഗ്രജഃ

ശ്ലോകം 33 : അസമാപ്തപ്രതിജ്ഞേ £പി യാതേ ത്വയി മഹാഭുജേ
മുക്തകേശ്യൈവ ദത്തസ്തേ പ്രിയയാ സലിലാഞ്ജലിഃ

അന്വയം : അസമാപ്തപ്രതിജ്ഞേ - പൂർണ്ണമാക്കാത്ത പ്രതിജ്ഞ (സഫലമാകാത്ത)
അപി - ഉം
മഹാഭുജേ - ശക്തങ്ങളായ കൈകളോടു കൂടിയ
ത്വയി - നിന്നിൽ
യാതേ - യാനം ചെയ്യവേ
തേ - നിന്റെ
പ്രിയയാ - പ്രിയയാൽ
മുക്തകേശ്യൈ - അഴിച്ചിട്ടമുടി

ഏവ - തന്നെ
സലിലാഞ്ജലി - ഉദകക്രിയ
ദത്തഃ - അർപിക്കപ്പെട്ടു

അല്ലേ അർജ്ജുനാഗ്രജാ (ഭീമാ) ശക്തങ്ങളായ കൈകളോടു കൂടിയവനാണെങ്കിലും പ്രതിജ്ഞ സഫലമാകാതെ നീ പോയതിൽ. അഴിച്ചിട്ട മുടിയോടു കൂടിയ നിന്റെ പ്രിയയാൽ നിനക്ക് ഉദകക്രിയ ചെയ്യപ്പെട്ടിരിക്കുന്നു.

ദ്രൗപതീ : ഉട്ഠേഹിമഹാരായ, ദൂരം ഗയ്ഛദി ദേ ഭാ ദാ! (ഉത്തിഷ്ഠ മഹാരാജ, ദൂരം ഗഛതി തേഭ്രാതാ) അല്ലേ മഹാരാജാവേ എഴുന്നേറ്റാലും അങ്ങയുടെ ഭ്രാതാവ് വളരെ ദൂരം പോയിരിക്കുന്നു.

യുധിഷ്ഠിര : (ദക്ഷിണാക്ഷിസ്പന്ദനം സൂചയിത്വാ) പാഞ്ചാലീ, നിമിത്താനി മേ കഥയന്തി സംഭാവയിഷ്യസി വൃകോദരമിതി,
ഭവതു ശീഘ്രം ദഹനമുപസർപാവഃ
(വലതു കണ്ണു ഇളകുന്നതായി നടിച്ച്) അല്ലേ. പാഞ്ചാലീ നീയ് വൃകോദരനെ പ്രാപിക്കുമെന്ന് നിമിത്തങ്ങൾ പറയുന്നു. ആകട്ടെ, നമുക്കെളുപ്പം അഗ്നി സമീപത്തെത്താം.

ദ്രൗപദി : മഹാരായ, സുണ്ണിമിത്തം ഭോദു (മഹാരാജ സുനിമിത്തം ഭവതു) മഹാരാജാവേ നല്ല നിമിത്തം ഭവിയ്ക്കട്ടെ.

(നേപഥ്യേ കളകള)അണിയറയിൽ കോലാഹലം

കഞ്ചുകി : (പ്രവിശ്യ സംഭ്രാന്തഃ) പരിത്രായതാം പരിത്രായതാം മഹാരാജഃ ഏഷ ഖലു ദുരാച്ഛ്റിതത്മാ കൗരവാപസദഃ ക്ഷതജാഭിഷേകപാടലിതാ ബരശരീരഃ സമുദിഗ്ധഭീഷണഗദാശനിരുദ്യതകാലദണ്ഡ ഇവ കൃതാന്തോ £ത്രഭവതീം പാഞ്ചാലരാജതനയാമിതസ്തതഃ പരിമാർഗ്ഗമാണ ഇത ഏവാഭിവർതതേ! അല്ലേ മഹാരാജാവേ, രക്ഷിച്ചാലും, രക്ഷിച്ചാലും ഈ ദുർബുന്ധിയായ കൗരവാധമൻ രക്താഭിഷേകം കൊണ്ട് ചുകന്നിരിയ്ക്കുന്ന വസ്ത്രശരീരങ്ങളോടുകൂടിയവനായി ഭയങ്കരമായ വലിയഗദ എടുത്തു കാലദണ്ഡത്തോടു കൂടിയ കൃതാന്തനെപ്പോലെ(കാലൻ) ആദരണീയനായ പാഞ്ചാലിയെ അന്വേഷിച്ചുകൊണ്ട് ഇവിടേയ്ക്ക് തന്നെ വരുന്നു.

യുധിഷ്ഠിര : ഹാ ദൈവ, തേന നിർണയോ ജാതഃ/ഹാ ഗാണ്ഡീവധന്വൻ (ഇതി മുഹ്യതി) ഹാ കഷ്ടം, ഇപ്പോൾ തീർച്ചയായി! അയ്യോ ഗാണ്ഡീവധാരിൻ (മോഹാലസ്യപ്പെടുന്നു) (അർജ്ജുനവധ നിശ്ചയം)

ദ്രൗപദി : ഹാ അയ്യവൃത്ത, ഹാ മമ സയംബരസയങ്ഗാഹകുടുംബ പിയം ഭാദുയം അണുഗ ദോസി! ണ ഉണ മഹാരായം ഇമം ദാസജണം യം! (ഇതി മോഹമുപഗതാ) (ഹാആര്യ പുത്ര, ഹാ മമ സ്വയംവര സംഗ്രാഹകുടുംബ, പ്രിയം ഭ്രാതരമനുഗതോ£സി! പുനർമഹാരാജമിമം ദാസജനം/ച) അയ്യോ ആര്യപുത്ര, അയ്യോ സ്വയംവര സ്വീകാരത്താൽ പോഷകനായവനോ അങ്ങ് പ്രിയഭ്രാതാവിനെ അനുഗമിച്ചല്ലോ? അല്ലാതെ മഹാരാജാവിനെയും ഈ ദാസ ജന

ത്തെയും അനുവർത്തിച്ചില്ല.

യുധിഷ്ഠിര : ഹാ വത്സ, സവ്യസമചിൻ, ഹാ അസദൃശമല്ല, ഹാ നിവാതകവചോദ്ധരണനിഷ്കണ്ടകീകൃതാമരലോക, ഹാ ബദര്യാശ്രമമുനിദ്വിതീയതാപസ, ഹാ ദ്രോണാചാര്യ പ്രിയശിഷ്യ, ഹാ അസ്ത്രശിക്ഷാബലപരിതോഷിതഗാംഗേയ, ഹാ രധേയകുലകമലിനീപ്രാലേയവർഷ, ഹാ ഗന്ധർവനിർവാസിതദുര്യോധന, ഹാ പാണ്ഡവകുലകമലിനീരാജഹംസ (അയ്യോ വത്സ, സവ്യസാചിൻ ഹേ, അനുപമ യോദ്ധാവായുള്ളവനേ, നിവാതകവചന്മാരെ നിഗ്രഹിച്ച് അമരലോകത്തെ നിഷ്ക്കണ്ടകമാക്കിയവനെ ബദര്യാശ്രമത്തിലെ രണ്ടാമത്തെ താപസനായവനെ, ദ്രോണാചാര്യന്റെ പ്രിയശിഷ്യ, അസ്ത്രശിക്ഷാബലം കൊണ്ട് ഭീഷ്മനെ സന്തോഷിപ്പിച്ചവനെ, കർണകുലമാകുന്ന പൊയ്കയ്ക്ക് ഹിമാപതമെന്നപോലുള്ളവനെ ഗന്ധർവനിൽ നിന്ന് ദുര്യോധനനെ രക്ഷിച്ചവനെ, പാണ്ഡവകുലമാകുന്ന നളിനിയിൽ രാജഹംസമായവനെ..

ശ്ലോകം 34 : താം വത്സലാമനഭിവാദ്യ വിനീതമംബാം
ഗാഢം ച മാമനുപഗുഹ്യ മയാഽപ്യനുക്തഃ
ഏതാം സ്വയംവരവധൂ ദയിതാമദൃഷ്ട്വാ
ദീർഘപ്രവാസമയി താത കഥം ഗതോഽസി.

അന്വയം :

| | | |
|---|---|---|
| അയി | - | എന്റെ |
| താത | - | അർജ്ജുനൻ |
| വത്സലാം | - | വാത്സല്യം |
| താം | - | ആ |
| അംബാം | - | അമ്മയെ |
| വിനീത | - | വിനീതമായിട്ട് |
| അനഭിവാദ്യ | - | അഭിവാദ്യം ചെയ്യാതെ |
| മാം | - | എന്നെ |
| ഗാഢം | - | ഏറ്റവും |
| അനുപഗുഹ്യ | - | ആലിംഗനം ചെയ്യാതെ |
| മയാ അപി | - | എന്നോടും |
| അനുക്തഃ | - | പറയാതെ |
| ഏതാം | - | ഈ |
| സ്വയംബരവധൂ | - | സ്വയംവരവധൂവിനെ (പാഞ്ചാലിയെ) |
| അദൃഷ്ട്വാ | - | കാണാതെ (കാണാതെയും) |
| ച | - | ഉം |
| ദീർഘപ്രവാസം | - | ദീർഘയാത്ര (മൃത്യു) |
| കഥം | - | എങ്ങനെ |
| ഗതഃ | - | ഗമിച്ചു |
| അസി | - | ഭവിയ്ക്കുന്നു. |

എന്റെ വത്സലനായ അർജ്ജുനാ, അമ്മയെ വിനയത്തോടെ അഭിവാദ്യം ചെയ്യാ

തെയും എന്നെ ഗാഢമായി ആലിംഗനം ചെയ്യാതെയും പാഞ്ചാലിയോട് ഒന്നും പറയാതെയും ദീർഘയാത്രയ്ക്കായി പോയല്ലോ? (എങ്ങനെ നിനക്ക് പോകാൻ കഴിഞ്ഞു)
(മോഹമുപഗത:) മോഹാലസ്യപ്പെടുന്നു.

കഞ്ചുകീ - (ചേടീം പ്രതി) ഇദാനീം ഭോഃ കഷ്ടം. ഏഷകൗരവാധിമോ യഥേഷ്ടമിഹൈവ പ്രവർതതേ. സർവഥാ പ്രവേശകാലഃ ചിതാസമീപമുപനയാമ്യത്രഭവതീം പാഞ്ചാലരാജതനയാം. അഹമ പ്യേവമേവാനുഗച്ഛാമി. ഭദ്രേ, ത്വമപി ദേവ്യാ ഭ്രാതാം ധൃഷ്ടദ്യുമ്നം നകുലസഹദേവന വാഽവാപ്നുഹി. ഏവമഹസ്ഥിതേ മഹാരാജേ ഽസ്തമിതയോർഭീമാർജുനമയോഃ കുതോ ഽത്ര പരിത്രാണാശാ (ചേടിയോട്) ഇപ്പോൾ എന്ത് കഷ്ടം! ഈ നീചകരവൻ യഥേഷ്ടം ഇങ്ങോട്ട് തന്നെ വരുന്നു. ഇതെന്തുകൊണ്ടും ചിതാപ്രവേശത്തിന് യോജിച്ച സമയം തന്നെ. പാഞ്ചാലിയുടെ ചിതാസമീപത്തേക്ക് പോരുകതന്നെ. ഭദ്രേ, നീ ധൃഷ്ടദ്യുമ്നന്റെയോ നകുലസഹദേവന്മാരുടെയോ അടുത്തേക്ക് പോകുക. ഭീമാർജ്ജുനന്മാർ നഷ്ടപ്പെട്ടതായ മഹാരാജാവിന്റെ ഈ അവസ്ഥയിൽ രക്ഷാമാർഗം മറ്റെന്താണ്?

ചേടീ - പരിത്തായഹ, പരിത്തായഹ അജ്ജാ (പരിത്രായധ്വം പരിത്രായധ്വമാര്യഃ) രക്ഷിച്ചാലും. ആര്യ, രക്ഷിച്ചാലും

(തേപഥ്യേകളകളാനന്തരം) കോലാഹലാനന്തരം നേപഥ്യത്തിൽ

ഭോംഭോഃ സമന്തപഞ്ചകസഞ്ചാരിണഃ ക്ഷതജാസ്വാദമത്തയക്ഷരാക്ഷസപിശാചഭൂതവേതാളകങ്കഗൃദ്ധ്രജംബൂകവായസഭൂയിഷ്ഠാ അവശിഷ്ടവിരളാശ്ചയോദ്ധാഃ, കൃതമസ്മദ്ദർശനസന്ത്രാസേന.
കഥയത, ഭവന്തഃ കസ്മിന്നു ദേശേ യാജ്ഞസേനീ സന്നിഹിതേതി. കഥയാമി ലക്ഷണം തസ്യാഃ/ അല്ലേ സമന്ത പഞ്ചക സഞ്ചാരികളേ, രക്തപാനമത്തരായ യക്ഷൻ, രാക്ഷസ, പിശാച, കഴുക, കാക, ക്രോഷ്ടാക്കളുടെ സംഖ്യാധിക്യത്താൽ കുറച്ചുമാത്രമായി അവശേഷിച്ച ഭടന്മാരേ, എന്നെ കണ്ടിട്ട് ഭയപ്പെടേണ്ട. പാഞ്ചാലി ഏതു പ്രദേശത്തിങ്കൽ വസിയ്ക്കുന്നു എന്നും അവൾ എങ്ങിനെയിരിയ്ക്കുന്നു എന്നും നിങ്ങൾ പറഞ്ഞാലും. ഞാൻ അവളുടെ ലക്ഷണം പറയാം.

ശ്ലോകം 35 : ഊരു കരേണ പരിഘട്ടയതഃ സലീലം
ദുര്യോധനസ്യ പുരതോഽപഹൃതാംബരാ യാ
ദുഃശാസനസ്യ കരകർഷണഭിന്നമൗലി:
സാ ദ്രൗപദീ കഥയത ക്വപുനഃ പ്രദേശേ

| | | |
|---|---|---|
| അന്വയം : സലീലം | - | ലീലയോടുകൂടി |
| കരേണ | - | കൈകൊണ്ട് |
| ഊരൂ | - | തുടകളിൽ |
| പരിഘട്ടയതഃ | - | താളം പിടിച്ച് |
| ദുര്യോധനസ്യ | - | ദുര്യോധനന്റെ |

| | | |
|---|---|---|
| പുരതഃ | - | പുരോഭാഗത്തിങ്കൽ |
| യാ | - | യാവളൊരുത്തി |
| അപഹൃതാംബരാ | - | അപഹൃതമായ വസ്ത്രത്തോടുകൂടി |
| ദുഃശാസനസ്യ | - | ദുഃശാസനന്റെ |
| കരകർഷണഭിന്നമൗലിഃ- | | പിടിച്ചുവലി കൊണ്ട് ഭിന്നമായ മൗലിയോടുകൂടിയ |
| (വീണു | | പോയ ചൂഡാരത്നം) |
| സാ | - | ആ |
| ദ്രൗപദീ | - | ദ്രൗപദി |
| പുനഃ | - | പിന്നെ |
| ക്വ | - | ഏത് |
| പ്രദേശേ | - | പ്രദേശത്തിൽ (വസിക്കുന്നു എന്ന്) |
| കഥയത | - | പറഞ്ഞാലും |

ലീലയോടു കൂടി കൈകൾക്കൊണ്ട് തുടയിൽ താളം പിടിച്ചിരിയ്ക്കുന്ന ആ ദുര്യോധനന്റെ പുരോഭാഗത്തിങ്കൽ അപഹൃത വസ്ത്രയായവളും ദുഃശാസ നന്റെ കരകർഷണം കൊണ്ട് ചൂഡാരത്നം വീണുപോയവളുമായി യാതൊരുവൾ (ദ്രൗപദി) ഏതു പ്രദേശത്തിങ്കൽ വസിയ്ക്കുന്നു എന്നീ വണ്ണം പറഞ്ഞാലും.

കഞ്ചുകി : ഹാ ദേവി, യജ്ഞവേദിസംഭവേ, പരിഭൂയസേ സംപ്രത്യനാഥാ കുരുകുലകള ങ്കേന! ഹാദേവി, യജ്ഞവേദിയിൽ സംഭവിച്ചവളെ, ഇപ്പോൾ അനാഥയായി ഭവിച്ച ഭവതി,കുരുകുലത്തിന് കളങ്കമായിട്ടുള്ളവനാൽ (ദുര്യോധനൻ) അപമാ നിക്കപ്പെടാൻ പോകുന്നല്ലോ?

യുധിഷ്ഠിര : (സഹസോത്ഥായ) പാഞ്ചാലീ, ന ഭേതവ്യം ന ദേതവ്യം (സസംഭ്രമം) കഃ കോ £ ത്ര ഭോഃ. സന്നിഷജഗമേ ധനുരുപനയ! ദുരാത്മൻ, ദുര്യോധനഹതക, ആഗ ച്ഛാഗച്ഛ! അപനയാമി തേ ഗദാകൗശലസംഭൃതം ഭൂജദർപം ശിലീമുഖാസാ രേണ! അന്ന്യച്ച രേ കുരുകുലാംഗാര,/ പാഞ്ചാലീ ഭയപ്പെടേണ്ട. ആര്? ആര വിടെ? ആവനാഴിയോട് കൂടി എന്റെ വില്ല് കൊണ്ടു വന്നാലും. ദുഷ്ടനും നീച നുമായ ദുര്യോധനാ വന്നാലും. ഗദാകൗശലം കൊണ്ട് സംഭവിച്ച നിന്റെ ഭൂജ ദർപ്പത്തെ ഞാൻ ശരമാരി കൊണ്ട് ഇല്ലാതാക്കുന്നുണ്ട്. മാത്രമല്ല എടാ കുരുകു ലത്തിന് ദാഹകനായുള്ളവനേ (വിനാശാഗ്നി)

ശ്ലോകം 36 : പ്രിയമനുജമപശ്യംസ്തം ജരാസന്ധശത്രും
കൃപിതഹരകിരാതദ്വേഷിണം തം ച വത്സം
ത്വമിവ കഠിനചേതാഃ പ്രാണിതും നാസ്മി ശക്തോ
ന ച പുനരപഹർതും ബാണവർഷൈസ്തവാസൂൻ

| | | | |
|---|---|---|---|
| അന്വയം : | ജരാസന്ധ ശത്രും | - | ജരാസന്ധ ശത്രുവായ |
| | പ്രിയം | - | പ്രിയപ്പെട്ടവൻ |
| | തം | - | ആ |
| | അനുജം | - | സഹോദരനെ (ഭീമനെ) |
| | ച | - | അതുപോലെ |

കുപിതഹരകിരാ - കുപിതനായ കാട്ടാള രൂപി ശിവന്റെ ശത്രുവായ
തദ്വേഷിണം

വത്സം - വത്സനെ (അർജ്ജുനൻ)

തം - തവണ

ച - ഉം

അപശ്യൻ - കാണാഞ്ഞിട്ട്

കഠിനനചേതാഃ - ക്രൂരമനസ്സായ

ത്വം - നിന്നെ

ഇവ - പോലെ

പ്രാണിതും - ജീവിയ്ക്കുന്നതിന്.

ന - ഇല്ല (അല്ല)

ശക്തഃ - ശക്തൻ

ബാണവർഷൈഃ - ബാണങ്ങൾകൊണ്ട്

തവ - നിന്റെ

അസൂൻ - പ്രാണങ്ങൾ

അപഹർത്തും - അപഹരിയ്ക്കാനായിക്കൊണ്ട്

ന - അല്ല (ഇല്ല)

ച - ഉം

ശക്തഃ - ശക്തൻ

അല്ലേ കുരുകുലാധമാ. ജരാസന്ധ ശത്രുവായ എന്റെ പ്രിയ അനുജൻ ഭീമ നെയും കുപിതഹര കിരാതദ്വേഷിയായ അർജ്ജുനനെയും കാണാതെ കഠിന ഹൃദയനായ നിന്നെപ്പോലെ ജീവിക്കുവാൻ ഞാൻ ശക്തനല്ല. എങ്കിലും ബാണ വർഷംകൊണ്ട് നിന്റെ പ്രാണങ്ങളെ അപഹരിയ്ക്കുവാൻ ശക്തനല്ല എന്നാണോ? (ശക്തൻ തന്നെയാണ്).

(തതഃ പ്രവിശതി ഗദാപാണിഃ ക്ഷതജസിക്തസർവാംഗോ ഭിമസേനഃ) അന ന്തരം സർവാംഗം രക്താഭിഷിക്തനും ഗദാപാണിയുമായ ഭീമസേനൻ പ്രവേശി ക്കുന്നു.

ഭീമസേന : (ഉദ്ധതം പരിക്രാമൻ) ഭോഭോഃ സമന്തപഞ്ചക സഞ്ചാരിണഃ കോ £യമാവേഗഃ - അല്ലേ സമന്ത പഞ്ചകത്തിൽ വസിയ്ക്കുന്നവരെ എന്തിനിത്ര പരിഭ്രമം?

ശ്ലോകം 37 : നാഹംരക്ഷോനഭൂതോ രിപുരുധിരജലപ്ലാവിതാംഗഃ പ്രകാമം
നിസ്തീർണ്ണോരുപ്രതിജ്ഞാജലനിധിഗഹനഃ ക്രോധനഃ ക്ഷത്രിയോസ്മി./ ഭോ
ഭോ രാജന് വീരാഃ സമരശിഖിശിഖാദഗ്ധശേഷാഃ കൃതം വ
സ്ത്രാസേനാനേന ലീനൈർഹതകരിതുരഗാന്തർഹിതൈരാസ്യതേ യൽ

അന്വയം : അഹം - ഞാൻ

രക്ഷഃ - രാക്ഷസൻ

ന - അല്ല

ഭൂതഃ - ഭൂതം

| | | |
|---|---|---|
| പ്രകാമം | - | യഥേഷ്ടം |
| രിപുരുധിരജലപ്ലാ വിതംഗഃ | - | ശത്രുവിന്റെ രുധിരമാകുന്ന ജലത്തിൽ കുളിച്ച ശരീരത്തോട്കൂടിയ |
| നിസ്തീർണ്ണോരുപ്രതിജ്ഞാ ജലനിധിഗഹനഃ | - | ആഴമേറിയ സമുദ്രതുല്ല്യമായ ഉഗ്രപ്രതി ജ്ഞയെ തരണം ചെയ്തവൻ (സമുദ്രത്തെ) |
| ക്രോധനഃ | - | കോപിഷ്ഠൻ |
| ക്ഷത്രിയ | - | ക്ഷത്രിയവംശജൻ |
| അസ്മി | - | ആകുന്നു |
| ഭോഭോഃ | - | അല്ലേ |
| സമരശിഖിശിഖാ ദഗ്ദ്ധശേഷാഃ | - | സമരമാകുന്ന അഗ്നിനാളത്തിൽ ദഹിച്ച് ബാക്കിയുള്ളവർ |
| രാജന്യവീരാഃ | - | വീരന്മാരായ രാജാക്കന്മാരേ |
| വഃ | - | നിങ്ങൾ |
| അനേന | - | ഈ |
| ത്രാസേന | - | ഭയംകൊണ്ട് |
| കൃതം | - | മതിയാക്കുക |
| യത് | - | എന്തെന്നാൽ |
| ഹതകരിതുരഗാ ന്തർഹിതൈഃ | - | ഹതരായ ആന, കുതിര, എന്നിവരുടെ ഇടയിൽ |
| നീലൈഃ | - | ഒളിച്ചിരിയ്ക്കുന്നവരായി |
| ആസ്യതെ | - | ചെയ്യപ്പെടുന്നു. |

അല്ലേ സമരമാകുന്ന തീയിൽ ദഹിച്ച ശേഷിയ്ക്കുന്ന വീരന്മാരായ രാജക്കന്മാരേ.. നിങ്ങൾ എന്നെക്കണ്ടിട്ട് ഭയപ്പെടേണ്ട. ഞാൻ രക്ഷസ്സും ഭൂതവും അല്ല. ഏറ്റവും ക്രോധത്തോടെ രിപുവിന്റെ രുധിരമാകുന്ന ജലത്തിൽ മുങ്ങിക്കുളിച്ച് ഉഗ്ര പ്രതിജ്ഞയാകുന്ന സമുദ്രത്തെ കടന്നു ചെന്ന ക്ഷത്രിയനാണ് ഈ ഞാൻ. നിങ്ങൾ ആന, കുതുര തുടങ്ങിയ  ഹതരായവരുടെ സമീപത്തിങ്കൽ എന്നെ ക്കണ്ട് ഭയപ്പെട്ട് ഒളിച്ചിരിയ്ക്കപ്പെടുന്നു. (ഒളിച്ചിരിയ്ക്കേണ്ട).

കഥയന്തു ഭവന്തഃ കസ്മിൻ ദേശേ പാഞ്ചാലീ തിഷ്ഠതി! ഏതു പ്രദേശത്തിങ്കലാണ് പാഞ്ചാലി വസിയ്ക്കുന്നത് എന്നീവണ്ണം ഭവാന്മാർ പറഞ്ഞാലും

ദ്രൗപദി : (ലബ്ധസംജ്ഞാ) പരിത്തായദു, പരിത്തായദു, മഹാരായൊ (പരിത്രായതാം (ബോധം വീണ്ടെടുത്ത്)പരിത്ര്യാതാം മഹാരാജ:) അല്ലേ മഹാരാജാവെ, രക്ഷിച്ചാലും രക്ഷിച്ചാലും

കഞ്ചുകി : ദേവി പാണ്ഡുസ്നുഷേ, ഉത്തിഷ്ഠോത്തിഷ്ഠ! സമ്പ്രതി ചിതാപ്രവേശ ഏവ ശ്രേയാൻ! ദേവിപാണ്ഡു പുത്രവധുവായവളേ എഴുനേറ്റാലും. ഇപ്പോൾ അഗ്നി

പ്രേവശമാണ് വേഗം ശ്രേയസ്സായിട്ടുള്ളത്

ദ്രൗപദീ : (സഹസോത്ഥായ) കഹ ണ സംഭാവേമി അജ്ജവി ചിദാസമീവം (പെട്ടെന്നെഴുന്നേറ്റ്)
(കഥം ന സംഭാവയാ മ ദ്യാപി ചിതാസമീപം) (വേഗത്തിൽ എഴുനേറ്റ്) എന്ത് ഇപ്പോഴും ഞാൻ ചിതാസമീപത്തല്ലേ?

യുധിഷ്ഠിര : കഃ കോ ത്രഭോഃ! സനിഷങ്കം ധനുരുപനയ! കഥം ന കശ്ചിത്പരിജനഃ! ഭവതു! ബഹുയുദ്ധേനദുരാത്മാനം ഗാഢമാലിംഗ്യ ജ്വലനമഭിപാതയാമി. (പരികരം ബന്ധ്നാതി)
ആര്? ആരവിടെ? ആവനാഴിയോടുകൂടിയ
വില്ല്കൊണ്ടു വന്നാലും പരിജനങ്ങളാരു
മില്ലേ? ഭവിച്ചോട്ടെ! ബാഹുയുദ്ധം
കൊണ്ട് ദുഷ്ടനെ (ദുര്യോധനനെ) മുറുകെക്കടന്ന് പിടിച്ച് തീയിലേയ്ക്ക് ചാടിയ്ക്കാം (അരയും തലയും മുറുക്കുന്നു)

കഞ്ചുകീ : ദേവി പാണ്ഡുസ്നുഷേ, സംയമ്യന്താമിദാനീം നയനപഥാവരോധിനീ ദുഃശാസനാവകൃഷ്ടാ മൂർദ്ധജാഃ
അസ്തമിതാ സമ്പ്രതി പ്രതികാരാശാ!
ദ്രൂതം ചിതാസമീപം സംഭാവയ!
അല്ലേ പാണ്ഡുസനുഷേ. നയനപഥത്തെ തടയുന്നതായ, ദുഃശാസനൻ അഴിച്ചിട്ടിരിയ്ക്കുന്ന, മുടികൾ ഇപ്പോൾ കൂട്ടിക്കെട്ടിയാലും. പ്രതികാരബുദ്ധി ഇപ്പോൾ ഇല്ലാതായല്ലൊ! വേഗത്തിൽ ചിതാസമീപത്തേയ്ക്ക് പോയാലും

യുധിഷ്ഠിര : കൃഷ്ണേ നഖലനിഹതേ തസ്മിൻ ദുരാത്മനി ദുര്യോധനഹതകേ
സംഹത്തേവ്യാഃ കേശാഃ!
കൃഷ്ണേ ദുർബുദ്ധിയായ ആ ദുര്യോധനൻ കൊല്ലപ്പെടാതെയിരിയ്ക്കുമ്പോൾ തലമുടി കെട്ടാൻ പാടില്ലത്താതാണ്.

ഭീമസേന : പാഞ്ചാലി, ന ഖലു മയി ജീവതി സംഹർത്തവ്യാ ദുഃശാസനവിലുളിതാ വേണിരാത്മപാണിഭ്യാം/ തിഷ്ഠതു തിഷ്ഠതു! സ്വയമേവാഹം സംഹരാമി! (ദ്രൗപദീ ഭയാദപസർപ്പതി)
പാഞ്ചാലീ, ഞാൻ ജീവിച്ചിരിയ്കുമ്പോൾ ദുഃശാസൻ അഴിച്ചിട്ടിരിയ്ക്കുന്ന തലമുടി ആത്മപാണികൊണ്ട് കെട്ടി കൂടാ! നില്ക്കു! ഞാൻ തന്നെ കെട്ടുന്നുണ്ട്. (ദ്രപദി ഭയപ്പെട്ട് പിന്നാക്കം മാറുന്നു.)

തിഷ്ഠഭീരു, ക്വാധുനാ ഗമ്യതേ! (ഇതികേശേഷു ഗൃഹീതുമിച്ഛതി) ഭീരു നില്ക്കൂ! ഇപ്പോൾ എവിടെ പോകുന്നു. (തലമുടി പിടിയ്ക്കാനായിക്കൊണ്ട് ഭാവിയ്ക്കുന്നു.

യുധിഷ്ഠിര : (വേഗാൽ ഭീമമാലിംഗ്യ) ദുരാത്മൻ! ഭീമാർജ്ജുനശത്രോ! സുയോധനഹതക! (വേഗത്തിൽ ഭീമനെ കടന്നു പിടിച്ചിട്ട്) ദുരാത്മാവേ - ഭീമാർജ്ജുന ശത്രുവായ ദുര്യോധനഹതകാ.(ദുര്യോധനനെന്ന് വിചാരിച്ച്)

ശ്ലോകം 38 ആശൈശവാദനുദിനം ജനിതാപരാധോ
മത്തോ ബലേന ഭുജയോർഹതരാജപുത്രഃ
ആസാദ്യ മേ £ന്തരമിദം ഭുജപഞ്ജരസ്യ
ജീവൻ പ്രയാസി ന പദാൽപദമദ്യ പാപ

അന്വയം

| | | |
|---|---|---|
| പാപ! | - | പാപീ! |
| ആശൈശവാൻ | - | കുട്ടിക്കാലം മുതൽ |
| അനുദിനം | - | എല്ലാ സമയത്തും |
| ജനിതാപരാധേ: | - | അപരാധം ചെയ്യുന്നവനായ |
| ഭുജയോഃ | - | ഭുജനങ്ങളുടെ |
| ബലേന | - | ശക്തികൊണ്ട് |
| മത്തഃ | - | മത്തനായിട്ട് (അഹങ്കാരിയായിട്ട്) |
| ഹതരാജപുത്ര | - | ദുര്യോധനാ (ഭീമാർജ്ജുനന്മാരായ രജപുത്രരെ കൊന്നവൻ) |
| മേ | - | എന്റെ |
| ഭുജപഞ്ജരസ്യ | - | കയ്യാകുന്ന കൂട്ടിലേയ്ക്ക് |
| ഇദം | - | ഈ |
| അന്തരം | - | മധ്യഭാഗം |
| ആസാദ്യ | - | പ്രവേശിച്ചിട്ട് |
| ആദ്യ | - | ഇപ്പോൾ |
| പദാൽ/ പദം / അപി | - | ഒരടിപോലും |
| ജീവൻ | - | ജീവിച്ചുകൊണ്ട് |
| ന പ്രയാസി | - | പോവുകയില്ല |

അല്ലേ പാപീ, ദുര്യോധനാ, കുട്ടിക്കാലം മുതൽ ഭുജബലത്തിന്റെ അഹങ്കാരംകൊണ്ട് എല്ലാ സമയത്തിങ്കലും അപരാധം ചെയ്യുന്നവനായ നീയ് ഇപ്പോൾ എന്റെ ഈ കൈകൂട്ടിൻ മധ്യഭാഗത്ത് പ്രവേശിയ്ക്കുക ഹേതുവായിട്ട് ഇനി ഒരടിപോലും ജീവനോടുകൂടി പോകില്ല.

ഭീമസേന: കഥമാര്യ സുയോധനശങ്കയാ ക്രോധാന്നിർദയം മാമാലിംഗതി? ദേവഅജാതശത്രോ, ഭീമാർജ്ജുനഗുരോ, യഥൈവാജ്ഞാപയസി ന തഥൈ വൈതൽ/ ഇതെന്താണ്? ആര്യൻ, ദുര്യോധനൻ എന്നു വിചാരിച്ച് കോപത്തോടുകൂടി ദയാരഹിതം എന്നെ കടന്നു പിടിച്ചിരിയ്ക്കുന്നു. ദേവാ, ഭീമാർജ്ജുനഗുരുവായ അജാതശത്രോ അങ്ങ് എങ്ങിനെയാണോ കരുതിയിരിക്കുന്നത് അത് അപ്രകാരമല്ല.

കഞ്ചുകി : (നിരൂപ്യസഹർഷം) മഹാരാജ, ദിഷ്ട്യാ വർദ്ധസേ അയം ഖലായുഷ്മാൻ ഭീമസേന: സുയോധനക്ഷതജാരുണീകൃതസകലശരീരാഡംബരോദുർലക്ഷ്യവ്യക്തി:/ അലമധുനാ സന്ദേഹേന/ (അടുത്തു ചെന്ന് നോക്കി, സന്തോഷിച്ച്) അല്ലേ മഹാരാജാവേ, അങ്ങേയ്ക്ക് ഭാഗ്യം വർദ്ധിക്കുന്നു. ദുര്യോധനന്റെ രക്തം കൊണ്ട് ശരീരമാസകലം ചുമന്നിരിയ്ക്കുന്ന തിരിച്ചറിയുവാൻ സാധിയ്ക്കാത്ത ഇദ്ദേഹം ഭീമസേനൻ തന്നെയാണ്. സംശയിക്കേണ്ട.

ചേടീ - ദേവീണിവട്ടിയദു, ണിവട്ടീയദു! ഏസൊക്ഖുപൂരിദപഡിണ്ണാഭാരോ ണാഹോ ദേവേണീസംഹാകരംകാദും തുമം ഏവ്വ അണ്ണേസേദി! (ദേവി നിവാർത്യതാം നിവാർത്യതാം/ ഏഷ ഖലു പൂരിതപ്രതിജ്ഞാഭാരൊ നാഥസ്തേ വേണീസംഹാരം കർത്തും ത്വാമേവാന്വേഷയതി) അല്ലേ ദേവീ നിവർത്തിച്ചാലും നിവർത്തിച്ചാലും. പ്രതിജ്ഞാ ഭാരത്തെ സാധിച്ചവനായ ഈ നാഥനാകട്ടെ ദേവിയുടെ വേണീസംഹാരത്തെ ചെയ്യാനായിക്കൊണ്ട് ഭവതിയെ അന്വേഷിയ്ക്കുകയാണ്. അതു ഹേതുവായിട്ട് വേഗം മടങ്ങി വരൂ.

ദ്രൗപദി: ഹഞ്ജേ കിം മ അളീയെവയണഹി ആസാസേസി/ (ഹഞ്ജേകിം മാമലീകവചനൈ. രാശ്വാസയസി) അല്ലേ ബുദ്ധിമതികേ,വ്യാജവാക്കുകൾ പറഞ്ഞ് എന്തിനാണ് എന്നെ ആശ്വസിപ്പിയ്ക്കുന്നത്?

യുധിഷ്ഠിര: ജയന്ധരാ, കിം കഥയസി നായമനുജദ്വേഷീ ദുര്യോധനഹതക? അല്ലേ ജയന്ധരാ അങ്ങ് എന്താണ് പറയുന്നത്? ഇദ്ദേഹം അനുജദ്വേഷിയായ ദുര്യോധനൻ അല്ലേ?

ഭീമസേന: ദേവ/ അജാതശത്രേ, കുതോ £ദ്യാപി ദുര്യോധനഹതകഃ? മയാ ഹി തസ്യ ദുരാത്മനഃ പാണ്ഡുകുലപരിഭാവിണഃ
അല്ലേ ദേവ, അജാതശത്രോ, ആ ദുര്യോധനൻ എവിടെ? ഞാൻ ആകട്ടെ.
ആദുർബുദ്ധിയെ.....

ശ്ലോകം 39 ഭൂമൗ ക്ഷിപ്തം ശരീരം നിഹിതമിദമസൃക്ച്ചന്ദനാഭം നിജാംഗേ-
ലക്ഷ്മീരാര്യേനിഷണ്ണാ ചതുരുദധിപയഃസീമയാ സാർദ്ധമുർവ്യാ
ഭൃത്യാ മിത്രാണി യോധാ:, കുരുകുലമഖിലം ദഗ്ധമേതദ്രണാഗ്നൗ
നാമൈകം യൽ ബ്രവീഷി ക്ഷിതപ തദധ്യാനാ ധാർത്തരാഷ്ട്രസ്യ ശേഷം

അന്വയം

| | | |
|---|---|---|
| ശരീരം | - | ശരീരം |
| ഭൂമൗ | - | ഭൂമിയിൽ |
| ക്ഷിപ്തം | - | എറിഞ്ഞു |
| നിജാംഗേ | - | സ്വന്തം ശരീരത്തിൽ |
| ഇദം | - | ഈ |
| ചന്ദനാഭം അസുക് | - | ചന്ദനനിറമായ രക്തം (രക്തചന്ദനം) |
| നിഹിതം | - | പുരട്ടിയത് |
| ചതുരുദധിപയഃസീമയാ | - | നാലുസമുദ്രത്തിന്റെയും കരയായ |
| ഉർവ്യാ | - | ഭൂമിയുടെ |
| സാർദ്ധം | - | കൂടി |
| ലക്ഷ്മീ | - | ലക്ഷ്മീഭഗവതി |
| ആര്യേ | - | അങ്ങയിൽ |
| നിഷണ്ണാ | - | നിക്ഷിപ്തമായി (നേടിതന്നിട്ടുണ്ട്) (ചെയ്തു തന്നിട്ടുണ്ട്) |
| രണാഗ്നൗ | - | രണാഗ്നിയിൽ |

| | | |
|---|---|---|
| ഭൃത്യാ | - | ഭൃത്യന്മാർ |
| മിത്രാണി | - | ചിത്രങ്ങൾ |
| യോധാ: | - | യോധാക്കൾ |
| ഏതത് | - | ഈ |
| അഖിലം | - | എല്ലാം |
| കുരുകുലം | - | കുരുകുലത്തെ |
| ദഗ്ദം | - | ദഹിപ്പിച്ചു |
| ക്ഷിതിപ | - | രാജാവേ |
| ധാർത്തരാഷ്ട്രസ്യ ഏകം | - | ഒരു ധാർത്തരാഷ്ട്രന്റെ |
| നാമ | - | പേര് |
| യൽ | - | യാതൊരു |
| ബ്രവീഷി | - | പറഞ്ഞാലും |
| അധുനാ | - | ഇപ്പോൾ |
| തൽ | - | അത് |
| ശേഷം | - | ശേഷിച്ച് |

അല്ലേ രാജാവേ അവന്റെ രക്തം എന്റെ ശരീരത്തിൽ പുരട്ടിയിട്ട് അവന്റെ ശരീരം ഞാൻ ഭൂമിയിൽ എറിഞ്ഞു. നാലു സമുദ്രത്തിന്റെ കരയായ ഭൂമിയോടുകൂടി ലക്ഷ്മീ ദേവിയെ അങ്ങയിൽ നിക്ഷിപ്തമാക്കി. ഭൃത്യൻമാരും മിത്രങ്ങളും യോധാക്കളും തുടങ്ങി എല്ലാ കുരുവംശവും ഈ രണാഗ്നിയിൽ ദഹിച്ചു. അല്ലേ ക്ഷിതിപതേ (രാ ജാവേ) ധാർത്ത രാഷ്ട്രന്മാരിൽ അവശേഷിയ്ക്കുന്ന ഏതെങ്കിലും ഒരു പേര് അങ്ങ് ഇപ്പോൾ പറഞ്ഞാലും.

(യുധിഷ്ഠിര: സൈ്വരം മുക്ത്വാ ഭീമമവലോകയന്നശ്രുണി പ്രമാജ്ജയതി) യുധിഷ്ഠിരൻ പതുക്കെ ഭീമനെവിട്ട് കണ്ണീർ തുടയ്ക്കുന്നു.

ഭീമസേന: (പാദയോ:പതിത്വാ) ജയത്വാര്യ: (നമസ്ക്കരിച്ചിട്ട്) ആര്യൻ ജയിച്ചാലും.

യുധിഷ്ഠിര: വത്സ, ബാഷ്പജലാന്തരിതനയനത്വാന്ന പശ്യാമി തവ മുഖചന്ദ്രം/ കഥയ കച്ചി ജ്ജീവതി ഭവാൻ സമം കിരീടിനാ
അല്ലേ വത്സ, കണ്ണുനീരുവന്ന് തടയുന്നതുകൊണ്ട് ഭവാന്റെ മുഖം കാണാനില്ല. ഭവാൻ അർജ്ജുനനോടുകൂടി ജീവിച്ചിരിയ്ക്കുന്നുവോ? പറഞ്ഞാലും.

ഭീമസേന: നിഹത സകലരിപുപക്ഷേ ത്വയി നരാധിപേ ജീവതി ഭീമോർജ്ജുനശ്ച സകല ശത്രുക്കളെയും ജയിച്ചവനായ നിരപരാധിയായ ഭവാൻ ജീവിച്ചിരിയ്ക്കുന്ന സമയത്ത് ഭീമനും അർജ്ജുനനും ജീവിയ്ക്കുന്നു.

യുധിഷ്ഠിര : (പുനർഗാഢമാലിംഗ്യ) താത-ഭീമ,
വത്സ - ഭീമസേനാ.....(ഗാഢമായലിംഗനം ചെയ്തിട്ട്)

ശ്ലോകം 40 തിപോരാസ്താം താവന്നിധനമിദമാഖ്യാഹി ശതശ:
പ്രിയോഭ്രാതാസത്യം ത്വമസി മമ യോഽസൗ ബകരിപു:

ജരാസന്ധസ്യോരഃസരസി രുധിരാസാരസലിലേ
തടാഘാതക്രീഡാലളിതമകരഃ സംയതി ഭവാൻ

അന്വയം

| | | |
|---|---|---|
| രിപോഃ | - | ശത്രുവിന്റെ |
| നിധനം | - | വധം |
| താവൽ | - | ഇപ്പോൾ |
| ആസ്താം | - | ഭവിയ്ക്കട്ടെ |
| ഇദം | - | ഈ (ഇത്) |
| ശതശഃ | - | ധാരാളം (വീണ്ടും വീണ്ടും) |
| ആഖ്യാഹി | - | പറഞ്ഞാലും |
| സത്യം | - | സത്യത്തെ |
| യഃ | - | യാതൊരു |
| ബകരിപുഃ | - | ബകന്റെ ശത്രു |
| മമ | - | എന്റെ |
| പ്രിയഃ | - | പ്രിയപ്പെട്ട |
| ഭ്രാതാ | - | ഭ്രാതാവ് |
| ഭീമഃ | - | ഭീമസേനൻ |
| അസി | - | ആകുന്നു (ഭവിയ്ക്കുന്നു) |
| രുധിരാസാര സലിലേഃ | - | ശക്തിയോടുകൂടി ഒഴുകുന്ന രക്തമാകുന്ന വെള്ളം |
| ജരാസന്ധസ്യ | - | ന്ധരാസന്ധന്റെ |
| ഉരഃസരസി | - | ഉരസ്സാകുന്ന സരസിൽ |
| സംയതി | - | പുറപ്പെട്ടത് (വരുന്നത്) |
| തടാഘാതക്രീഡാ ലളിതമകരഃ | - | തടാകത്തിൽ ക്രീഡിയ്ക്കുന്ന മകരമത്സ്യം |
| ഭവാൻ | - | അങ്ങ് |

ശത്രുവിന്റെ വധം ഇപ്പോൾ നില്ക്കട്ടെ. ബകരിപുവായ എന്റെ പ്രിയപ്പെട്ട ഭീമസേനൻ തന്നെയാണ് നീ എന്ന് വളരെ (പിന്നെയും പിന്നെയും) പറഞ്ഞാലും. മാത്രമല്ല – (ശക്തിയോടുകൂടി ഒഴുകുന്ന രക്തമാകുന്ന ജലം നിറഞ്ഞ ജരാസന്ധന്റെ മാറിടമാകുന്ന പൊയ്കയിൽ, തടാകം അടിച്ചിളക്കി കളിയ്ക്കുന്ന മകരമത്സ്യത്തെപ്പോലെ, യുദ്ധത്തിൽ പരാക്രമം കാട്ടിയ വീരനല്ലേ നീ)

ഭീമസേനഃ: ആര്യ സോഹം. ആര്യ സ ഏവാഹം! തന്മുഞ്ചതു മാമാര്യഃ ക്ഷണമേകം– അതും ഞാൻ തന്നെയാണ് ചെയ്തത്? അതുകൊണ്ട് വേഗം എന്നെ വിട്ടാലും.

യുധിഷ്ഠിരഃ: കിമപരമവശിഷ്ടം/
ഇനിയും മറ്റൊന്ന് ചെയ്യേണ്ടതുണ്ടോ?

ഭീമസേനഃ: സുമഹദവശിഷ്ടം!/ സംയച്ഛാമി താവദനേന സുയോധനശോ

ണിതോക്ഷിതേന പാണിനാ പാഞ്ചാല്യാ ദുഃശാസനാവകൃഷ്ടം കേശഹസ്തം/ മഹത്തായ കാര്യം ചെയ്യാനുണ്ട്. ദുര്യോധനന്റെ രക്തത്താൽ നനഞ്ഞിരി യ്ക്കുന്ന ഈ കൈകൊണ്ട് ദുഃശാസനൻ പിടിച്ചഴിച്ചിട്ടിരിയ്ക്കുന്ന തലമുടി കെട്ടിവെയ്ക്കണം. (കെട്ടണം)

യുധിഷ്ഠിര: ഗച്ഛതുഭവാൻ/ അനുഭവതു തപസ്വിനീ വേണീസംഹാരമഹോത്സവം/ ഭവാൻ പോയാലും. സാധുവായ അവൾ വേണീസംഹാര മഹോത്സവത്തെ അനു ഭവിയ്ക്കട്ടെ.

ഭീമസേന: (ദ്രൗപദീമുപസൃത്യ) ദേവി, പാഞ്ചാലരാജതനയേ, ദിഷ്ട്യവർദ്ധസേ രിപുകുല ക്ഷയേണ
പാഞ്ചാലരാജപുത്രീ- ദൈവാധീനത്താൽ ശത്രുകുലം നശിച്ചതുകൊണ്ട് നീ വർദ്ധിയ്ക്കുന്നു.

ദ്രൗപദീ : (ഉപസൃത്യ) ജേദു ജേദു ണാഹോ (ജയതു ജയതു നാഥ)
നാഥൻ ജയിച്ചാലും, ജയിച്ചാലും
(ഇതിഭയാദപസർപ്പതി) ഭയപ്പെട്ട് മാറുന്നു.

ഭീമസേന: രാജപുത്രി!/ അലമലമേവംവിധം മാമാലോക്യ ത്രാസേന
അല്ലേ ദേവി എന്നെ ഇപ്രകാരം കണ്ടിട്ട് ഭയപ്പെടേണ്ട.

ശ്ലോകം: 41 കൃഷ്ടാ യേനാസി രാജ്ഞാം സദസി നൃപശുനാ തേന ദുഃശാസനേന
സ്ത്യാനാന്യേതാനി തസ്യ സ്പൃശ മമ കരയോ: പീതശേഷാണ്യസൃഞ്ജി
കാന്തേ രാജ്ഞഃ കുരൂണാമതിസരസമിദം മൽഗദാചൂർണ്ണിതോരോ
രംഗ്യേ fഗേം fസൃഗ് നിഷക്തം തവ പരിഭവജസ്യാനലസ്യോപശാന്ത്യൈ

അന്വയം

| | | |
|---|---|---|
| കാന്തേ | - | അല്ലേ കാന്തേ |
| രാജ്ഞാം | - | രാജാക്കന്മാരുടെ |
| സദസി | - | സദസ്സിൽ |
| യേന | - | യാതൊരവൻ |
| തേന | - | അവനാൽ |
| നൃപശുനാ | - | മൃഗതുല്യം |
| ദുഃശാസനേന | - | ദുഃശാസനനാൽ |
| കൃഷ്ടാ | - | പിടിച്ചുവലിച്ചവൾ |
| അസി | - | ഭവിയ്ക്കുന്നു |
| തസ്യ | - | അവന്റെ |
| മമ | - | എന്റെ |
| കരയോ | - | കരംകൊണ്ട് |
| സ്ത്യാനാനി | - | നിബിഡമായ (കട്ടിയോടുകൂടിയ) |
| ഏതാനി | - | ഈ |
| പീതശേഷാണി | - | കുടിച്ച് ശേഷിച്ചത് |

| | | |
|---|---|---|
| അസൃജ്ഞീ | - | ഒഴുകുന്ന |
| സ്പൃശാ | - | സ്പർശിച്ചാലും |
| മൽഗദാചൂർണ്ണിതോരോ | - | എന്റെ ഗദകൊണ്ട് ചൂർണ്ണമാക്കിയ ഊരുക്കൾ |
| കുരുണാം | - | കുരുവിന്റെ (ദുഃശാസനന്റെ) |
| രാജ്ഞഃ | - | രാജാക്കന്മാരുടെ |
| അപി | | |
| അംഗേ fഗേ | - | അംഗങ്ങൾ തോറും |
| നിഷിക്തം | - | പുരണ്ടത് |
| ഇദം | - | ഈ |
| രുധിരം | - | രക്തം |
| തവ | - | ഭവതിയുടെ |
| പരിഭവജസ്യ | - | ശത്രുതയുടെ |
| അനലസ്യ | - | അഗ്നിയുടെ |
| ഉപശാന്ത്യൈ | - | ശാന്തിയ്ക്കായിക്കൊണ്ട് |

അല്ലയോ പ്രിയതമേ, രാജസദസ്സിൽ വച്ച് യാതൊരു മനുഷ്യമൃഗത്താൽ (ദുഃശാസനൻ) നീ, അപമാനിക്കപ്പെട്ടുവോ (മുടിയും വസ്ത്രങ്ങളും പിടിച്ചഴിക്കുകകൊണ്ട്) എന്റെ കൈകളിൽ പുരണ്ട, കുടിച്ചവശേഷിച്ച അവന്റെ രക്തക്കട്ട സ്പർശിച്ചാലും. (എന്റെ ഗദാപ്രഹരംകൊണ്ട് തകർന്ന ആ കുരുരാജന്റെ (ദുര്യോധനൻ) രക്തം, എന്റെ ശരീരമാസകലം പുരണ്ടിട്ടുള്ളത്, നിന്റെ സന്താപാനലന്റെ ഉപശാന്തിയ്ക്കായി ഭവിക്കട്ടെ

ബുദ്ധിമതികേ, ക്വ സാ ഭാനുമതീ. യോപഹസദി പാണ്ഡവദാരാൻ! ഭവതി യജ്ഞവേദിസംഭവവേ- ബുദ്ധിമതികേ, പാണ്ഡവദാരങ്ങളെ പരിഹസിച്ച ആ ഭാനുമതി എവിടെ? അല്ലേ യജ്ഞസേനീ

ദ്രൗപദി: ആണവേദു ണാഹോ (ആജ്ഞാപയതു നാഥ)
നാഥൻ പറഞ്ഞാലും

ഭീമസേന: സ്മരതി ഭവതി യത്തന്മയോക്തം
ഞാൻ പറഞ്ഞത് ഭവതി ഓർമ്മിയ്ക്കുന്നുണ്ടോ! (ചഞ്ചൽഭുജ എന്നാരംഭിക്കുന്ന ഒന്നാമങ്കത്തിലെ 21-ാം ശ്ലോകം ആവർത്തിക്കുന്നു)

ചഞ്ചൽഭുജഭ്രമിതചണ്ഡഗദാഭിഘാതം
സഞ്ചൂർണ്ണിതോരുയുളസ്യ സുയോധനസ്യ
സ്ത്യാനാ പവിദ്ധഘനശോണിതശോണപാണി
രുത്തംസയിഷ്യതി കചാംസ്തവദേവി ഭീമഃ
(ഇത്യാദിപഠതി)

അന്വയം

| | | |
|---|---|---|
| ദേവി | - | |
| ചഞ്ചൽഭുജഭ്രമിതചണ്ഡഗദാ | | |
| ഭിഘാതസഞ്ചൂർണ്ണിതോരുയുഗ | | |
| ളസ്യ | - | വട്ടത്തിൽ ചുഴറ്റിക്കൊണ്ടിരിക്കുന്ന ബലമായ ഗദകൊണ്ട് അടിച്ച് പൊടിയാക്കിയ ഊരുക്കളോടുകൂടിയവൻ |
| സുയോധനസ്യ | - | സുയോധനന്റെ |
| സ്ത്യാനാപവിദ്ധഘന | | |
| ശോണിത ശോണപാണി: | - | പുറപ്പെട്ടിരിക്കുന്ന രക്തംകൊണ്ട് ചുവന്നിരിയ്ക്കുന്ന കയ്യ് |
| ഭീമഃ | - | ഭീമസേനൻ |
| തവ | - | നിന്റെ (ഭവതിയുടെ) |
| കചാൻ | - | തലമുടികൾ |
| ഉത്തംസയിഷ്യതി | - | കെട്ടിവെയ്ക്കൂ |

അല്ലേ ദേവി,ഇളക്കിക്കൊണ്ടിരിക്കുന്ന ഭുജകണ്ടാൽ ചുഴറ്റപ്പെട്ട ഗദകൊണ്ട് ദുര്യോധനന്റെ തുട തല്ലിപ്പൊട്ടിച്ച് അതിൽ നിന്ന് പുറപ്പെട്ടിരിയ്ക്കുന്ന ചോര പുരണ്ട കൈകൾ കൊണ്ട് ഭവതിയുടെ തലമുടി ഭീമസേനൻ കെട്ടിവെയ്ക്കും.

ദ്രൗപദീ: ണാഹ, കേവലം സുമരാമി,/ അണുഹവാമി യ ണാഥസ്സ പസാദേണ/ (നാഥ, നകേവലം സ്മരാമി/ അനുഭവാമി ച നാഥസ്യ പ്രസാദേന) അല്ലേ ആര്യ പുത്രൻ സ്മരിയ്ക്കുക മാത്രമല്ല ചെയ്യുന്നത്. അങ്ങയുടെ കൃപകൊണ്ട് ഞാൻ ഇപ്പോൾ അനുഭവിക്കുകയും ചെയ്യുന്നു.

ഭീമസേന: (വേണീമവധൂയ) ഭവതി, സംയമ്യതാമിദാനീം ധാർത്തരാഷ്ട്രകുലകാളരാത്രി ദുഃശാസനവിലുളിതേയം വേണീ.
(തലമുടി തട്ടിക്കുടഞ്ഞിട്ട്) ദുഃശാസനൻ അഴിച്ചിട്ടിരിക്കുന്ന, ധാർത്തരാഷ്ട്രകുലത്തിന് കാളരാത്രിയാകുന്ന ഈ തലമുടി ഭവതി കെട്ടിയാലും.

ദ്രൗപദീ: ണാഹ, വിസുമരിദഹ്മി ഏദം വാവാരം/ ണാഹസ്സ പസാദേണ പുണൊവിസിക്ഖിസ്സം (നാഥ, വിസ്മൃതാ £സ്മ്യേതം വ്യാപാരം/ നാഥസ്യ പ്രസാദേന

അല്ലേ നാഥൻ ഈ പ്രവൃത്തി ഞാൻ മറന്നിരിയ്ക്കുന്നു. അങ്ങയുടെ പ്രസാദംകൊണ്ട് എനിയും അഭ്യസിയ്ക്കാം.

(ഭീമസേനോവേണീം ബദ്ധ്നാതി)

ഭീമസേനൻ മുടി കെട്ടിവയ്ക്കുന്നു.
(നേപത്ഥ്യേ) അണിയറയിൽ

മഹാസമരാനലദഗ്ദ്ധശേഷായ സ്വസ്തി ഭവതു രാജന്യകുലായ മഹത്തായ യുദ്ധാഗ്നിയിൽ ദഹിച്ച് ശേഷിച്ച രാജശ്രേഷ്ഠ കുലത്തിന് നല്ലതുവരട്ടെ.

ശ്ലോകം 42 ക്രോധാന്ധൈര്യസ്യ മോക്ഷാൽകുരുനരപതിഭിഃ ത്ഥിപാണ്ഡുപുത്രൈഃ

കൃതാനി
പ്രത്യാശം മുക്തകേശാന്യനുദിനമധുനാ പാർവാന്തഃ പുരാണി
കൃഷ്ണായാഃ കേശപാശഃ കുപിതയമസഖോ ധൂമകേതുഃ കുരൂണാം
ദിഷ്ട്യാ ബദ്ധഃ പ്രജാനാം വിരമതു നിധനം സ്വസ്തി രാജ്ഞം കുലേഭ്യഃ

അന്വയം

| | | |
|---|---|---|
| യസ്യ | - | യാതൊരുവന്റെ |
| മോക്ഷാൽ | - | മോക്ഷംകൊണ്ടാണോ |
| ക്രോധാന്ധൈഃ | - | ക്രോധാന്ധതകൾ |
| പാണ്ഡുപുത്രൈഃ | - | പാണ്ഡുപുത്രൻമാർ |
| കുരുനരപതിഭിഃ | - | കുരുപതികൾ |
| പ്രത്യാശ | - | എല്ലാ ദിക്കും |
| പാർത്ഥിവാന്തഃപുരാണി | - | പാർത്ഥിവന്മാരുടെ അന്തഃപുരങ്ങൾ |
| അനുദിനം | - | ദിവസവും |
| മുക്തകേശാനി | - | അഴിച്ചിട്ട മുടി |
| കൃതാനി | - | തീർന്നതായിട്ട് |
| സഃ | - | ആവിധമുള്ള |
| അയം | - | ഈ |
| കുപിതയമസഖഃ | - | കുപിതനായയമസുഹൃത്ത് |
| കുരൂണാം | - | കൗരവരുടെ |
| ധൂമകേതു | - | ധൂമകേതുവായ |
| കൃഷ്ണായാ: | - | കൃഷ്ണയുടെ (പാഞ്ചാലിയുടെ) |
| കേശപാശ | - | തലമുടി |
| ബദ്ധ: | - | കെട്ടപ്പെട്ടു |
| പ്രജാനാം | - | പ്രജകളുടെ |
| ആധുനാ | - | ഇപ്പോൾ |
| നിധനം | - | വധം |
| വിരമതു | - | ഇല്ലാതായി |
| രാജ്ഞാം | - | രാജാക്കന്മാരുടെ |
| കുലേഭ്യ | - | കുലത്തിന് |
| സ്വസ്തി | - | സുഖം ഭവിയ്ക്കട്ടെ |

യാതൊന്നിന്റെ (മുടിക്കെട്ടിന്റെ) മോചനം (അഴിവ്) കൊണ്ടാണോ ക്രോധാന്ധ ന്മാരായ പാണ്ഡവരുടെയും കൗരവരുടെയും അന്തഃപുരങ്ങൾ ദിക്കുകൾ തോറും ദിവസം തോറും അഴിച്ചിട്ട മുടികളോട് കൂടിയവ ആക്കിത്തീർത്തത്, കുപിതനായമസഖാവും കൗരവധൂമകേതുവും ആയ, കൃഷ്ണയുടെ, ആ മുടി ക്കെട്ട് ബന്ധിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടിനി പ്രജകളുടെ മരണമുണ്ടാകില്ല. രാജാക്കന്മാർക്കും കുലങ്ങൾക്കും നല്ലതു വരട്ടെ.

(മഹാഭാരതയുദ്ധത്തിന് നേർകാരണമായ) ചൂണ്ടിക്കാട്ടുന്നത്, ദ്രൗപദിയെ മുടി

ക്കെട്ടഴിച്ച് അപമാനിച്ചതാണെന്ന് സൂചന. ആ മുടിക്കെട്ട് അഴിഞ്ഞു വീണതിൽ പിന്നെ എത്രയോ സ്ത്രീകൾ വിധവകളാകേണ്ടി വന്നു. അത് അഴിഞ്ഞു കിട ന്നിടത്തോളം കൗരവരുടെ നാശം തുടർന്നു. യുദ്ധംകൊണ്ടുണ്ടാകുന്ന എല്ലാ ദുരിതങ്ങളും യുദ്ധകാരണമായ മുടിക്കെട്ടിന്റെ ഉലച്ചിലാണെന്ന് വ്യംഗ്യം)

യുധിഷ്ഠിര: ദേവി, ഏഷ തേമൂർദ്ധജാനാം വേണീസംഹാരോ £ഭിനന്ദ്യതേ നഭസ്തലസഞ്ചാരിണാ സിദ്ധജനേന
ദേവി ഭവതിയുടെ ഈ കേശബന്ധനത്തെ ആകാശചാരികളായ സിദ്ധന്മാർകൂടി അഭിനന്ദിക്കുന്നു.

(തത: പ്രവിശതി കൃഷ്ണാർജ്ജുനൗ) അനന്തരം കൃഷ്ണാർജ്ജുനന്മാർ പ്രവേശിക്കുന്നു

കൃഷ്ണ: (യുധിഷ്ഠിരമുപഗമ്യ) വിജയതാം നിഹതസകലാരാതിമണ്ഡല:
സാനുജോയുധിഷ്ഠിര:
സകല ശത്രുക്കളെയും നിഗ്രഹിച്ചവനായ സാനുജനായ മഹാരാജാവ് ജയിക്കട്ടെ. (ജയിച്ചാലും)

അർജ്ജുന: ജയത്വാര്യ (ജ്യേഷ്ഠൻ ജയിച്ചാലും)

യുധിഷ്ഠിര: (വിലോക്യ) അയേ ഭഗവാൻ പുണ്ഡരീകാക്ഷോ വത്സശ്ച കിരീടീ/ ദേവഅഭിവാദയേ/ (കിരീടിനം പ്രതി) ഏഹ്യേഹി വത്സ, പരിഷ ജസ്വ മാം
ഇതാ പുണ്ഡരീകാക്ഷനാകുന്ന ഭഗവാനും വത്സലനാകുന്ന കിരീടിയും. അല്ലേ ഭഗവാൻ അഭിവാദ്യം ചെയ്യുന്നു. (അർജ്ജുനനോടായിട്ട്) അല്ലേ വത്സൻ വന്നാലും എന്നെ ആലിംഗനം ചെയ്താലും.

(അർജ്ജുന: പ്രണമതി - അർജ്ജുനൻ പ്രണമിയ്ക്കുന്നു.)

യുധിഷ്ഠിര : (വാസുദേവം പ്രതി) (വാസുദേവനോടായിട്ട്) കുതസ്തസ്യ വിജയാദന്യദ്യസ്യ ഭഗവാൻ പുണ്ഡരീകാക്ഷോ നാരായണ: സ്വയം മംഗളാന്യാശാസ്തേ

അല്ലേ ഭഗവാനാകുന്ന ഭവാൻ കൂടി മംഗളം ആശംസിച്ചിരിയ്ക്കുന്നവന്ന് വിജയമല്ലാതെ മറ്റെന്താണ് ഉണ്ടാകുന്നത് (അങ്ങയുടെ അനുഗ്രഹം ഉള്ളവന് വിജയമല്ലാതെ മറ്റൊന്നും ഭവിയ്ക്കുകയില്ല.)

ശ്ലോകം 44: കൃതഗുരുമഹദാദിക്ഷോഭസംഭൂതമൂർത്തിം
ഗുണിനമുദയനാശസ്ഥാനഹേതും പ്രജാനാം
അജമമരമചിന്ത്യം ചിന്തയിത്വാ £പി ന ത്വാം
ഭവതി ജഗതി ദു:ഖീ കിം പുനർദ്ദേവ ദൃഷ്ട്വാ

അന്വയം

ദേവ - അല്ലേ ദേവ
കൃതഗുരുമഹദാദിക്ഷോഭ-
സംഭൂതമൂർത്തിം - പഞ്ചഭൂതങ്ങളാൽ നിർമ്മിതമായ ശരീരം-

മഹത്തത്വം അഹങ്കാരം തുടങ്ങിയ ഉണ്ടായ
ശരീരം പ്രകൃതിവികൃതികൾകൊണ്ട്

| | | |
|---|---|---|
| ഗുണിനം | - | സത്വ, രജ, സ്തമോഗുണയുക്തം |
| പ്രജാനാം | - | പ്രജകളുടെ |
| ഉദയനാശസ്ഥാന | | |
| ഹേതും | - | സൃഷ്ടി-സ്ഥിത, സംഹാര കാരണം |
| അജം | - | ജനനമില്ലാത്തത് |
| അമരം | - | മരണമില്ലാത്തത് |
| അചിന്ത്യം | - | ചിന്തിയ്ക്കുവാൻ സാധ്യമല്ലാത്തത് |
| ത്വാം | - | അങ്ങയെ |
| ചിന്തയിത്വാ | - | ചിന്തിയ്ക്കുക ഹേതുവായിട്ട് |
| അപി | - | |
| ജഗതി | - | ലോകത്തിൽ |
| ദുഃഖീ | - | ദുഃഖം |
| നഃഭവതി | - | ഭവിയ്ക്കുന്നില്ല |
| കിം | - | എന്ത് |
| പിനഃ | - | പിന്നെ |
| ദൃഷ്ടാ | - | കാണുക ഹേതുവായിട്ട് |

പഞ്ചഭൂതങ്ങളാൽ നിർമ്മിയ്ക്കപ്പെട്ട (പ്രകൃതി വികൃതികളാൽ നിർമ്മിതമായതും) സത്വരജസ്തമോഗുണങ്ങളോടു കൂടിയതും സൃഷ്ടിസ്ഥിതി സംഹാരഹേതുവും ജനന മരണമില്ലാത്തവനും ചിന്തിയ്ക്കുവാൻ പോലും സാദ്ധ്യമല്ലാത്തതുമായ അങ്ങയെ ചിന്തിയ്ക്കുന്ന പ്രജകൾക്ക് ദുഃഖം ഇല്ലാതാകുന്നു. അപ്രകാരമുള്ള അങ്ങ് എന്റെ പുരോഭാഗത്തിങ്കൽ കാണുക ഹേതുവായിട്ട് ലോകത്തിൽ മറ്റ് എന്ത് വേണം?

(അർജ്ജുനമാംലിംഗ്യ) വത്സ പരിഷ്വജസ്വമാം
അല്ലേ വത്സൻ എന്നെ ആലിംഗനം ചെയ്താലും

കൃഷ്ണ: മഹാരാജ, യുധിഷ്ഠിര,
അല്ലേ രാജാവേ- യുധിഷ്ഠിര

ശ്ലോകം 43 വ്യാസോയം ഭഗവാനമീ ച മുനയോ വാത്മീകിരാമാദയോ
ധൃഷ്ടദ്യുമ്ന മുഖാശ്ച സൈന്യപതയോ മാദ്രീസുതാധിഷ്ഠിതാ:
പ്രാപ്താ മാഗധമത്സ്യയാദവകുലൈ രാജ്ഞാവിധേയൈ: സമം
സ്ക്കന്ധോത്തംഭിതതീർത്ഥവാരികലശാ രാജ്യാഭിഷേകായ തേ.

അന്വയം

| | | |
|---|---|---|
| അയം | - | ഇത് |
| ഭഗവാൻ | - | |
| വ്യാസ: | - | വ്യാസൻ |
| അമീ | - | |

വാത്മീകിരാമാദയ: - വാത്മീകി
മുനയ: - മുനികൾ
ച -
ആജ്ഞാവിധേയൈ: - ആജ്ഞയ്ക്ക് വിധേയർ (ആജ്ഞയെ അനുസരിയ്ക്കുന്നവർ)
മാഗധമത്സ്യയാദവ കുലൈ - മഗധൻ, മത്സ്യൻ, യാദവകുലശ്രേഷ്ഠർ
സമം - തുല്ല്യം
തേ - അങ്ങയുടെ
രാജ്യാഭിഷേകായ - രാജ്യാഭിഷേകത്തിനായിക്കൊണ്ട്
സ്ക്കന്ധോത്തംഭിത
തീർത്ഥവാരികലശാ - സ്ക്കന്ധത്തിൽ തീർത്ഥജലം ഉള്ള കലശങ്ങൾ
മാദ്രീസുതാധിഷ്ഠിതാ: - മാദ്രീസുതന്മാരിൽ അധിഷ്ഠിതമായ (മാദ്രീസുതരുരുടെ നേതൃത്വത്തിൽ)
ദൃഷ്ടജദ്യുമ്നമുഖാ - ദൃഷ്ടദ്യുമ്നൻ പ്രമുഖന്മാർ
സൈന്യപതയ - സേനാപതികൾ
പ്രാപ്താ - പ്രാപ്തമായി (വന്നു)

അല്ലേ രാജാവേ- വ്യാസൻ, വാത്മീകി തുടങ്ങിയ മുനിമാരുടെ ആജ്ഞയനുസരിയ്ക്കുന്ന മാഗധ-മത്സ്യ-യാദവകുല ശ്രേഷ്ഠന്മാർക്ക് തുല്യമായി അങ്ങയുടെ രാജ്യാഭിഷേകത്തിനായിക്കൊണ്ട് തോളിൽ തീർത്ഥജലമുള്ള കലശങ്ങളോടുകൂടി മാദ്രീസുതന്മാരുടെ നേതൃത്വത്തിൽ ദൃഷ്ടദ്യുമ്ന പ്രമുഖരും സേനാപതികളും പ്രാപ്തമായിരിയ്ക്കുന്നു.

അഹംപുനശ്ചാർവാകേണ രക്ഷസാ വ്യാകുലീകൃതം ഭവന്തമുപലഭ്യാർജ്ജുനേന സഹ ത്വരിതതരമായാത:
ഞാനാകട്ടെ ചാർവകനാകുന്ന രാക്ഷസൻ ഭവാനെ പരിഭ്രമിപ്പിച്ചു എന്നറിഞ്ഞ് അർജ്ജുനനോടുകൂടി വേഗത്തിൽ വന്നതാണ്.

യുധിഷ്ഠിര : കഥം ചാർവാകേണരക്ഷസാ വയമേവം വിപ്രലബ്ധാ
എന്ത് ? ചാർവാകനാകുന്ന രാക്ഷസൻ ഞങ്ങളെ ഇപ്രകാരം ചതിയ്ക്കുകയായിരുന്നുവോ?

ഭീമസേന: (സരോഷം) ക്വാസൗ ധാർത്തരാഷ്ട്രസഖോ രാക്ഷസ: പുണ്യജനാപസദോ യേനാര്യസ്യ മഹാംശ്ചിത്തവിഭ്രമ:കൃത:
ജ്യേഷ്ഠന്ന് വലിയതായ പരിഭ്രമത്തെ ഉണ്ടാക്കിയ ആ ധാർത്തരാഷ്ട്ര സഖനായ രാക്ഷസൻ എവിടെ?

കൃഷ്ണ: നിഗൃഹീത: സ ദുരാത്മാന കുലേന/ തൽക്കഥയ മഹാരാജ, കിമസ്മത്പരം സമീഹിതം സമ്പാദയാമി
ദുർബുദ്ധിയായ അവനെ നകുലൻ നിഗ്രഹിച്ചു. അതു ഹേതുവായിട്ട് മഹാരാജാവേ ഇതിൽ കൂടുതലായി ഏത് ഇഷ്ടത്തെയാണ് ഞാൻ സമ്പാദിയ്ക്കേണ്ടത്

എന്നീവണ്ണം അങ്ങ് പറഞ്ഞാലും (തരേണ്ടത്.)

യുധിഷ്ഠിര: ന കിഞ്ചിന്ന ദദാതി ഭഗവാൻ പ്രസന്ന:/ അഹം തു പുരുഷസാധാരണയ ബുദ്ധ്യാ സന്തുഷ്യാമി/ ന ഖലത: പരമഭ്യർത്ഥയിതും ക്ഷമ: പശ്യതു ദേവ: ഭഗവാൻ പ്രസന്നനായതുകൊണ്ട് ഒന്നും കൊടുക്കേണ്ട. ഞാനാകട്ടെ. മനുഷ്യ സാധാരണമായ ബുദ്ധികൊണ്ട് സന്തോഷിയ്ക്കുന്നു. ഇതിലും കൂടുതലായി അഭ്യർത്ഥിയ്ക്കാനായിക്കൊണ്ട് ഞാൻ ശക്തനല്ല. ദേവൻ കണ്ടാലും.

ശ്ലോകം 46 ക്രോധാന്ധൈ:സകലം ഹതം രിപുകുലം പഞ്ചാക്ഷതാസ്തേ വയം
പാഞ്ചാല്യാമമദുർന്നയോപജനിതസ്തീർണ്ണോ നികാരാർണ്ണവ:
ത്വം ദേവ: പുരുഷോത്തമ: സുകൃതിനം മാമാദൃതോ ഭാഷസേ
കിം നാമാന്യദത: പരം ഭഗവതോ യാചേ പ്രസന്നാദഹം

അന്വയം

| | | |
|---|---|---|
| ക്രോധാന്ധൈ: | - | ക്രോധാന്ധന്മാർ |
| സകലം | - | എല്ലാം |
| രിപുകുലം | - | രിപുകുലം |
| ഹതം | - | ഹതമായി |
| തേ | - | അങ്ങ് |
| വയം | - | ഞങ്ങൾ |
| പഞ്ച: | - | അഞ്ച് |
| അക്ഷത | - | ക്ഷതമല്ലാത്തവർ |
| മമ | - | എന്റെ |
| ദുർന്നയോപജനിത: | - | ദുർനയത്തിൽ ജനിച്ചത്<br>(ചൂതുകളിയിൽ നിന്ന് ഭവിച്ചത്) |
| പാഞ്ചാല്യാ | - | പാഞ്ചാലിയുടെ |
| നികാരാർണ്ണവ: | - | പരിഭവമാകുന്ന സമുദ്രം |
| തീർണ്ണ: | - | തരണം ചെയ്തു |
| ദേവ: | - | ദേവനും |
| പുരുഷോത്തമ: | - | പുരുഷോത്തമനും |
| ആദൃത: | - | ആദരിയ്ക്കുക |
| ത്വം | - | അങ്ങ് |
| സകൃതിനം | - | സുകൃതികൾ |
| മാം | - | എന്നെ |
| ഭാഷസേ | - | ചോദിയ്ക്കുന്നു. |
| അം: | - | അതിൽ |
| പരം | - | പരമായ |
| അന്യത് | - | മറ്റൊന്ന് |
| കിണാമ | - | എന്ത് |
| അഹം | - | ഞാൻ |
| യാചേ | - | യാചിക്കുവാൻ |

ക്രോധാന്ധന്മാരായ എല്ലാ രിപുകുലവും ഹതമായി ഞങ്ങൾ അഞ്ചുപേരും ക്ഷതമില്ലാതെ (നാശം) ജീവിയ്ക്കുന്നു. എന്റെ ദുർനയംകൊണ്ട് ഭവിച്ച പാഞ്ചാലിയുടെ പരിഭവാർണ്ണവത്തെ തരണം ചെയ്യുകയും ചെയ്തു. ദേവനും പുരുഷോത്തമനുമായ അങ്ങ് പ്രസന്നനായാൽ തന്നെ സുകൃതമായി. അങ്ങ് എന്റെ പുരോഭാഗത്തിങ്കൽ നിൽക്കുന്ന സമയത്തിങ്കൽപ്പിന്നെ എനിയ്ക്ക് എന്താണ് വേണ്ടത്?

പ്രീതതരശ്ചേൽ ഭഗവാംതദിദമസ്തു-

അങ്ങ് ഏറ്റവും പ്രീതനാണെങ്കിൽ ഇപ്രകാരം ഭവിയ്ക്കട്ടെ.

ശ്ലോകം 47 : അകൃപണമതി: കാമജീവ്യാജ്ജന: പുരുഷായുഷം
ഭവതു ഭഗവൻ ഭക്തിർദ്വൈതം വിനാ പുരുഷോത്തമേ
ദയിതഭുവനോ വിദ്വൽ ബന്ധുഗുണേഷു വിശേഷവിൽ
സതതസുകൃതീ ഭൂയാൽഭൂയ: പ്രസാധിത മണ്ഡല:

അന്വയം

| | | |
|---|---|---|
| അകൃപണമതി | - | അകൃപണമായ മനസ്സ് |
| ജന: | - | ജനങ്ങൾ |
| പുരുഷായുഷം | - | പുരുഷായുസ്സ് |
| കാമം | - | ഭവിച്ചോട്ടെ |
| ജീവ്യാൽ | - | ജീവിതംകൊണ്ട് |
| ഭഗവാൻ | - | അല്ലേ ഭഗവാൻ |
| ദ്വൈതം | - | രണ്ടായിട്ട് |
| വിനാ | - | കൂടാതെ |
| പുരുഷോത്തമേ | - | പുരുഷോത്തമനിൽ |
| ഭക്തി: | - | ഭക്തി |
| ഭവതു | - | ഭവിയ്ക്കട്ടെ |
| ദയിതഭുവന: | - | പ്രിയമായ ഭൂമി |
| വിദ്വദ്ബന്ധു: | - | വിദ്വാന്മാരായ ബന്ധുക്കൾ |
| ഗുണേഷു | - | ഗുണവാന്മാർ |
| വിശേഷവിൽ | - | വിശേഷപ്പെട്ടവർ |
| സതതസുകൃതീ | - | എല്ലാസുകൃതികൾക്കും |
| ഭൂപഃ | - | രാജാക്കന്മാർ |
| പ്രസാധിതമണ്ഡല | - | ഭൂമണ്ഡലത്തിൽ ഭവിയ്ക്കട്ടെ |

ജനങ്ങൾ സന്മനസ്സുള്ളവരായിട്ട് പുരുഷായുസ്സ് മുഴുവൻ ജീവിയ്ക്കട്ടെ. രണ്ടായി വിചാരിയ്ക്കാതെ ഭൂമിയിൽ ഭക്തി ഭവിയ്ക്കട്ടെ. ഇഷ്ടപ്പെട്ട് ഭൂമിയെ മുഴുവൻ ലഭിച്ച വിദ്വാന്മാർക്ക് ബന്ധുവായിട്ട് ഗുണഗണങ്ങൾ അറിയുന്നവനായിട്ട് എല്ലാ സമയത്തിങ്കലും സുകൃതി (പുണ്യം) യുമായ ഭൂമണ്ഡലത്തെ സ്വായത്തമാക്കിയിട്ട് ഭവിയ്ക്കട്ടെ. അതിനായിക്കൊണ്ട് അങ്ങയുടെ അനുഗ്രഹം ഉണ്ടാകട്ടെ.

കൃഷ്ണ: ഏവമസ്തു - അപ്രകാരം ഭവിയ്ക്കട്ടെ
(ഇതിനിഷ്കാന്താസർവേ) എല്ലാവരും പോയി (ഇതിഷ്ഠോങ്കഃ)

